
# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

DECEMBER 2025 | Vol - 5 ● Issue - 12 ● 16 Page Tabloid | www.syromalabarvision.com




# പ്രത്യാശയുടെ ജൂബിലിവർഷം

**'പ്രത്യാശിക്കുക എന്നാൽ എന്താണെന്ന് എല്ലാവർക്കുമറിയാം. വരാനിരിക്കുന്ന നല്ല സംഗതികളെക്കുറിച്ചുള്ള ആഗ്രഹമായോ പ്രതീക്ഷയായോ അത് ഓരോ മനുഷ്യഹൃദയത്തിലും കുടികൊള്ളുന്നു.'**




**റവ. ഡോ. ജോർജ് കുടിലിൽ**
(ചീഫ് എഡിറ്റർ, ദീപിക ദിനപത്രം)


എഡി 1300 മുതൽ ഓരോ 25 വർഷം കൂടുമ്പോഴും ആചരിച്ചുപോരുന്ന ജൂബിലിവത്സരത്തിന് 2024 ഡിസംബർ 24ന് ഫ്രാൻസിസ് മാർപാപ്പ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ വിശുദ്ധ വാതിൽ തുറന്നതോടുകൂടെ തുടക്കമായി. ജൂബിലിവത്സരം പ്രഖ്യാപിച്ചുകൊണ്ടുള്ള മാർപാപ്പയുടെ വിളംബരം 2024 മേയ് 9 നാണു പ്രകാശിപ്പിച്ചത്. 'പ്രത്യാശ നിരാശരാക്കുന്നില്ല' (Spes non Confundit) എന്ന പേരിലുള്ള പ്രസ്തുത രേഖ ജൂബിലിവത്സരത്തിന്റെ മുഖ്യപ്രമേയമായ പ്രത്യാശയെപ്പറ്റിയാണ്. 'എല്ലാ സഹോദരീസഹോദരന്മാർക്കും പ്രത്യാശയുടെ ഏതെങ്കിലും തരത്തിലുള്ള സ്പർശനക്ഷമമായ അടയാളങ്ങളായി മാറാൻ നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു' എന്നാണ് മാർപാപ്പ സഭാംഗങ്ങളോടു പറയുന്നത്. യുദ്ധങ്ങൾ ഒഴിവാക്കാൻ നയതന്ത്രസാധ്യതകൾ ആരായുക, ദരിദ്രകോടികളുടെ ആവശ്യങ്ങൾ കേൾക്കാൻ നേതാക്കൾ തയാറാവുക, പാവപ്പെട്ട രാജ്യങ്ങളുടെ കടബാധ്യതകൾ ഇളച്ചുനൽകുക, തടവുകാരെ മോചിപ്പിക്കുക മുതലായ കാര്യങ്ങൾ മാർപാപ്പ ഊന്നിപ്പറയുകയും ചെയ്യുന്നു.

പ്രത്യാശയെക്കുറിച്ചുള്ള മനോഹരമായ ഒരു ധ്യാനമാണ് ഫ്രാൻസിസ് പാപ്പയുടെ ഈ പ്രഖ്യാപനം. അദ്ദേഹം പറയുന്നു: 'പ്രത്യാശിക്കുക എന്നാൽ എന്താണെന്ന് എല്ലാവർക്കുമറിയാം. വരാനിരിക്കുന്ന നല്ല സംഗതികളെക്കുറിച്ചുള്ള ആഗ്രഹമായോ പ്രതീക്ഷയായോ അത് ഓരോ മനുഷ്യഹൃദയത്തിലും കുടികൊള്ളുന്നു.' ലോകത്തിലെ കടുത്ത യാഥാർഥ്യങ്ങളെ മറന്നുകൊണ്ടല്ല അദ്ദേഹം ഇതു പറയുന്നത്. 'ക്രൈസ്തവ പ്രത്യാശ നമ്മെ ചതിക്കുകയോ നിരാശരാക്കുകയോ ചെയ്യുകയില്ല. കാരണം ദൈവസ്നേഹത്തിൽനിന്ന് നമ്മെ യാതൊന്നും തടയുകയില്ല എന്ന ഉറപ്പ് പ്രത്യാശയ്ക്കുണ്ട്.' പ്രത്യാശയിൽ നവീകരിക്കപ്പെടാനുള്ള ഒരവസരമായാണ് പരി. പിതാവ് ജൂബിലിവത്സരത്തെ കാണുന്നത്. നമ്മുടെ കർത്താവിനെ മുഖാമുഖം കാണുന്നതിനുള്ള തീർത്ഥാടനത്തിൽ പ്രത്യാശയാണു നമ്മുടെ സഹചാരി എന്ന് അദ്ദേഹം പറയുന്നു. ദൈവത്തിന്റെ കൃപയിൽ മാത്രമല്ല കാലത്തിന്റെ അടയാളങ്ങളിലും പ്രത്യാശ കണ്ടെത്താൻ സാധിക്കുമെന്നാണ് അദ്ദേഹം ഉദ്ബോധിപ്പിക്കുന്നത്.

## പ്രത്യാശയുടെ അടയാളങ്ങൾ

ലോകം യുദ്ധത്തിന്റെ ദുരന്തമുഖത്താണു നിൽക്കുന്നതെങ്കിലും സമാധാനത്തിനുവേണ്ടിയുള്ള ആഗ്രഹം വളരെ സജീവമാണ്. ഈ സമാധാനകാംക്ഷ തന്നെയാണ് പ്രത്യാശയുടെ ഒന്നാമത്തെ അടയാളമെന്ന് മാർപാപ്പ പറയുന്നു. പ്രാദേശിക സംഘർഷങ്ങൾക്കുപോലും ആഗോള പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നതുകൊണ്ട് അവ പരിഹരിക്കുന്നതിനു ലോകനേതാക്കൾ ഉത്സാഹിക്കണം. അതിനുള്ള അഭ്യർത്ഥനകൾ അവർ കേൾക്കാതിരിക്കരുത്. സമാധാനത്തിന്റെ ആവശ്യകത നമ്മുടെ മുമ്പിൽ വെല്ലുവിളി ഉയർത്തുന്നു. അതുകൊണ്ട് സമൂർത്തമായ നടപടികൾ കൈക്കൊണ്ടേ തീരൂ. സ്ഥായിയായ സമാധാനത്തിനുവേണ്ടി ചർച്ചകളിൽ ഏർപ്പെടാനുള്ള ഒരവസരവും പാഴാക്കരുത്.

ജീവൻ നിലനിർത്താനും പരിപോഷിപ്പിക്കാനുമുള്ള സന്നദ്ധതയാണ് രണ്ടാമത്തെ അടയാളം. പല രാജ്യങ്ങളിലും ജനനനിരക്ക് താഴ്ന്നുപോകുന്നത് ജീവനോടുള്ള പ്രതിപത്തിയുടെ അഭാവമാണു കാണിക്കുന്നത്. പ്രത്യാശ നിറഞ്ഞ ഒരു സാമൂഹ്യപരിതോവസ്ഥ സൃഷ്ടിക്കാൻ ക്രൈസ്തവർക്കു കൂടുതൽ ഉത്തരവാദിത്വമുണ്ട്. കുട്ടികളുടെ ആഹ്ലാദാരവം മുഴങ്ങുന്ന ഒരു ഭാവിയാണു നമ്മുടെ ലക്ഷ്യം.

ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് പ്രത്യാശയുടെ സ്പർശനക്ഷമമായ അടയാളങ്ങളായിത്തീരാൻ നമ്മൾ ക്ഷണിക്കപ്പെട്ടിരിക്കുന്നതായി പരി. പിതാവ് ഓർമിപ്പിക്കുന്നു; പ്രത്യേകിച്ചും ഈ ജൂബിലിവർഷത്തിൽ. അതിനുള്ള നിരവധി മാർഗങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്.

തടവുകാരോട് കാരുണ്യം കാണിക്കാൻ വിശ്വാസികൾ തയാറാവണം. തടവിൽനിന്നു വിടുതലോ മോചനമോ നൽകി സർക്കാരുകളും അവരുടെ പ്രത്യാശയെ ഉജ്ജീവിപ്പിക്കണം. വധശിക്ഷ ഒഴിവാക്കുന്നത് അഭിലഷണീയമാണ്. ഒരു ജയിലിൽ 'വിശുദ്ധ വാതിൽ' തുറക്കാനുള്ള ആഗ്രഹവും അദ്ദേഹം പ്രകടിപ്പിച്ചു.

വീടുകളിലോ ആശുപത്രികളിലോ ഉള്ള രോഗികളോടും വൃദ്ധരോടും കൂടുതൽ അടുപ്പവും കരുതലും പ്രദർശിപ്പിക്കാൻ വിശ്വാസികൾ ഉത്സാഹിക്കണം. അവരിൽ പലരും ഏകാന്തതയും പരിത്യക്തതാബോധവും അനുഭവിക്കുന്നവരാണ്.

ഇന്നത്തെ ലോകത്തിൽ യുവജനതയ്ക്ക് പ്രത്യാശയുടെ അടയാളങ്ങൾ നൽകുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജോലിയോ ജീവിത സുരക്ഷിതത്വമോ ഭാവിയെക്കുറിച്ചു യാഥാർഥ്യബോധത്തോടെയുള്ള സങ്കല്പമോ ഇല്ലാതെ മയക്കുമരുന്നിലോ മറ്റുപാധികളിലോ അഭയം തേടുന്ന, പ്രതീക്ഷ നശിച്ച യുവജനങ്ങളെ കാണുന്നതു വേദനാജനകമാണ്. അവരോടു കൂടുതൽ അടുക്കാനും അവരെ പ്രചോദിപ്പിക്കാനും ജൂബിലിവർഷത്തിൽ സഭ ശ്രദ്ധിക്കണം.

അഭയാർത്ഥികൾക്കും പ്രത്യാശയുടെ അടയാളങ്ങൾ നൽകാൻ സഭാംഗങ്ങൾ ശ്രദ്ധിക്കണം. കൂടുതൽ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ തേടിയാണ് അവർ ജന്മനാട് ഉപേക്ഷിച്ചു യാത്രയാകുന്നത്. അഭയാർത്ഥികളും നാടു കടത്തപ്പെട്ടവരും സ്ഥലം മാറുന്നവരുമൊക്കെ ജോലിക്കും വിദ്യാഭ്യാസത്തിനും സുരക്ഷിതത്വത്തിനുംവേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. അവരെ പുതിയ സാമൂഹ്യസാഹചര്യത്തിൽ സഹായിക്കാൻ സഭ തയാറാകണം.

ജീവിതത്തിന് അവശ്യംവേണ്ട വസ്തുക്കൾപോലും ഇല്ലാത്ത പാവങ്ങൾക്കുവേണ്ടിയാണ് തുടർന്ന് ഫ്രാൻസിസ് പാപ്പ സ്വരമുയർത്തുന്നത്. ലോകത്തിന്റെ വിഭവശേഷി ആയുധങ്ങൾക്കായി ഉപയോഗിക്കുകയും ഭൂരിപക്ഷം ജനങ്ങളും ദരിദ്രരായി കഴിയുകയും ചെയ്യുന്നത് ലജ്ജാകരമാണ്. ഭൂമിയുടെ വിഭവങ്ങൾ എല്ലാവർക്കുമായി വിഭജിക്കപ്പെടണം; ഒരു ന്യൂനപക്ഷമായ ധനികർക്കു മാത്രമായല്ല. ധനികർ കൂടുതൽ ഉദാരമതികളാകണം. സൈനികാവശ്യങ്ങളെക്കാൾ ദാരിദ്ര്യം അവസാനിപ്പിക്കാനും പാവപ്പെട്ട രാജ്യങ്ങളെ ഉദ്ധരിക്കാനും വിഭവശേഷി ഉപയോഗപ്പെടുത്തണം.

ധനികരാജ്യങ്ങൾ ദരിദ്രരാജ്യങ്ങളുടെ കടങ്ങൾ ഇളച്ചുകൊടുക്കാൻ സന്നദ്ധമാകണം. ഇത് ഔദാര്യത്തിന്റെയല്ല, നീതിയുടെ കാര്യമാണ്. പ്രകൃതിവിഭവങ്ങളുടെ ഉപയോഗത്തിൽ ഈ രണ്ടു വിഭാഗം രാജ്യങ്ങളും തമ്മിൽ വലിയ അന്തരമുണ്ട്. പാരിസ്ഥിതിക നാശത്തിൽ ഈ രാജ്യങ്ങളുടെ ഉത്തരവാദിത്വത്തിലും വ്യത്യാസമുണ്ട്.

## സഭൈക്യത്തിന്റെ പ്രത്യാശ

ജൂബിലിവർഷത്തിൽ തന്നെയാണ് നിഖ്യാ സൂനഹദോസിന്റെ 1700-ാമതു വാർഷികവും. വിശ്വാസപ്രമാണത്തിന്റെ ക്രോഡീകരണം വഴിയായി സഭകളുടെ ഐക്യം ഉറപ്പുവരുത്താൻ സാധിച്ചു. സഭൈക്യത്തിന്റെ വലിയ പ്രതീക്ഷ സജീവമാക്കാൻ ജൂബിലിവർഷം ഉതകണം. എല്ലാ സഭകളും ഒരേ ദിവസംതന്നെ ഉയിർപ്പുതിരുനാൾ ആഘോഷിക്കുന്നത് അർഥഗർഭമായ ഒരടയാളമാണ്.

ഫ്രാൻസിസ് മാർപാപ്പ കൂടെക്കൂടെ ഓർമിപ്പിച്ചിരുന്ന ഒരു കാര്യമാണ് അനുരഞ്ജനകൂദാശയുടെ പ്രാധാന്യം. കരുണയുടെ വർഷം എന്ന പേരിൽ ഒരു അസാധാരണ ജൂബിലിവർഷം (2015-2016) ആചരിക്കാൻ ഫ്രാൻസിസ് മാർപാപ്പയെ പ്രേരിപ്പിച്ചതും അനുരഞ്ജനകൂദാശയ്ക്കു കൂടുതൽ പ്രധാന്യം കൊടുക്കാനുമുള്ള താൽപര്യമാണ്. ജൂബിലിവർഷത്തിന്റെ ഏറ്റവും വലിയ ആത്മീയാനുകൂല്യമായ ദണ്ഡവിമോചനം വിശ്വാസികൾക്കു ലഭ്യമാക്കാൻ രൂപതാമെത്രാന്മാർ ശ്രദ്ധിക്കണമെന്നും മാർപാപ്പ ആഗ്രഹിക്കുന്നു. പാപികളായ മനുഷ്യർക്ക് പ്രത്യാശയും സമാധാനവും നൽകുന്ന അനുരഞ്ജനകൂദാശയെക്കുറിച്ചു പറയാനുള്ള ഉചിതമായ അവസരമാണ് ജൂബിലിവർഷം.

നമ്മുടെ വിശ്വാസത്തിന്റെ ഹൃദയവും നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനവും ഈശോയുടെ മരണവും ഉത്ഥാനവുമാണ് എന്നു പ്രസ്താവിച്ചുകൊണ്ടാണ് ഫ്രാൻസിസ് പാപ്പാ തന്റെ ജൂബിലി വിളംബരം അവസാനിപ്പിക്കുന്നത്. 'രക്ഷയെക്കുറിച്ചുള്ള ആ പ്രത്യാശ നമുക്കുള്ളതുകൊണ്ട് മനുഷ്യചരിത്രവും നമ്മുടെ ഓരോരുത്തരുടെയും ചരിത്രവും കാലപ്രവാഹത്തിൽ മുമ്പോട്ടു പോകുന്നത് ഒരു നിശ്ചല ബിന്ദുവിലേക്കോ തമോഗർത്തത്തിലേക്കോ അല്ല എന്ന ഉറപ്പ് നമുക്കുണ്ട്; മഹത്വത്തിന്റെ കർത്താവുമായുള്ള ഒരു സമാഗമത്തിലേക്കാണ് നമ്മുടെ യാത്ര.' ഈ മഹത്തായ പ്രത്യാശയെക്കുറിച്ചുള്ള അവബോധം പകരാൻ ഈ ജൂബിലിവർഷം ഓരോ സഭാംഗത്തെയും സഹായിക്കട്ടെ. അങ്ങനെ യഥാർഥത്തിൽ പ്രത്യാശയുടെ തീർഥാടകരാകാൻ അവർക്കു കഴിയട്ടെ. ■

## എഡിറ്റോറിയൽ

# പ്രത്യാശയോടെ ഐക്യത്തിൽ മുന്നോട്ട്

രണ്ടു മഹാസംഭവങ്ങളുടെ അനുസ്മരണാവസരമാണു നമ്മൾ പിന്നിടുന്നത്: നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ 2025-ാം വാർഷികവും എ ഡി 325ൽ ഏക കർത്താവിലുള്ള വിശ്വാസം സഭകൾ ഒരുമിച്ചു പ്രഖ്യാപിച്ച നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികവും. ആഗോളതലത്തിൽ സഭാകൂട്ടായ്മയുടെ സാധ്യതകൾ തുറന്നിടുന്ന സംഗമമാണ് പരിശുദ്ധ പിതാവു ലെയോ പതിനാലാമൻ മാർപാപ്പയുടെ സാന്നിധ്യത്തിൽ തുർക്കിയിലെ സുനദോസിന്റെ മണ്ണിൽ നടന്നത്.

'ആകാശത്തിനു കീഴിൽ മനുഷ്യരുടെ ഇടയിൽ നമ്മുടെ രക്ഷക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല' (അപ്പ. 4:12) എന്ന ആദിമസഭയുടെ വിശ്വാസപ്രഖ്യാപനം മനുഷ്യാവതാരരഹസ്യത്തിന്റെ ഉൾക്കാമ്പായിരുന്നു. ദൈവം മനുഷ്യനായി അവതരിച്ചു ചരിത്രത്തിന്റെ ഭാഗമായതു മനുഷ്യനെയും ചരിത്രത്തെയും അതിന്റെ പരിമിതികളിൽനിന്നു മോചിപ്പിച്ചുദൈവികമായ സ്വാതന്ത്ര്യത്തിലേക്കു വഴിനടത്തുന്നതിനാണ്. 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം!' എന്ന മാലാഖമാരുടെ കീർത്തനം മനുഷ്യാവതാരത്തിന്റെ സാർവത്രികതയെ സൂചിപ്പിക്കുന്നു. സഹസ്രാബ്ദങ്ങൾക്കുശേഷവും ഈശോ എന്ന നാമവും ഈശോയുടെ സഭയും ഈശോയുടെ ഈ ഭൂമിയിലെ പ്രതിപുരുഷനും മാറ്റിനിറുത്തപ്പെടാനാവാത്ത യാഥാർഥ്യങ്ങളായി ഇന്നും നിലകൊള്ളുന്നു.

നിഖ്യാ സൂനഹദോസു വിളിച്ചുകൂട്ടിയത് ഭരണപരമായ കാര്യങ്ങൾ ഏകീകരിക്കുന്നതിനുവേണ്ടിയായിരുന്നില്ല, മറിച്ചു സഭയുടെ വിശ്വാസസത്യം സംരക്ഷിക്കുന്നതിനും അതുവഴി സഭാപരമായ ഐക്യം ഉറപ്പിക്കുന്നതിനുമായിരുന്നു. ഈശോമിശിഹാ ആരാണ് എന്നതായിരുന്നു പ്രശ്നത്തിന്റെ കാതൽ. പുത്രൻ 'പിതാവിനോട് ഒരേ സത്തയുള്ളവൻ' എന്ന് ഉറപ്പിച്ചുപറഞ്ഞുകൊണ്ട്, ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള സാർവത്രികസഭയുടെ വിശ്വാസത്തെ കൗൺസിൽ പ്രഖ്യാപിച്ചു. നിഖ്യാ വിശ്വാസപ്രമാണം ക്രൈസ്തവവിശ്വാസത്തിന്റെ ആദ്യത്തെ ഔപചാരികവും കാലദേശങ്ങൾക്കതീതമായി എല്ലാ വിശ്വാസികൾക്കും ബാധകമായ വിശ്വാസത്തിന്റെ പ്രഖ്യാപനമായി മാറി. ഈ അർഥത്തിൽ, നിഖ്യാ സൂനഹദോസു സഭയുടെ വിശ്വാസത്തിനു ശബ്ദംനല്കിയെന്ന് പറയുന്നതു തികച്ചും അർഥപൂർണമാണ്.

സിനഡൽ കൂട്ടായ്മയുടെ ചലനാത്മകതയ്ക്ക് നിഖ്യാ സൂനഹദോസ് ഉദാഹരണമാണ്. സിനഡുപിതാക്കന്മാരുടെ കൂട്ടായ വിവേചനം വെറും മാനുഷികമായ ചർച്ചയായിരുന്നില്ല, മറിച്ച് ആത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തിലുള്ള പങ്കാളിത്തമായിരുന്നു. 'പരിശുദ്ധാത്മാവിനും ഞങ്ങൾക്കും ഇത് നല്ലതായി തോന്നി' (അപ്പ. 5:28) എന്ന തുറവിയുടെ പ്രകടനം. ആഴത്തിലുള്ള, ഭിന്നിപ്പിക്കുന്ന പ്രതിസന്ധികളുടെ സാഹചര്യത്തിൽ നിഖ്യാ സൂനഹദോസ് സ്വീകരിച്ച പ്രശ്നപരിഹാരശൈലി വർത്തമാനകാലത്തിന്റെ സങ്കീർണതകളെ നേരിടാൻ നമ്മളും സ്വായത്തമാക്കേണ്ടതിന്റെ ആവശ്യകത കൂടുതൽ ശക്തമായി ഉയർന്നുവരുന്നു. സിനഡൽ ചൈതന്യത്തിൽ സഹോദര്യത്തോടെ ഒരുമിച്ചുകൂടാനും കൂട്ടായ്മയിൽ പ്രാർഥിക്കാനും തുറവിയോടെ സംവദിക്കാനും സാധിച്ചാൽ സങ്കീർണ്ണമായ മത, സാമൂഹിക, രാഷ്ട്രീയ, വെല്ലുവിളികൾ നേരിടുന്ന നിലവിലെ സാഹചര്യത്തിൽ, ബാഹ്യസമ്മർദ്ദങ്ങളും ആഭ്യന്തരഭിന്നതകളും നമ്മെ ദുർബലപ്പെടുത്താതിരിക്കുന്നതിനും നമ്മെ ഭരമേല്പിച്ചിരിക്കുന്ന ദൈവജനത്തിന്റെ സമഗ്രമായ സുസ്ഥിതി ഉറപ്പാക്കുന്നതിനും സഹായമാകും എന്നുറപ്പാണ്.

മനുഷ്യാവതാരത്തിന്റെ മഹനീയഫലങ്ങൾ പുറപ്പെടുവിക്കുന്ന ഒരു വിശ്വാസസമൂഹമായി ലോകമാസകലമുള്ള ക്രൈസ്തവർ മാറുന്നതിനു കാരണവും പ്രേരകശക്തിയുമായിമാറുന്നതു മനുഷ്യനായി അവതരിച്ച ഏക കർത്താവിലുള്ള വിശ്വാസമാണ്. സംവിധാനങ്ങൾക്കും ഭരണക്രമങ്ങൾക്കും അധികാരനിർവചനങ്ങൾക്കും അതീതമായി ഈശോയും അവിടുത്തെ സുവിശേഷവും പ്രഥമസ്ഥാനത്ത് എത്തിയാൽ അത് ഐക്യത്തിലേക്കുള്ള തെറ്റാത്ത വഴിയാകും. നിഖ്യാ സൂനഹദോസിൽ പങ്കെടുത്ത സഭാപിതാക്കന്മാരുടെ വിശ്വാസപ്രതിബദ്ധതയും കാഴ്ചപ്പാടുകളിലെ വിശാലതയും ദീർഘവീക്ഷണവും ഈ കാലഘട്ടത്തിൽ ഓരോ ക്രൈസ്തവനും പഠിക്കേണ്ട പാഠങ്ങളായി കണക്കാക്കി ഏക കർത്താവിലുള്ള വിശ്വാസം പ്രഘോഷിച്ചുകൊണ്ടു പ്രത്യാശയോടെ ഐക്യത്തിന്റെ വഴിയിൽ സുവിശേഷചൈതന്യത്തിൽ നമുക്കു യാത്ര തുടരാം! ■

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**എക്സിക്യൂട്ടിവ് എഡിറ്റർ**
ഫാ. ടോം ഓലിക്കരോട്ട്
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ
**എഡിറ്റോറിയൽ ബോർഡ്**

| | |
|---|---|
| ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ | ഡോ. ചാക്കോ കാളംപറമ്പിൽ |
| ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ | ഡോ. കൊച്ചുറാണി ജോസഫ് |
| ഫാ. ജിഫി മേക്കാട്ടുകളം | സി. നവ്യ ടോം DST |
| ഫാ. ജോഷി പാണംപറമ്പിൽ | സി. റോസ്മിത SMC |
| ഫാ. മാത്യു തുരുത്തിപ്പള്ളി | സി. ജെസ്സി മരിയ OP |

**ഡിസൈൻ & പ്രിന്റ്**: ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്**: ജോബ് ജോസഫ്

For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

## ഓർമിക്കാനൊരു ദിനം

**ഡിസംബർ 1:** ഇരുപത്തഞ്ച് നോമ്പാരംഭം
**ഡിസംബർ 3:** വിശുദ്ധ ഫ്രാൻസിസ് സേവ്യർ
**ഡിസംബർ 6:** വിശുദ്ധ അംബ്രോസ്
**ഡിസംബർ 8:** പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ
**ഡിസംബർ 9:** മാർ ലൂയീസ് പഴേപ്പറമ്പിൽ മെത്രാന്റെ ചരമം (1919)
**ഡിസംബർ 13:** കുരിശിന്റെ വിശുദ്ധ യോഹന്നാൻ
**ഡിസംബർ 18:** മൈലാപ്പൂരിലെ അദ്ഭുതസ്ലീവ
**ഡിസംബർ 19:** മാർ യോഹന്നാൻ മേനാച്ചേരിൽ മെത്രാന്റെ ചരമം (1919)
**ഡിസംബർ 21:** സീറോമലബാർ ഹയരാർക്കിയുടെ സ്ഥാപനം (1923)
**ഡിസംബർ 25:** നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ
**ഡിസംബർ 26:** വിശുദ്ധ എസ്തപ്പാനോസ്
**ഡിസംബർ 27:** വിശുദ്ധ യോഹന്നാൻ ശ്ലീഹ
**ഡിസംബർ 28:** കുഞ്ഞിപ്പൈതങ്ങൾ
**ഡിസംബർ 31:** വർഷാവസാനം

## നാമഹേതുകതിരുനാൾ മംഗളങ്ങൾ

**ഡിസംബർ 26**


മാർ സ്റ്റീഫൻ ചിറപ്പണത്ത്

**ഡിസംബർ 27**


മാർ ജോൺ വടക്കേൽ



മാർ ജോൺ നെല്ലിക്കുന്നേൽ


മാർ ജോൺ പനംതോട്ടത്തിൽ

വഴികാട്ടികൾ

# മിലാനിലെ വി. അംബ്രോസ്

റവ.ഡോ. അലക്സ് സെബാസ്റ്റ്യൻ കൊല്ലംകളം



റോമിലെ പരമ്പരാഗത ക്രിസ്ത്യൻ കുടുംബാംഗമായ മിലാനിലെ വിശുദ്ധ അംബ്രോസ് തന്റെ പിതാവ് അംബ്രോസിയസ്, ഗാലിയായുടെ പ്രിഫെക്ട് ആയിരുന്നപ്പോൾ ക്രിസ്തുവർഷം 340-ൽ ഗാലിയായുടെ തലസ്ഥാനമായ ട്രിയറിൽ ജനിച്ചു. എ.ഡി 354-ൽ പിതാവിന്റെ അകാലനിര്യാണത്തെത്തുടർന്ന് അമ്മയോടും രണ്ടുസഹോദരരോടുമൊപ്പം റോമിൽ മടങ്ങിയെത്തിയ അദ്ദേഹം നിയമത്തിൽ പ്രാവീണ്യം നേടി അറിയപ്പെടുന്ന ഒരു അഭിഭാഷകനായി. നിയമത്തിലുള്ള അദ്ദേഹത്തിന്റെ പ്രാഗത്ഭ്യം തിരിച്ചറിഞ്ഞ വലൻതീനൂസ് ചക്രവർത്തി അംബ്രോസിനെ ലിഗൂരിയ-എമിലിയായുടെ ഗവർണറായി 370-ൽ നിയമിച്ചതിനെ തുടർന്ന് മിലാനിലെ ഔദ്യോഗിക വസതിയിലേക്ക് താമസം മാറ്റി.

ഇരുപതുവർഷത്തെ സഭാവിരുദ്ധഭരണത്തിനുശേഷം മിലാൻ മെത്രാനും ആരിയൻപക്ഷക്കാരനുമായ ഔക്സെൻസൂസ് 374-ൽ മരിച്ചപ്പോൾ പുതിയ മെത്രാനെ തിരഞ്ഞെടുക്കാൻ മറ്റുമെത്രാന്മാർ ചക്രവർത്തിയുടെ സഹായംതേടി. ആ ഉത്തരവാദിത്വം ഗവർണറായ അംബ്രോസിൽ ഭരമേല്പിക്കപ്പെട്ടു. വ്യത്യസ്തധ്രുവങ്ങളിൽ നിന്നിരുന്ന ആരിയൻചിന്താഗതിക്കാരെയും നിഖ്യാപക്ഷക്കാരെയും ഒരുമിപ്പിക്കാൻ ശ്രമിച്ച അംബ്രോസ്തന്നെ അടുത്തമെത്രാനാകണമെന്ന് ഇരുകൂട്ടരും ഐകകണ്ഠ്യേന ആവശ്യപ്പെട്ടു. അപ്പോൾ ഒരു മാമ്മോദീസാർഥി മാത്രമായിരുന്ന അദ്ദേഹം മാമ്മോദീസായും മറ്റുകൂദാശകളും സ്വീകരിച്ച് 374 ഡിസംബർ ഏഴിന് മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടതിനെ തുടർന്ന് തന്റെ സമ്പാദ്യങ്ങളെല്ലാം വിറ്റ് പാവങ്ങൾക്ക് വിതരണം ചെയ്തു. ദൈവശാസ്ത്രത്തിലുള്ള തന്റെ പ്രാഗത്ഭ്യക്കുറവ് പരിഹരിക്കാൻ അദ്ദേഹം വിശുദ്ധ ഗ്രന്ഥവും സഭാപിതാക്കന്മാരെയും (പ്രത്യേകിച്ച് ഒരിജനെയും വി. ബേസിലിനെയും) പഠിക്കാൻ തുടർന്നുള്ള സമയം മാറ്റിവച്ചു. വി. ആഗസ്തീനോസിനെ മാനസാന്തരപ്പെടുത്തി മാമ്മോദീസാ നല്കിയതും വി. അംബ്രോസാണ്. ഗ്രീക്കുഭാഷയിലും സാഹിത്യത്തിലുമുള്ള പ്രാവീണ്യം ഗ്രീക്കുദൈവശാസ്ത്രവുമായി തുറന്ന ആശയവിനിമയത്തിന് അദ്ദേഹത്തിന് സഹായകമായി. ആരിയൻ പാഷണ്ഡതക്കെതിരെ ശക്തമായ നിലപാടെടുത്ത അദ്ദേഹം 385-86 കാലഘട്ടത്തിൽ ആരിയൻസിനായി ഒരു കത്തോലിക്കാ ദൈവാലയം വിട്ടുകൊടുക്കാനുള്ള ചക്രവർത്തിയുടെ നിർദ്ദേശം ധൈര്യപൂർവ്വം അവഗണിച്ചു. 397-ൽ ഇഹലോകവാസം വെടിയുന്നതുവരെ അദ്ദേഹം മിലാന്റെ മെത്രാനായിരുന്നു.

മിലാന്റെ മെത്രാനായ അംബ്രോസ് തന്റെ സമകാലികനാണെന്നും ഇപ്പോഴും ജീവനോടെയുള്ള അദ്ദേഹത്തെക്കുറിച്ച് താൻ ഒരു വിലയിരുത്തൽ നടത്തുന്നില്ലെന്നും വി. ജെറോം സാക്ഷ്യംനല്കുന്നുണ്ട്. (DVI124). വി. ആഗസ്തീനോസിനും വി. ജെറോമിനും വി.ഗ്രിഗറി മാർപാപ്പയ്ക്കുമൊപ്പം ലത്തീൻസഭാപിതാക്കന്മാരിൽ മഹാനായി ഗണിക്കപ്പെടുന്ന അദ്ദേഹത്തെ വേദപാരംഗതനായി പ്രഖ്യാപിച്ച സഭ ആ വിശുദ്ധ ജീവിതത്തിന് ഔദ്യോഗിക അംഗീകാരവും നല്കി. മിലാൻ പട്ടണത്തിന്റെ മധ്യസ്ഥനായിക്കൂടി അദ്ദേഹം അംഗീകരിക്കപ്പെടുന്നു. ■

വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

**മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ**

# മരിയഭക്തിക്കൊരു മാർഗരേഖ



സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പയുടെ അംഗീകാരത്തോടെ റോമിലെ വിശ്വാസതിരുസംഘം പ്രസിദ്ധീകരിച്ച 'വിശ്വാസികളുടെ സമൂഹത്തിന്റെ മാതാവ്' (Mater Populi fidelis) എന്ന പ്രബോധനം വഴി പരിശുദ്ധ കന്യകാമറിയത്തെ സഹരക്ഷക (Coredemtprix) എന്നു വിശേഷിപ്പിക്കുന്നത് ദൈവശാസ്ത്രപരമായി ഉചിതമല്ല എന്നും 'കൃപാവരത്തിന്റെ മാതാവ്' എന്നും 'മധ്യസ്ഥ' എന്നുമുള്ള വിശേഷണങ്ങൾ വിവേകപൂർവം ഉപയോഗിക്കണം എന്നും പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. കത്തോലിക്കാസഭ മാതാവിനു ബഹുമാനത്തിൽനിന്നു പിന്നോട്ടു പോവുകയാണെന്നും പ്രൊട്ടസ്റ്റന്റ് നൽകിയിരുന്ന ആശയങ്ങൾ അംഗീകരിക്കുകയാണെന്നുമുള്ള തെറ്റിധരിപ്പിക്കുന്ന ചർച്ചകളും വ്യാഖ്യാനങ്ങളും സാമൂഹികമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നതും നിങ്ങൾ ശ്രദ്ധിച്ചുകാണുമല്ലോ.

എന്നാൽ, പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള തിരുസഭയുടെ അടിസ്ഥാനപ്രബോധനങ്ങളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല എന്ന് വ്യക്തമായി നാം മനസ്സിലാക്കേണ്ടതുണ്ട്. പരിശുദ്ധ അമ്മയെക്കുറിച്ച് നാല് വിശ്വാസസത്യങ്ങളാണ് തിരുസഭ ആധികാരികമായി പഠിപ്പിക്കുന്നത്. പരിശുദ്ധ കന്യകാമറിയം ദൈവമാതാവും നിത്യകന്യകയും അമലോദ്ഭവയും സ്വർഗാരോപിതയുമാണ് എന്നതാണ് ആ വിശ്വാസസത്യങ്ങൾ. ഈ നാല് സത്യങ്ങളും മാറ്റമില്ലാതെ തിരുസഭ ഇന്നും പ്രഘോഷിക്കുന്നു. അതേസമയം, പരിശുദ്ധ കന്യകാമറിയത്തെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന ചില പദങ്ങളിൽ കടന്നുകൂടിയിട്ടുള്ള ദൈവശാസ്ത്രപരമായ വ്യതിയാനങ്ങളെ തിരുത്താനാണ് പുതിയ പ്രബോധനരേഖ ലക്ഷ്യംവയ്ക്കുന്നത്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രന് ജന്മം കൊടുക്കുകവഴി ദൈവമാതാവായ പരിശുദ്ധ കന്യകാമറിയം നമ്മുടെയും അമ്മയാണ്. മറിയത്തിന്റെ ആത്മീയമാതൃത്വത്തോടു ചേർന്നു നിൽക്കാനുള്ള ആഹ്വാനമാണ് ഈ പ്രബോധനരേഖയുടെ ഹൃദയം.

അതോടൊപ്പംതന്നെ തെറ്റിധാരണയ്ക്ക് ഇടയാക്കാവുന്ന വിശേഷണങ്ങളെ വിവേകപൂർവം ഒഴിവാക്കാനും ഈ പ്രബോധനരേഖ ആവശ്യപ്പെടുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 'സഹരക്ഷക' (coredemtprix) എന്ന വിശേഷണം ഒഴിവാക്കാനുള്ള നിർദേശമാണ്. ഇതിനെ പുതിയൊരു നിർദേശമായി വ്യാഖ്യാനിക്കുന്നത് ശരിയല്ല. തിരുസഭ ഒരിക്കലും പരിശുദ്ധ കന്യകാമറിയം സഹരക്ഷകയാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കുകയോ, പഠിപ്പിക്കുകയോ ചെയ്തിട്ടില്ല. മറിയത്തോടുള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കാൻ ചില മരിയഭക്തർ പരിശുദ്ധ അമ്മയെ സഹരക്ഷക എന്ന് വിശേഷിപ്പിച്ചിരുന്നു എന്നത് വസ്തുതയാണ്. എന്നാൽ വിശേഷണം ദൈവശാസ്ത്രപരമായി തെറ്റിധാരണകൾക്കു കാരണമാകുമെന്നത് ചൂണ്ടിക്കാണിക്കുകയാണ് പുതിയ പ്രബോധന രേഖ ചെയ്യുന്നത്.

**കത്തോലിക്കാസഭ മാതാവിനു നല്കുന്ന ബഹുമാനത്തിൽ നിന്നു പിന്നോട്ടു പോവുകയാണെന്നും പ്രൊട്ടസ്റ്റന്റുകാർ നൽകിയിരുന്ന ആശയങ്ങൾ അംഗീകരിക്കുകയാണെന്നുമുള്ള തെറ്റിദ്ധരിപ്പിക്കുന്ന ചർച്ചകളും വ്യാഖ്യാനങ്ങളും സാമൂഹികമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്ന സാഹചര്യത്തിൽ പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള തിരുസഭയുടെ അടിസ്ഥാനപ്രബോധനങ്ങളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല എന്നു വ്യക്തമാക്കിക്കൊണ്ടുള്ള സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിലിന്റെ സർക്കുലർ.**

'മറിയം സഹരക്ഷകയാണ് എന്നു പറയുമ്പോൾ മിശിഹായുടെ രക്ഷാകർമ്മം അതിൽത്തന്നെ അപൂർണ്ണമാണെന്നും മറിയത്തിന്റെ സഹായം കൂടാതെ സാധ്യമാവുകയില്ലായിരുന്നു എന്നും തെറ്റിധരിക്കാനുള്ള സാധ്യതയുണ്ട്. അല്ലെങ്കിൽ ഈശോയും മറിയവും ചേർന്നാണ് മനുഷ്യരക്ഷ സാധ്യമാക്കിയത് എന്ന് ചിന്തിക്കാനും ഇടയായേക്കാം. മനുഷ്യകുലത്തിന്റെ രക്ഷയിൽ ഈശോ വഹിച്ച അതുല്യമായ സ്ഥാനത്തിന്റെ മഹത്വത്തിനു ഭംഗംവരുത്താൻ ഇത്തരം തെറ്റിധാരണകൾ ഇടവരുത്തിയേക്കാമെന്നുള്ളതുകൊണ്ടാണ് ഈ പരാമർശം ഒഴിവാക്കണമെന്ന് പ്രബോധനരേഖ നിർദേശിക്കുന്നത്. ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ മറിയം വഹിച്ച നിർണ്ണായകമായ പങ്കിനെ പുതിയ പ്രബോധനരേഖ യാതൊരു വിധത്തിലും നിഷേധിക്കുന്നില്ല. മറിയം ദൈവഹിതത്തിനു തന്നെത്തന്നെ വിട്ടുകൊടുക്കുകയും ഈശോയുടെ അമ്മയാകാൻ സഹനപൂർവം സന്നദ്ധയാവുകയും ചെയ്തു. മറിയം 'ദൈവികപദ്ധതിയോടു സഹകരിച്ചു' എന്നതും 'സഹരക്ഷകയാണ്' എന്നതും തമ്മിൽ വ്യത്യാസമുണ്ട്. വിശ്വാസംകൊണ്ടും അനുസരണംകൊണ്ടും സ്വാതന്ത്ര്യത്തോടെ ദൈവത്തിന്റെ ക്ഷോകർമ്മത്തിൽ സഹകാരിണിയായി എന്നതാണു പരിശുദ്ധ അമ്മയുടെ മഹത്വം.

അതുപോലെ തന്നെ, മറിയത്തെ 'കൃപാവരത്തിന്റെ അമ്മ' എന്നു വിശേഷിപ്പിക്കുമ്പോൾ എല്ലാ കൃപകളും മറിയത്തിൽനിന്നാണ് ഉദ്ഭവിക്കുന്നത് എന്നൊരു ധ്വനി അതിനുണ്ടാകാം എന്ന വസ്തുതയും പ്രബോധനരേഖ ചൂണ്ടിക്കാണിക്കുന്നുണ്ട്. 'സകല കൃപകളുടെയും മധ്യസ്ഥ' എന്ന പ്രയോഗവും പരിമിതികളുള്ളതാണ്. സകല കൃപകളുടെയും ഉറവിടം ദൈവം മാത്രമാണ്. ഏകജാതനായ മിശിഹാ എല്ലാ കൃപകളും വർഷിക്കുന്നത് അവിടന്നു സ്ഥാപിച്ച തിരുസഭയിലെ പരിശുദ്ധ കൂദാശകളിലൂടെയാണ്. ഈ വിശ്വാസരഹസ്യത്തിന്റെ സമഗ്രതയെ പരിരക്ഷിക്കാൻ 'കൃപാവരത്തിന്റെ അമ്മ' എന്ന പ്രയോഗം ഒഴിവാക്കുന്നതാണ് അഭിലഷണീയമെന്നു പ്രബോധനരേഖ ചൂണ്ടിക്കാണിക്കുന്നു.

വലിയ വിവേകവും ശ്രദ്ധയും ആവശ്യമുള്ള ഒരു പ്രയോഗമാണ് 'മധ്യസ്ഥയായ മാതാവ് എന്നത്. പരിശുദ്ധ മറിയം നമുക്കായി ദൈവസന്നിധിയിൽ മാധ്യസ്ഥ്യം വഹിക്കുന്നു എന്നതിൽ സംശയമില്ല. നമുക്കുവേണ്ടി മാധ്യസ്ഥ്യം അപേക്ഷിക്കാൻ മാതാവിനു കഴിയുമെന്നു പറയുന്നതും 'അവൾ മധ്യസ്ഥയാണ്' എന്നു വിശേഷിപ്പിക്കുന്നതും തമ്മിലുള്ള ദൈവശാസ്ത്രപരമായ വ്യത്യാസത്തെയാണ് പ്രബോധനരേഖ ചൂണ്ടിക്കാണിക്കുന്നത്. ദൈവത്തിനും മനുഷ്യനും ഇടയിൽ ഏക മധ്യസ്ഥനായി ഈശോമിശിഹാ മാത്രമാണുള്ളത്. മിശിഹായുടെ ഏകമാധ്യസ്ഥ്യത്തിനു സമാനമായി മാതാവിന്റെ മാധ്യസ്ഥ്യാപേക്ഷയെ അവതരിപ്പിക്കരുത് എന്നതാണ് തിരുസഭയുടെ ബോധ്യം. ഈശോമിശിഹാ 'ഏക മധ്യസ്ഥൻ' ആയിരിക്കുന്നത് അവിടുന്ന് ഒരേ സമയം പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണ് എന്നതുകൊണ്ടാണ്. ദൈവത്തിനും മനുഷ്യനും ഇടയിൽ മധ്യസ്ഥ്യത പുലർത്തുന്ന മറ്റാരുമില്ല. എന്നതാണ് 'മിശിഹാ ഏക മധ്യസ്ഥൻ' എന്നതിന്റെ അർഥം. ഈ വ്യത്യാസത്തെ വ്യക്തമായി അവതരിപ്പിക്കാതെ, 'മധ്യസ്ഥ' എന്നു മറിയത്തെ വിളിക്കുന്നത് തെറ്റിധാരണകൾക്ക് ഇടവരുത്തും. ചുരുക്കത്തിൽ ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ഈശോമിശിഹായുടെ അതുല്യമായ അനന്യശ്രേഷ്ഠതയെ (uniqueness) ഊന്നിപ്പറയുകയാണ് ഈ പ്രബോധനരേഖയുടെ ലക്ഷ്യം. പരിശുദ്ധ മറിയത്തോടുള്ള തിരുസഭയുടെ പരമ്പരാഗതഭക്തിയെ പരിപോഷിപ്പിക്കുന്നതും ശരിയായ ദിശാബോധം നൽകുന്നതുമാണ് പുതിയ പ്രബോധനരേഖ.

പരിശുദ്ധ കന്യകാമറിയം തിരുസഭയിൽ ഉന്നതമായ വണക്കത്തിനു (hyperdulia) യോഗ്യയാണ്. കുരിശിന്റെ ചുവടുവരെ ഈശോയെ അനുഗമിക്കാൻതക്ക വിശ്വാസബോധ്യവും ആത്മധൈര്യവും മറിയത്തിനുണ്ടായിരുന്നു. തന്റെ മരണത്തിനു മുൻപു കുരിശിൽ വച്ച് ഈശോ വിശ്വാസികൾക്കെല്ലാം അമ്മയായി പരിശുദ്ധ മറിയത്തെ നൽകിയതാണ് (യോഹ. 19:27). തിരു സഭയുടെ മാതാവും പ്രതീകവുമാകയാൽ പരിശുദ്ധ മറിയത്തിന്റെ ജീവിതം സഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്. ആത്മശരീരങ്ങളോടെ പരിശുദ്ധ കന്യകാമറിയം സ്വർഗത്തിലേക്കു സ്വീകരിക്കപ്പെട്ടെങ്കിൽ മറിയത്തെ അനുകരിക്കുന്ന സഭ മുഴുവനും അതേ സ്വർഗപ്രവേശനത്തിന് അർഹമാണ്. പരിശുദ്ധ അമ്മയോടുള്ള ഭക്തി പ്രകടമാക്കുന്ന ജപമാലയും നൊവേനകളും ഉത്തരീയഭക്തിയും കത്തോലിക്കാസഭയിൽ യാതൊരു മാറ്റവുമില്ലാതെ തുടരുന്നതാണ്. രക്ഷാകരപദ്ധതിയിൽ ഈശോയും മറിയവും വഹിച്ച പങ്കിനെ നിയതമായി നിർവചിക്കുന്ന ഈ പ്രബോധനരേഖയെ ദുർവ്യാഖ്യാനം ചെയ്യുന്നവരുടെ നിക്ഷിപ്ത താൽപര്യങ്ങൾക്കും തെറ്റായ പഠനങ്ങൾക്കുമെതിരെ നമ്മൾ അതീവജാഗ്രത പാലിക്കണമെന്നും ഓർമ്മിപ്പിക്കട്ടെ.

പരിശുദ്ധ അമ്മയുടെ പ്രാർഥനവഴിയായി നിങ്ങളെല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

*(കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2025-ാം ആണ്ട് നവംബർ മാസം എട്ടാം തീയതി നൽകപ്പെട്ടത്.)* ■



# പ്രത്യാശയുടെ ജൂബിലി വർഷം; കാലത്തിന്റെ അനിവാര്യത

**ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ച 2025ലെ ജൂബിലി വർഷം, വിശുദ്ധ ഗ്രന്ഥ വിജ്ഞാനീയത്തെയും സമകാലിക ധാർമിക വെല്ലുവിളികളെയും ബന്ധിപ്പിക്കുന്ന സുപ്രധാന നിമിഷമാണ്. കടമിടപാടുകളിലെ നീതി, പരിസ്ഥിതി തകർച്ച, കുടിയേറ്റം, ദാരിദ്ര്യം, സാമൂഹികഅസമത്വം എന്നിവയുൾപ്പെടെ അടിയന്തിരശ്രദ്ധ ആവശ്യമുള്ള ധാർമിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനാൽ 2025 ലെ ജൂബിലി കാലത്തിന്റെ അനിവാര്യതയാണ്. സഭയുടെ ഈ പുരാതനപാരമ്പര്യം സമകാലികധാർമിക ആവശ്യകതകളോട് എങ്ങനെ പ്രതികരിക്കുന്നു എന്ന് വിശകലനം ചെയ്തുകൊണ്ട് 2025ലെ ജൂബിലി വർഷത്തിന്റെ ധാർമികമാനങ്ങളാണ് ഈ ലേഖനം പരിശോധിക്കുന്നത്.**



റവ. ഡോ അഗസ്റ്റ്യൻ ചേന്നാട്ട്
(പ്രൊഫസർ, മംഗലപ്പുഴ സെമിനാരി)




## vi. ഗ്രന്ഥപരവും ദൈവശാസ്ത്രപരവുമായ അടിസ്ഥാനങ്ങൾ

ജൂബിലി എന്ന ആശയം ആദ്യമായി കാണാൻ സാധിക്കുന്നത് പഴയ നിയമത്തിൽ പ്രത്യേകിച്ച് ലേവ്യരുടെ പുസ്തകം 25-ാം അധ്യായത്തിലാണ്. "അൻപതാം വർഷത്തെ നീ വിശുദ്ധീകരിക്കണം. ദേശവാസികൾക്കെല്ലാം സ്വാതന്ത്ര്യം പ്രഖ്യാപിക്കണം. അതു നിങ്ങൾക്കു ജൂബിലി വർഷമായിരിക്കും. ഓരോരുത്തർക്കും തങ്ങളുടെ സ്വത്ത് തിരികേ ലഭിക്കണം. ഓരോരുത്തരും തങ്ങളുടെ കുടുംബത്തിലേക്കു മടങ്ങിപ്പോകട്ടെ." (ലേവ്യ 25:10) ഈ ദൈവകല്പന സാമൂഹികപുനഃക്രമീകരണത്തിനും സാമ്പത്തിക അസമത്വങ്ങൾ ശാശ്വതമായി വേരൂന്നാതിരിക്കുന്നതിനും നവീകരണവും പുനരുദ്ധാരണവും സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും അനുഭവവേദ്യമാകുന്നതിനും ഉതകുന്ന ഒരു ദൈവികസംവിധാനമായാണ് ജൂബിലിയെ സ്ഥാപിച്ചത്.

അതുപോലെ നിയമാവർത്തന പുസ്തകം 15:12 ൽ പറയുന്നു: "ഓരോ ഏഴുവർഷം തികയുമ്പോഴും ഋണമോചനം നൽകണം". ഈ ദൈവകൽപന ഒരു വ്യക്തിക്കോ കുടുംബത്തിനോ വേണ്ടി ആയിരുന്നില്ല മറിച്ച് എല്ലാവർക്കും നീതിയും സമത്വവും വിമോചനവും ഉറപ്പാക്കിക്കൊണ്ടുള്ള സാമൂഹിക പരിവർത്തനത്തെ ലക്ഷ്യംവച്ചുകൊണ്ടായിരുന്നു. ബൈബിളിലെ ജൂബിലി അടിസ്ഥാനപരമായി വിഭാവനം ചെയ്യുന്നത് ദൈവത്തോടും സഹോദരങ്ങളോടും സൃഷ്ടികളോടുമുള്ള ശരിയായ ബന്ധം പുനഃസ്ഥാപിക്കുക എന്നതാണ്. പുതിയനിയമത്തിൽ ലൂക്കയുടെ സുവിശേഷം 4:18-19ൽ ഈശോ തന്റെ ദൗത്യത്തെ ജൂബിലിപാരമ്പര്യവുമായി വ്യക്തമായി ബന്ധിപ്പിക്കുന്നുണ്ട്.

## കടമിടപാടുകളിലെ നീതി

2025-ലെ ജൂബിലിയുടെ ഏറ്റവും പ്രധാനപ്പെട്ട വിഷയം കടങ്ങൾ റദ്ദാക്കുന്നതിനും സാമ്പത്തിക നീതിക്കും വേണ്ടിയുള്ള ആഹ്വാനമാണ്. സമ്പന്നരാജ്യങ്ങൾ ദരിദ്രരാജ്യങ്ങളുടെ കടങ്ങൾ ഇളച്ചുകൊടുക്കേണ്ടത് ഔദാര്യത്തിന്റെ പുറത്തല്ല, മറിച്ചു നീതിയുടെ പുറത്തായിരിക്കണമെന്നാണ് ഫ്രാൻസിസ് പാപ്പ തന്റെ ബൂളയിൽ അടിവരയിട്ടുപറയുന്നത്. കടങ്ങൾ ഇളവുചെയ്യുന്നതിനെ സംബന്ധിച്ചുള്ള ധാർമിക വാദഗതികൾക്ക് രണ്ട് തലങ്ങൾ ഉണ്ട്. ഒന്നാമതായി, തിരിച്ചടവ് അസാധ്യമായ ചില കടങ്ങൾ ഉണ്ട് എന്നുള്ളത് ഒരു യാഥാർഥ്യമാണ്. കടക്കെണിയിലായ പല

രാജ്യങ്ങളും ആരോഗ്യം, വിദ്യാഭ്യാസം, കാലാവസ്ഥാവ്യതിയാനം എന്നീ മേഖലകളിൽ ചിലവഴിക്കുന്നതിനേക്കാൾ പണം കടങ്ങൾ വീട്ടാനാണ് ചിലവഴിക്കുന്നത്. മനുഷ്യമഹത്വത്തെ സംരക്ഷിക്കാനും അടിസ്ഥാന സൗകര്യങ്ങൾ നൽകാനും ഉള്ള ഭരണാധികാരികളുടെ പ്രാഥമികകർത്തവ്യത്തെ കടം വീട്ടുന്നത് തടസപ്പെടുത്തുമ്പോൾ ധാർമികമായി അത് നിയമവിരുദ്ധമായിത്തീരുന്നു. രണ്ടാമതായി, "പാരിസ്ഥിതിക കടം (ecological debt)" എന്നൊരു ആശയം ഉണ്ട്. ഫ്രാൻസിസ് പാപ്പ പറയുന്നത് ഈ പാരിസ്ഥിതിക കടംവീട്ടാനുള്ളത് സമ്പന്നരാജ്യങ്ങൾക്കാണെന്നാണ്. കാരണം പ്രകൃതിവിഭവങ്ങളെ വളരെക്കാലം ചില രാജ്യങ്ങൾ ക്രമാതീതമായി ഉപയോഗിച്ചതുകൊണ്ടുതന്നെ ധാർമികമായ കടപ്പാട് സമ്പന്നരാജ്യങ്ങൾക്കു ദരിദ്രരാജ്യങ്ങളോട് ഉണ്ട്.

## പരിസ്ഥിതി ധാർമികതയും സൃഷ്ടിസംരക്ഷണവും

2025 ലെ ജൂബിലി വർഷം മനുഷ്യമഹത്വത്തെ പരിസ്ഥിതി കാര്യസ്ഥതയുമായി ബന്ധിപ്പിച്ചുകൊണ്ട് പാരിസ്ഥിതികനീതിയും സാമൂഹികനീതിയും അഭേദ്യമാണെന്ന് സമർത്ഥിക്കുന്നു. 'മനുഷ്യരാശിയുടെ സ്വാർത്ഥതമൂലം ഗുരുതരനാശം സംഭവിച്ചതും വികൃതമാക്കപ്പെട്ടതുമായ ദൈവത്തിന്റെ സൃഷ്ടികൾക്ക് പ്രത്യാശ ആവശ്യമാണ്' എന്ന് പ്രസ്താവിച്ചുകൊണ്ട് ദരിദ്രരോടും തടവുകാരോടും പ്രകൃതിമാതാവിനോടും ഐകദാർഢ്യത്തിന്റെ കരം നീട്ടണമെന്ന് ഫ്രാൻസിസ് പാപ്പ ഓർമിപ്പിക്കുന്നു.

പരിസ്ഥിതി തകർച്ചയുടെ പ്രത്യാഘാതങ്ങൾ അങ്ങേയറ്റം ഭീകരമാണ്. കാലാവസ്ഥാവ്യതിയാനം അനുപാതരഹിതമായി ബാധിക്കുന്നത് പരിസ്ഥിതി തകർച്ചക്ക് കാരണമായേക്കാവുന്ന ഒന്നുംതന്നെ ചെയ്യാത്തവരായ അതിദരിദ്രരും ദുർബലരുമായ ജനങ്ങളെയാണ്. സുസ്ഥിര വികസനത്തിനും പുനരുപയോഗ ഊർജ്ജസ്രോതസുകളിലേക്കുള്ള പരിവർത്തനത്തിനും ചൂഷണരീതികൾ അവസാനിപ്പിക്കുന്നതിനുമുള്ള കാലീനമായചിന്താഗതിയെ പ്രതിഫലിപ്പിക്കുന്നതാണ് ഭൂമിക്ക് വിശ്രമം നൽകാനുള്ള (മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കാൻ വയലുകളെ തരിശായി കിടക്കാൻ അനുവദിക്കുന്നത് പോലുള്ള രീതികൾ) ജൂബിലിയുടെ ആഹ്വാനം.

## പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളോടുള്ള ഐകദാർഢ്യം

2025 ലെ ജൂബിലിയുടെ ധാർമികദർശനം സമൂഹത്തിലെ ഏറ്റവും ദുർബലരായ ആളുകളോട് ഐകദാർഢ്യം പ്രഖ്യാപിക്കുന്നു. തടവുകാർ, ദരിദ്രർ, രോഗികൾ, ചെറുപ്പക്കാർ, പ്രായമായവർ, കുടിയേറ്റക്കാർ, ദുർഘടസാഹചര്യങ്ങളിൽ കഴിയുന്ന ആളുകൾ മുതലായവരോട് സാമീപ്യം പുലർത്തുന്നതു വഴി 'പ്രത്യാശയുടെ അടയാളങ്ങൾ' സ്വാംശീകരിക്കാൻ പാപ്പ ഉദ്ബോധിപ്പിക്കുന്നു.

## തടവുകാരും പുനഃസ്ഥാപന നീതിയും

പെസഹാ വ്യാഴാഴ്ച കുർബാന അർപ്പിക്കാനും തടവുകാരുടെ പാദങ്ങൾ കഴുകാനും ഫ്രാൻസിസ് മാർപാപ്പ രണ്ടുതവണ സന്ദർശിച്ചിട്ടുള്ള റോമിലെ റെബിബിയ ജയിലിൽ ഡിസംബർ 26-ന് ഒരു വിശുദ്ധ വാതിൽ തുറന്നു. ഒരു ജയിലിൽ വിശുദ്ധ വാതിൽ തുറക്കുക എന്ന ഈ അഭൂതപൂർവമായ പ്രവൃത്തി മനുഷ്യമഹത്വത്തേയും വീണ്ടെടുപ്പിനെയും കുറിച്ചുള്ള ശക്തമായ ധാർമ്മിക പ്രസ്താവനയാണ്. പ്രതീക്ഷയുടെ അതിർവരമ്പുകൾക്ക് അപ്പുറം ആരുമില്ലെന്നും ദൈവത്തിന്റെ കരുണയിൽ നിന്ന് ആരും ഒഴിവാക്കപ്പെടുന്നില്ലെന്നും തെറ്റ് ചെയ്യുന്നവരെ സമൂഹം ഒഴിവാക്കരുതെന്നും ഇത് പ്രഖ്യാപിക്കുന്നു.

## നീതിയും സമാധാനവും അനുരഞ്ജനവും

ജൂബിലി വർഷത്തിന്റെ ധാർമികദർശനം അടിസ്ഥാനപരമായി നീതിയിലൂടെ സമാധാനം കെട്ടിപ്പടുക്കുന്നതിനെക്കുറിച്ചാണ്. 'ജൂബിലി നമ്മെ ആത്മീയ നവീകരണത്തിലേക്കും നമ്മുടെ ലോകത്തെ രൂപാന്തരപ്പെടുത്തുന്നതിനും നമ്മെ ക്ഷണിക്കുന്നു. അങ്ങനെ ഈ വർഷം യഥാർഥത്തിൽ ആനന്ദത്തിന്റെ വർഷമായി മാറും' എന്ന് പറഞ്ഞുകൊണ്ട് 'സമാധാനവും നീതിയും ഭരിക്കുന്ന ഒരു പുതിയ ലോകം' സ്വപ്നം കാണാൻ ഈ അവസരം ഉപയോഗിക്കാൻ ഫ്രാൻസിസ് മാർപാപ്പ ക്രൈസ്തവരെ പ്രബോധിപ്പിക്കുന്നു. ഇവിടെയാണ് സമാധാനവും നീതിയും തമ്മിലുള്ള ബന്ധം വ്യക്തമാകുന്നത്. അനീതി വളരുന്നിടത്ത് സമാധാനം നിലനിൽക്കില്ല. തന്റെ അനന്തമായ കരുണയിലും സ്നേഹത്തിലും നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും നമ്മെ അതിക്രമിക്കുന്നവരോട് ക്ഷമിക്കാൻ നമ്മോട് ആവശ്യപ്പെടുകയും ചെയ്ത ദൈവത്തോട് നാമെല്ലാവരും 'കടപ്പെട്ടിരിക്കുന്നു' എന്ന് ജൂബിലിയുടെ ആഴമേറിയ അർഥം അടിവരയിട്ടുകൊണ്ട് പാപ്പാ ഓർമിപ്പിക്കുന്നു.

## ഘടനാപരമായ പരിഷ്ക്കരണവും വ്യവസ്ഥാപിതമായ മാറ്റവും

ജൂബിലി 2025 ന്റെ ധാർമ്മികമാനത്തിന്റെ വ്യതിരിക്തത അത് വ്യവസ്ഥാപിത പരിവർത്തനത്തിനും ആഹ്വാനം ചെയ്യുന്നു എന്നതാണ്. സാമ്പത്തികനയങ്ങൾ കൂടാതെയുള്ള അന്യായമായ കടങ്ങളെ റദ്ദാക്കുന്നതിനും കടദുരിതങ്ങളുടെ മൂലകാരണങ്ങൾ പരിഹരിക്കുന്നതിലൂടെ അവ വീണ്ടും ഉണ്ടാകാതിരിക്കുന്നതിനും ആഗോള സാമ്പത്തികവ്യവസ്ഥയെ മനുഷ്യർക്കും അവർ വസിക്കുന്ന ഭൂമിക്കും മുൻഗണന നൽക്കുന്ന രീതിയിൽ പരിഷ്കരിക്കുന്നതിനുമാണ് ജൂബിലി 2025 പരിശ്രമിക്കുന്നത്. ഘടനാപരമായ പരിഷ്കരണത്തിന് നൽകുന്ന ഊന്നൽ പ്രതിഫലിപ്പിക്കുന്നത് ഉപാംഗതത്വത്തെയും (principle of subsidiartiy) പൊതുനന്മയെയും കുറിച്ചുള്ള കത്തോലിക്കാസഭയുടെ സാമൂഹികപഠനങ്ങളാണ്.

## വ്യക്തിപരവും സാമുദായികപരവുമായ പരിവർത്തനം

ജൂബിലി ബാഹ്യഘടനകളെ മാറ്റുന്നതിനെക്കുറിച്ചുമാത്രമല്ല ഹൃദയങ്ങളെയും ബന്ധങ്ങളെയും രൂപാന്തരപ്പെടുത്തുന്നതിനെക്കുറിച്ചുകൂടിയാണ് 'സുവിശേഷത്തിന്റെ ഹൃദയത്തെതന്നെയാണ് പ്രത്യാശയും ദയയും സ്പർശിക്കുന്നത്' എന്ന് ഫ്രാൻസിസ് മാർപാപ്പ അടിവരയിട്ടുപറയുന്നു. 'ദയ ഒരു നയതന്ത്രതന്ത്രമല്ല' മറിച്ച് പരസ്പരസ്വീകാര്യതയിലേക്ക് ഹൃദയങ്ങളെ തുറക്കുകയും നമ്മെ കൂടുതൽ വിനയാന്വിതരാകാൻ സഹായിക്കുകയും ചെയ്യുന്ന സ്നേഹത്തിന്റെ ഒരു രൂപമാണ്' എന്നും 'ആഴത്തിലുള്ള സാഹോദര്യവും പങ്കിട്ട മാനവികതാബോധവും പരിപോഷിപ്പിച്ചുകൊണ്ട് ദയയുടെയും പരസ്പരൈക്യത്തിന്റെയും ലളിതമായ പ്രവൃത്തികൾക്ക് ഈ പുതിയ ലോകത്തിന് വഴിയൊരുക്കാൻ കഴിയും' എന്നും ഫ്രാൻസിസ് മാർപാപ്പ അനുസ്മരിപ്പിക്കുന്നു. വ്യക്തിപരമായ തിരഞ്ഞെടുപ്പുകൾ, സാമൂഹിക ആചാരങ്ങൾ, ദേശീയ നയങ്ങൾ, അന്താരാഷ്ട്ര സംവിധാനങ്ങൾ എന്നിവയിലെല്ലാം മാറ്റം വരുന്നതു വഴി പലതലങ്ങളിൽ പരിവർത്തനം സംഭവിക്കുന്നു.

ചുരുക്കത്തിൽ 2025ലെ ജൂബിലി പ്രഖ്യാപനം ഒരേസമയം പ്രവാചക ദൗത്യപൂർത്തീകരണവും പ്രത്യാശയിലേക്കുള്ള ക്ഷണവുമാണ്. സാമ്പത്തിക ജീവിതത്തെ സമൂഹങ്ങൾ ക്രമപ്പെടുത്തുന്നതിലും പരിസ്ഥിതി സംരക്ഷിക്കുന്നതിലും അപരിചിതരെ സ്വീകരിക്കുന്നതിലും മനുഷ്യരുടെ പ്രത്യേകിച്ച് ദരിദ്രരും ഏറ്റവും ദുർബലരുമായവരുടെ മഹത്വം ഉയർത്തിപ്പിടിക്കുന്നതിലുമാണ് ജൂബിലിയുടെ വിജയം. ■

# കർത്താവിനു സ്വീകാര്യമായ വത്സരവും ജൂബിലിയുടെ പൂർത്തീകരണവും

**ബൈബിൾ സംശയങ്ങൾ**

റവ. ഡോ. ടോം ഓലിക്കരോട്ട്



പ്രത്യാശയുടെ തീർഥാടകർ എന്ന സുകൃതവാക്യമുയർത്തി ആഗോളസഭ ജൂബിലിആചരണത്തിലൂടെ കടന്നുപോകുകയായിരുന്നു. പഴയനിയമത്തിലെ ജൂബിലി ആചരണവും പുതിയനിയമത്തിൽ നസ്രായനായ യേശു കഫെർണാമിലെ സിനഗോഗിൽ പ്രഖ്യാപിച്ച 'കർത്താവിനു സ്വീകാര്യമായ വർഷ'വും തമ്മിലുള്ള ബന്ധം ഈ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്നത് ഉചിതമാണ്. ലൂക്ക 4:19 ലെ 'കർത്താവിന് സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കാൻ' എന്ന യേശുവിന്റെ ശക്തമായ ദൗത്യ പ്രഖ്യാപനം തന്റെ ശുശ്രൂഷ പഴയനിയമത്തിലെ ജൂബിലി വർഷത്തിന്റെ അന്ത്യകാല യാഥാർഥ്യത്തെ ഉദ്ഘാടനം ചെയ്യുന്നു എന്ന വ്യക്തമായ പ്രസ്താവനയാണ്. കാഹളം എന്ന അർഥംവരുന്ന യോവേൽ എന്ന ഹെബ്രായ വാക്കിൽ നിന്നാണ് ജൂബിലി എന്ന പദം രൂപംകൊണ്ടത്. (ലേവ്യർ 25) പുരാതന ഇസ്രായേലിൽ അമ്പത് വർഷത്തിലൊരിക്കൽ ആചരിച്ചിരുന്ന ഭൗതികവും സാമ്പത്തികപരവുമായ സാമൂഹിക ആഘോഷമായിരുന്നു ജൂബിലി. ശാശ്വതമായ ദാരിദ്ര്യം തടയുക, ഗോത്രപരമായ ഭൂമിയുടെ ഉടമസ്ഥാവകാശം നിലനിർത്തുക, കടങ്ങൾ റദ്ദാക്കുക, പൈതൃകസ്വത്ത് തിരികെ നൽകുക, എബ്രായ അടിമകളെ മോചിപ്പിക്കുക എന്നിവയായിരുന്നു ഇതിന്റെ പ്രധാനലക്ഷ്യം. യേശു ഏശയ്യാ 61:2 ലെ വാക്യം ഉദ്ധരിച്ചുകൊണ്ട് ഈ നിയമങ്ങളുടെ ആത്യന്തികപൂർത്തീകരണം തന്റെ ദൗത്യത്തിലൂടെ സംഭവിക്കുന്നു എന്ന് സ്ഥാപിക്കുന്നു. ജൂബിലിയെ താത്കാലികമായ ഭൗമിക ആചാരത്തിൽ നിന്ന് രക്ഷയുടെ ശാശ്വതവും ആത്മീയവും സാർവത്രികവുമായ യാഥാർഥ്യത്തിലേക്ക് അവിടുന്നു മാറ്റുന്നു.

**ഏശയ്യാ 61:2 ലെ വാക്യം ഉദ്ധരിച്ചുകൊണ്ട് യേശു ഈ നിയമങ്ങളുടെ ആത്യന്തികപൂർത്തീകരണം തന്റെ ദൗത്യത്തിലൂടെ സംഭവിക്കുന്നു എന്ന് സ്ഥാപിക്കുന്നു. ജൂബിലിയെ താത്കാലികമായ ഭൗമിക ആചാരത്തിൽ നിന്ന് രക്ഷയുടെ ശാശ്വതവും ആത്മീയവും സാർവത്രികവുമായ യാഥാർഥ്യത്തിലേക്ക് അവിടുന്നു മാറ്റുന്നു.**

ഈ ബന്ധം യേശുവിന്റെ ശുശ്രൂഷയുടെ സമൂലമായസ്വഭാവത്തെ വെളിപ്പെടുത്തുന്നു. ഇത് ജൂബിലിയുടെ മൂന്ന് ഭൗതിക സ്വാതന്ത്ര്യങ്ങൾക്ക് അനുരൂപമായ ആത്മീയവിമോചനം ഉറപ്പ് നൽകുന്നു. പുരാതന കാലത്തെ കടം റദ്ദാക്കൽ എന്ന ആചാരം, പാപമോചനത്തിൽ (മനുഷ്യരാശി ദൈവത്തോട് കടപ്പെട്ടിരിക്കുന്ന ആത്മീയകടം) പൂർണ്ണമാകുന്നു. ഇത് 'ദരിദ്രരോട് സുവിശേഷം അറിയിക്കാൻ' എന്നതിന്റെ (ലൂക്ക 4:18) കാതലാണ്. ബന്ധിതരെ വിടുവിക്കുക എന്നത് ബന്ധിതർക്ക് സ്വാതന്ത്ര്യവും പീഡിതർക്ക് വിടുതലും നൽകുന്നതിലൂടെ പൂർത്തിയാക്കപ്പെടുന്നു. ഇത് പാപത്തിന്റെ അടിമത്തത്തിൽ നിന്നും ആത്മീയ ശക്തികളിൽ നിന്നുമുള്ള വിമോചനമാണ്. കൂടാതെ, പൈതൃക സ്വത്തിലേക്കുള്ള മടങ്ങിപ്പോക്ക് എന്നത് ദൈവവുമായുള്ള അനുരഞ്ജനത്തിലൂടെയും ദൈവരാജ്യത്തിലെ വാഗ്ദാനം ചെയ്യപ്പെട്ട അവകാശത്തിലൂടെയും ആത്മീയമായി യാഥാർഥ്യമാകുന്നു. അതിനാൽ 'പ്രസാദമുള്ള വർഷം' എന്നത് ഒരു സാധാരണ കലണ്ടർ വർഷമല്ല, മറിച്ച് രക്ഷയുടെയും കൃപയുടെയും വലിയ കാലഘട്ടമാണ്. ജൂബിലിയുടെ ശാശ്വതവും പുനഃസ്ഥാപിക്കപ്പെടുന്നതുമായ ഫലങ്ങൾ എല്ലാവർക്കും ലഭ്യമാകുന്ന കാലഘട്ടമാണത്.

ഏറ്റവും പ്രധാനമായി, 'നമ്മുടെ ദൈവത്തിന്റെ പ്രതികാര ദിവസത്തെയും' (ഏശയ്യ 61:2) എന്ന വാക്യത്തിന് മുൻപ് വായന നിർത്താനുള്ള യേശുവിന്റെ തീരുമാനം യാഥാർഥ്യമാക്കപ്പെട്ട ജൂബിലിയുടെ സ്വഭാവത്തെ അടിവരയിടുന്നു. തന്റെ ആദ്യവരവ് പൂർണമായും 'പ്രസാദം' (കരുണയും രക്ഷയും) പ്രഖ്യാപിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു എന്നും ഈ ആത്മീയജൂബിലിയുടെ യുഗം അവിടുന്ന് ആരംഭിക്കുകയാണെന്നും അവിടുന്ന് സ്ഥാപിക്കുന്നു. യഥാർഥപ്രവചനത്തിൽ അന്തർലീനമായ ന്യായവിധി ബോധപൂർവ്വം മാറ്റിവെക്കപ്പെടുന്നു. അതിനാൽ ലൂക്ക 4:19 ഒരു മെസിയാനിക് വിളംബരം ആയി വർത്തിക്കുന്നു. രാജാവ് സന്നിഹിതനാണെന്നും പുനഃസ്ഥാപനം, കടം എഴുതിത്തള്ളൽ, വിടുതൽ എന്നിവയുടെ ആത്യന്തികവും ശാശ്വതവുമായ ജൂബിലിയുടെ സമയം അവിടുത്തെ അഭിഷേകത്തിലൂടെയും ശക്തിയിലൂടെയും എത്തിയിരിക്കുന്നു എന്നും ഇത് പ്രഖ്യാപിക്കുന്നു. ലൂക്കയുടെ വീക്ഷണത്തിൽ യേശുവിന്റെ രക്ഷാകരമായ ദൗത്യത്തിന്റെ ദൈവശാസ്ത്രപരമായ കേന്ദ്രബിന്ദുവായി 'കർത്താവിന് പ്രസാദമുള്ള വർഷത്തെ' മാറ്റുന്നു. ■

# വിശ്വാസിസമൂഹത്തിന്റെ അമ്മ (Mater Populi Fidelis)

**പ്രബോധനപാത**

ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ

**മറിയത്തെക്കുറിച്ച് എല്ലാ കൃപകളുടെയും മധ്യസ്ഥ എന്ന ശീർഷകവും ഒഴിവാക്കപ്പെടണമെന്ന് ഈ പ്രബോധനരേഖ നിർദേശിക്കുന്നു. എല്ലാ കൃപകളുടെയും മധ്യസ്ഥ പോലെയുള്ള ചില നാമധേയങ്ങൾ മറിയത്തിന്റെ അനന്യമായ സ്ഥാനത്തെക്കുറിച്ചുള്ള കൃത്യമായ ധാരണ നല്കുന്നില്ലാത്തതിനാൽ പരിമിതങ്ങളാണ്.**

2025 നവംബർ നാലാം തീയതി വിശ്വാസകാര്യങ്ങൾക്കായുള്ള കാര്യാലയം ലെയോ പതിനാലാമൻ പാപ്പായുടെ അംഗീകാരത്തോടെ പ്രസിദ്ധീകരിച്ച പ്രബോധനകുറിപ്പാണ് വിശ്വാസിസമൂഹത്തിന്റെ അമ്മ (Mater Populi Fidelis). ഈ രേഖ മറിയത്തെ വിശ്വാസികളുടെ അമ്മ എന്ന നിലയിൽ ക്രിസ്തുവിന്റെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി വിശദീകരിക്കുകയും തെറ്റിദ്ധാരണയ്ക്ക് ഇടയാക്കുന്ന ചില ശീർഷകങ്ങൾ ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

രക്ഷാകരപദ്ധതിയിൽ മറിയം വഹിച്ച അതുല്യമായ സഹകരണത്തെ പ്രകടമാക്കുന്ന ദൈവമാതാവ്, വിശ്വാസികളുടെ മാതാവ്, സഭയുടെ മാതാവ് തുടങ്ങിയ അഭിധാനങ്ങൾ മറിയത്തെ ആദരിക്കാൻ ഉപയോഗിക്കണമെന്ന് ഈ പ്രബോധനരേഖ വിശ്വാസികളെ ഉത്ബോധിപ്പിക്കുന്നു. മറിയത്തെക്കുറിച്ച് സകല കൃപകളുടെയും മധ്യസ്ഥ, മധ്യസ്ഥ എന്നീ വിശേഷണങ്ങൾ വിവേകപൂർവ്വം ഉപയോഗിക്കണമെന്ന് ഈ രേഖ ഓർമിപ്പിക്കുന്നു. മധ്യസ്ഥ എന്ന പദം മറിയത്തെക്കുറിച്ച് വിശേഷിപ്പിക്കുമ്പോൾ, ക്രിസ്തുവിൽ നിന്ന് സ്വതന്ത്രമായ ഒരു മധ്യസ്ഥശക്തി മറിയത്തിന് ഉണ്ടെന്ന് സൂചിപ്പിക്കാൻ സാധ്യതയുണ്ട്. സത്യത്തിൽ മറിയത്തിന്റെ മാധ്യസ്ഥ്യം പൂർണ്ണമായും അവളുടെ പുത്രനുമായുള്ള ബന്ധത്തിൽനിന്നും ഉടലെടുക്കുന്നതാണ്. ഈശോയുടെ ഏകമാധ്യസ്ഥത്തിനു സമാനമായി മറിയത്തിന്റെ മാധ്യസ്ഥ്യാപേക്ഷയെ മനസ്സിലാക്കരുത്. പരിശുദ്ധ അമ്മ നമുക്കുവേണ്ടി മാധ്യസ്ഥം വഹിച്ച് പ്രാർഥിക്കുന്നുണ്ട്. എന്നാൽ മാതാവ് വഹിക്കുന്ന മാധ്യസ്ഥ്യം ഈശോ ഏകമധ്യസ്ഥനാണ് എന്ന സത്യത്തിൽനിന്നും തികച്ചും വ്യത്യസ്തമാണ്.

മറിയത്തെക്കുറിച്ച് എല്ലാ കൃപകളുടെയും മധ്യസ്ഥ എന്ന ശീർഷകവും ഒഴിവാക്കപ്പെടണമെന്ന് ഈ പ്രബോധനരേഖ നിർദേശിക്കുന്നു. എല്ലാ കൃപകളുടെയും മധ്യസ്ഥ പോലെയുള്ള ചില നാമധേയങ്ങൾ മറിയത്തിന്റെ അനന്യമായ സ്ഥാനത്തെക്കുറിച്ചുള്ള കൃത്യമായ ധാരണ നൽകുന്നില്ലാത്തതിനാൽ പരിമിതങ്ങളാണ്. യഥാർഥത്തിൽ, രക്ഷിക്കപ്പെട്ടവരിൽ ഒന്നാമത്തെവളായ അവൾക്ക് താൻ തന്നെയും സ്വീകരിച്ചതായ കൃപയുടെ മധ്യസ്ഥ ആയിത്തീരാൻ സാധിക്കുകയില്ല (നമ്പർ 67). എല്ലാ കൃപകളുടെയും ഉറവിടം യേശുക്രിസ്തുവാണ്. ഈ കൃപകൾ നമ്മിലേക്ക് ചൊരിയുവാൻ വേണ്ടിയാണ് അവിടന്ന് തിരുസഭയെയും കൂദാശകളെയും സ്ഥാപിച്ചത്.

പരിശുദ്ധ കന്യകാമറിയത്തെ സഹരക്ഷക എന്ന് വിശേഷിപ്പിക്കുന്നത് ഉചിതമല്ലെന്ന് ഈ രേഖ വ്യക്തമാക്കുന്നു. സഭ ഒരുകാലത്തും മറിയത്തെ സഹരക്ഷകയാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല. മറിയത്തെ സഹരക്ഷകയായി അവതരിപ്പിക്കുന്നത് വിശ്വാസികളിൽ തെറ്റിദ്ധാരണ ഉണ്ടാക്കാൻ സാധ്യതയുണ്ടെന്ന് കർദിനാൾ റാറ്റ്സിങ്ങർ (ബെനഡിക്ട് പതിനാറാമൻ പാപ്പാ) അഭിപ്രായപ്പെട്ടിരുന്നു. സഭയിൽ ചില വ്യക്തികളും പ്രസ്ഥാനങ്ങളും മറിയത്തെ സഹരക്ഷകയാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതിന് ദൈവശാസ്ത്രപരമായ ഒരു അടിസ്ഥാനവുമില്ല എന്ന സത്യം ഈ പ്രബോധന രേഖ വ്യക്തമാക്കുകയാണ്. ഈ വിഷയത്തെക്കുറിച്ച് ഇനിയും ആശയക്കുഴപ്പമുണ്ടാകരുതെന്ന് തിരുസഭ ആഗ്രഹിക്കുന്നു.

മറിയത്തെ സഹരക്ഷക എന്ന് വിശേഷിപ്പിക്കുമ്പോൾ ക്രിസ്തുവാണ് ഏക രക്ഷകൻ എന്ന അടിസ്ഥാനവിശ്വാസസത്യത്തിന് മങ്ങലേൽപ്പിക്കപ്പെടാൻ സാധ്യതയുണ്ട്. മറിയം സഹരക്ഷകയല്ല; എന്നാൽ രക്ഷാകര ദൗത്യത്തിൽ സവിശേഷമായ വിധം സഹകരിച്ചവളാണ്. രക്ഷാപ്രവർത്തനത്തിൽ മറിയത്തിന്റെ സ്ഥാനം എപ്പോഴും യേശുവിന് താഴെയും അമ്മയെന്ന നിലയിലുമാണ് എന്ന് ഈ രേഖ നമ്മെ ഓർമ്മപ്പെടുത്തുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപ്പോലെ, മറിയത്തിന്റെ മാധ്യസ്ഥ്യം ഏകമധ്യസ്ഥനായ ക്രിസ്തുവിന്റെ മഹത്വത്തെയോ ഫലദായകശക്തിയെയോ ഏതെങ്കിലും തരത്തിൽ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നുണ്ടെന്ന് മനസ്സിലാക്കേണ്ടതില്ല (തിരുസഭ 62).

മറിയം ഈശോയുടെ വഴികൾ പഠിച്ചറിഞ്ഞ ആദ്യശിഷ്യയാണ്. ദൈവവചനം കേൾക്കുകയും അതനുസരിക്കുകയും ചെയ്തവളാണ് മറിയം. സഭയ്ക്ക് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും മാതൃകയാണവൾ. ഈശോയുടെ ശിഷ്യരിൽ ഏറ്റവും ആദ്യത്തെയും പരിപൂർണ്ണയുമായ ശിഷ്യയാണവൾ (നമ്പർ 73).


മറിയം എല്ലാ വിശ്വാസികളുടെയും അമ്മയാണ്. അമ്മയില്ലാതെ നാം ഒരിക്കലും ഒറ്റയ്ക്കു യാത്ര ചെയ്യാതിരിക്കാൻ കുരിശിൽ കിടന്നുകൊണ്ട് ഈശോ മറിയത്തെ നമുക്കെല്ലാവർക്കും അമ്മയായി നല്കി. നമ്മുടെ അമ്മയായ മറിയം തന്റെ പ്രാർഥനകളാലും സ്നേഹത്താലും നമ്മുടെ സമീപത്തായിരിക്കുന്നു, നമ്മോടൊപ്പം നടക്കുന്നു. മറിയം സഭയുടെ അമ്മയാണ് (നമ്പർ 76).

ചുരുക്കത്തിൽ, വിശ്വാസിസമൂഹത്തിന്റെ അമ്മ എന്ന രേഖ പരിശുദ്ധ ദൈവമാതാവിന്റെ മഹത്ത്വവും മാഹാത്മ്യവും കുറയ്ക്കാനല്ല, മറിച്ച് ക്രിസ്തു ഏകരക്ഷകനാണെന്ന സത്യത്തിന്റെ വെളിച്ചത്തിൽ അവളുടെ യഥാർഥസ്ഥാനം ശരിയായി മനസ്സിലാക്കാനാണ് നമ്മെ ക്ഷണിക്കുന്നത്. ഈരേഖ സഭയുടെ പഠനങ്ങളെ മാറ്റുകയല്ല, കൃത്യമായ വ്യാഖ്യാനങ്ങളിലൂടെ ചില തെറ്റിദ്ധാരണകൾ തിരുത്തുകയാണ് ചെയ്യുന്നത്. ■

# ഭാരതസഭയെക്കുറിച്ച് വിശുദ്ധ അംബ്രോസ്

ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര

റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ




ഫ്രാൻസ് (Gaul) ഭരിച്ചിരുന്ന റോമൻ സഹചക്രവർത്തിയുടെ (Pretorian Prefect) മകനായി ക്രിസ്തുവർഷം 340-ൽ ജനിച്ച അംബ്രോസ് ഇറ്റലിയിലെ എമിലിയ, ലിഗൂറിയ എന്നീ പ്രദേശങ്ങളുടെ ഗവർണർ ആയിരിക്കുമ്പോഴാണ് 374 നവംബറിൽ മാമ്മോദീസ സ്വീകരിക്കുകയും ഡിസംബറിൽ മെത്രാനായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തത്. സ്വത്തുക്കൾ മുഴുവൻ പാവങ്ങൾക്കായി ദാനം ചെയ്തിട്ടാണ് അദ്ദേഹം മെത്രാൻ ആയത്. 387 ലെ വിശുദ്ധ അഗസ്തിനോസിന്റെ മാനസാന്തരമാണ് അദ്ദേഹത്തിന്റെ കാലത്തെ ഒരു വലിയ സംഭവം. മറ്റൊന്ന് റോമൻചക്രവർത്തി ആയിരുന്ന തിയഡോഷ്യസ് തെസലോണിക്കയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ച ചിലരെ വധിക്കാൻ ആജ്ഞാപിച്ചതിന് പരസ്യമായി പ്രായശ്ചിത്തം ചെയ്യാൻ ശിക്ഷിച്ചതാണ്. 397-ൽ ആയിരുന്നു അംബ്രോസിന്റെ മരണം.

ലത്തീൻ, ഗ്രീക്ക് കൃതികളിൽ അവഗാഹം ഉള്ള പണ്ഡിതനായിരുന്ന അംബ്രോസിന് ഇന്ത്യയെക്കുറിച്ചും അറിവുണ്ടായിരുന്നു. ഇന്ത്യക്കാരുടെ ആചാരങ്ങൾ' (De moribus Brahmanorum) എന്ന അദ്ദേഹത്തിന്റെ വിശിഷ്ട കൃതി ഇതിന് ഉദാഹരണമാണ്. ഇന്ത്യയിലെ ആളുകളെക്കറിച്ചും അവരുടെ ആചാരങ്ങളെക്കുറിച്ചും പല പട്ടണങ്ങളെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ കാണാം. അതിലും പ്രത്യേകിച്ച് തോമാശ്ലീഹ കേരളത്തിൽ കപ്പലിറങ്ങിയ കൊടുങ്ങല്ലൂർ – അന്നത്തെ മുസീറിസ് – എന്ന പട്ടണത്തെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ കാണാം. എന്തുകൊണ്ടാണ് ഈ ഗ്രന്ഥം എഴുതുന്നത് എന്നും ഈ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ അംബ്രോസ് വിവരിക്കുന്നുണ്ട്. പല്ലാടിയസ് എന്ന വ്യക്തി അദ്ദേഹത്തെ സമീപിച്ച് ഇന്ത്യയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അറിയാൻ ആഗ്രഹം പ്രകടിപ്പിച്ചു. അദ്ദേഹത്തിന് ഉത്തരം നൽകാനും തന്റെ ജനത്തെ കൂടുതൽ പ്രബുദ്ധരാക്കാനും ആയിട്ടാണ് അന്നത്തെ അറിയപ്പെടുന്ന ഇന്ത്യയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനായി അംബ്രോസ് ഡോളെനിയിലെ ബിഷപ്പ് ആയിരുന്ന മുസേവൂസിനെ ഇന്ത്യയിലേക്ക് അയച്ച് ആ രാജ്യത്തെപ്പറ്റി കൂടുതൽ പഠിക്കുന്നത്.

അംബ്രോസ് ഈ പുസ്തകത്തിൽ എഴുതുന്നത് മുസേവൂസ് പല രാജ്യങ്ങൾ കടന്നും പല മലകൾ താണ്ടിയും അങ്ങ് അറ്റത്തുള്ള ഇന്ത്യയിൽ എത്തി എന്നാണ്. പണ്ട് അലക്സാണ്ടർ സന്ദർശിച്ച ഇന്ത്യയിലെ സ്ഥലങ്ങൾ ആയിരുന്നു ഇത് എന്നും ഈ പുസ്തകത്തിൽ കാണാം. ഇവിടുത്തെ ആളുകളുടെ ജീവിതരീതി, ഉത്പാദിപ്പിക്കപ്പെടുന്ന വസ്തുക്കൾ, സന്യാസിമാരുടെ ജീവിതശൈലി എല്ലാം ഇതിൽ കാണാം. യൂറോപ്പിൽ നിന്നും ഈ രാജ്യം വളരെ അകലെയാണ് എന്ന് പുസ്തകം സാക്ഷ്യപ്പെടുത്തുന്നു. തോമാശ്ലീഹായെ കുറിച്ചും ഈ ഗ്രന്ഥത്തിൽ പ്രത്യേകമായി എടുത്തു പറയുന്നുണ്ട്. റോമാസാമ്രാജ്യത്തിന് പുറത്തുള്ള ഇന്ത്യരാജ്യത്ത് സുവിശേഷം അറിയിച്ചത് ക്രിസ്തുശിഷ്യനായ തോമാശ്ലീഹാ ആണെന്ന് അംബ്രോസ് വ്യക്തമാക്കുന്നു. മത്തായിശ്ലീഹ സുവിശേഷം അറിയിച്ച പേർഷ്യയെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ കാണാം. ഇന്ത്യയുടെ അങ്ങേ തെക്കേ അറ്റത്തുള്ള, അന്നത്തെ പ്രധാന തുറമുഖ പട്ടണമായ മുസിരിസിൽ (കൊടുങ്ങല്ലൂർ) ആണ് സുവിശേഷപ്രഘോഷണത്തിനായി തോമ വന്നിറങ്ങിയത് എന്ന് ഈ ഗ്രന്ഥം വ്യക്തമാക്കുന്നു (PL 17, 1169). അതിനാൽ തോമാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിതപ്രവർത്തനത്തിന് ഈ ഗ്രന്ഥം വലിയൊരു തെളിവാണ്. ■

# ബോർഡർലൈൻ പേഴ്സണാലിറ്റി ഡിസോർഡർ

മെന്റൽ ഹെൽത്ത് കോർണർ

റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ



ചഞ്ചല വ്യക്തിത്വം അഥവാ അതിരില്ലാ വ്യക്തിത്വം പതിനെട്ടു വയസു മുതൽ മുപ്പത്തിയഞ്ചു വയസുവരെയുള്ള കാലഘട്ട' ത്തിൽ താരതമ്യേന സ്ത്രീകളിലാണ് കൂടുതലായി കണ്ടുവരുന്നത്. ഈ വൈകല്യമുള്ളവർ എപ്പോഴും അസ്വസ്ഥരായിരിക്കും. കൗമാരത്തിൽ ആദ്യകാലം മുതൽ തന്നെ അഥവാ ബാല്യത്തിൽ തന്നെ വൈകാരികമായി മറ്റുള്ളവരോട് ഇടപെടുന്ന രീതിയിലും സമ്മർദ്ദസാഹചര്യങ്ങളോടും പ്രതികരിക്കുന്ന രീതിയിലും പ്രകടമായ അസ്വഭാവികതയുള്ള ആളുകൾക്കാണ് ബോർഡർലൈൻ വ്യക്തിത്വവൈകല്യം ഉള്ളതായി വിലയിരുത്തപ്പെടുന്നത്.

**ബാല്യത്തിൽ തന്നെ വൈകാരികമായി മറ്റുള്ളവരോട് ഇടപെടുന്ന രീതിയിലും സമ്മർദ്ദസാഹചര്യങ്ങളോടും പ്രതികരിക്കുന്ന രീതിയിലും പ്രകടമായ അസ്വഭാവികതയുള്ള ആളുകൾക്കാണ് ബോർഡർലൈൻ വ്യക്തിത്വ വൈകല്യം ഉള്ളതായി വിലയിരുത്തപ്പെടുന്നത്.**

## ലക്ഷണങ്ങൾ

അസ്ഥിരമായ വ്യക്തിബന്ധങ്ങൾ, സ്ഥിരതയില്ലാത്ത തീരുമാനങ്ങളും കാഴ്ചപ്പാടുകളും ഇവർ പ്രകടമാക്കുന്നു. നിയന്ത്രിക്കാൻ കഴിയാത്ത വികാരങ്ങൾ (impulsivity) തുടങ്ങിയവയാണ് ഈ വൈകല്യത്തിന്റെ പ്രധാന ലക്ഷണങ്ങൾ. ഒരാളെ ഇഷ്ടപ്പെട്ടുകഴിഞ്ഞാൽ അയാളെപ്പറ്റി പുകഴ്ത്തി മാത്രം സംസാരിക്കുന്നു. തീവ്രമായി ആരാധിക്കുന്ന പ്രകൃതം. എന്നാൽ വളരെ നിസ്സാര കാര്യത്തിന് അയാളുമായി പിണങ്ങുന്നു. തുടർന്ന് അയാളെപറ്റി കുറ്റങ്ങൾ മാത്രം പറയുന്ന അവസ്ഥ ഇത്തരക്കാർ പ്രകടിപ്പിക്കുന്നു. ഇവർ അമിതമായ എടുത്തുചാട്ടം കാണിക്കുന്നു. ഒരു കാര്യവും സാവകാശം ആലോചിച്ച് ചെയ്യുന്ന ശീലം ഇവർക്കില്ല. ഇവരുടെ പെരുമാറ്റത്തിൽ ആവർത്തിച്ചുള്ള ആത്മഹത്യാശ്രമങ്ങളും ഭീഷണികളും കാണിക്കുന്നു, അതുപോലെ സ്വന്തം ശരീരത്തിൽ മുറിവേൽപ്പിക്കാനുള്ള പ്രവണത ഇത്തരക്കാരിൽ കൂടുതലാണ്. കയ്യിലെ രക്തക്കുഴൽ മുറിക്കുക, ഉറക്കഗുളികകൾ കൂടുതൽ കഴിക്കുക എന്നിവ പ്രകടിപ്പിക്കാം. ദേഷ്യം നിയന്ത്രിക്കാനുള്ള കഴിവില്ലായ്മ, മനസ്സിൻ വൈകാരികാവസ്ഥയിൽ ചുരുങ്ങിയ സമയം കൊണ്ട് പ്രകടമായ മാറ്റങ്ങൾ വരിക (Micro psychotic Epiosde.) ഇവർക്ക് പലർക്കും ഉപേക്ഷിക്കപ്പെടുമോ ഒറ്റപ്പെടുമോ എന്നുള്ള ഭീതി മനസ്സിൽ നിഴലിക്കുന്നു. ഇവർ വ്യക്തമായ ലക്ഷ്യബോധമില്ലായ്മ പ്രകടിപ്പിക്കും. വികാരങ്ങൾ സ്നേഹമായും ദുഃഖമായാലും, ദേഷ്യമായാലും അതിശക്തമായി പ്രകടിപ്പിക്കാനുള്ള പ്രവണത കാണിക്കുക, അപകടകരമായ ലൈംഗിക സ്വഭാവങ്ങൾ ഇവർ പലപ്പോഴും പ്രകടിപ്പിക്കുന്നു.

## കാരണങ്ങൾ

പാരമ്പര്യമായി ഇത്തരം വ്യക്തിത്വവൈകല്യങ്ങളുള്ള കുടുംബങ്ങളിൽ ജനിക്കുന്ന കുട്ടികളിൽ സാധ്യത വളരെ കൂടുതലാണ്. കുട്ടിക്കാലത്ത് ഇത്തരം വ്യക്തികൾ അനുഭവിക്കുന്ന ശാരീരികമോ മാനസികമോ ലൈംഗികമോ ആയ പീഡനങ്ങൾ ഇത്തരം വൈകല്യത്തിലേക്ക് വഴിതെളിക്കാം. കുട്ടികളെ വളർത്തുന്നതിലുള്ള പാളിച്ചകൾ, അവർ ആഗ്രഹിക്കുന്നത് അപ്പോൾ തന്നെ ചെയ്തുകൊടുക്കുക (Instant Gratification) അവർക്ക് കഠിന ശിക്ഷകൾ നൽകുന്ന രീതി എന്നിവയും കാരണമാകാം. തലച്ചോറിലെ അമിഗ്ഡല, ലിംബിക് സിസ്റ്റം, ഫ്രോണ്ടൽ ലോബ് എന്നീ ഭാഗങ്ങളുടെ പ്രവർത്തന തകരാറും തലച്ചോറിലെ സെറോട്ടോണിൽ എന്ന രാസപദാർത്ഥത്തിന്റെ അളവ് കുറഞ്ഞ് നിൽക്കുന്നതും കാരണമായി ഗവേഷണങ്ങൾ തെളിയിക്കുന്നു.

## ചികിത്സാസമീപനങ്ങൾ

ഇവിടെ ഇത്തരം വ്യക്തികൾ മാനസിക വിഭ്രാന്തിയിലാണെന്ന് തോന്നുന്ന രീതിയിൽ പ്രതികരിക്കുന്നത് വ്യക്തിത്വവൈകല്യംകൊണ്ടാണ് കുടുംബാംഗങ്ങൾക്ക് മനസ്സിലാക്കി കൊടുക്കണം. മനഃശാസ്ത്ര ചികിത്സ പ്രധാനമായും ഡയലക്റ്റിക്കൽ ബിഹേവിയർ തെറാപ്പി വളരെ ഉപകാരപ്രദമാണ്. ഇവർക്ക് നല്ലത്, ചീത്ത എന്ന രണ്ടുവിധത്തിൽ മാത്രമെ ആളുകളെയും അനുഭവങ്ങളെയും ജീവിതത്തെ തന്നെയും കാണാൻ കഴിയൂ. ഈ ചിന്താരീതിയിൽ മാറ്റം വരുത്താൻ സൈക്കോതെറാപ്പി ഉപകാരപ്രദമാണ്. ബോഡിലൈൻ പേഴ്സണാലിറ്റി ഡിസോർഡർ ഉള്ള വ്യക്തിയിൽ വിഷാദരോഗവും ഉത്കണ്ഠയും ഭാഗമായതിനാൽ (Commorbidity) ഔഷധചികിത്സയും ആവശ്യമായി വരും. ഇവിടെ ചികിത്സയിൽ കുടുംബാംഗങ്ങൾക്കുള്ള പങ്ക്, ഫാമിലി തെറാപ്പി എന്നിവയുടെ ആവശ്യകത ഇത്തരം വ്യക്തികൾക്കൊപ്പം ജീവിക്കുന്നവർക്ക് മനസ്സിലാക്കി കൊടുക്കുകയും വേണം. ■

# സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താസ്

**സീറോമലബാർസഭയിലെ ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽ സന്യാസിനിസമൂഹമാണ് സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താസ് കോൺഗ്രിഗേഷൻ അഥവാ വി. മർത്തായുടെ സഹോദരിമാരുടെ സന്യാസിനിസമൂഹം**





1958 മാർച്ച് 11-ന് പാലാ രൂപതയിലെ മൂലമറ്റം ഇടവകയിലാണ് സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താസ് കോൺഗ്രിഗേഷൻ സ്ഥാപിതമായത്. പാലാ ബിഷപ്പായിരുന്ന മാർ സെബാസ്റ്റ്യൻ വയലിലും മാത്യു ജോസഫ് കളപ്പുരയിലും ചേർന്നാണ് ഈ സമൂഹത്തിന് രൂപം നല്കിയത്. ഈ സമൂഹത്തിൽ ഇന്ന് 245 സിസ്റ്റേഴ്സ് ഉണ്ട്. കേരളം, കർണാടക, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, മഹാരാഷ്ട്ര, ഗുജറാത്ത്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലും ജർമനിയിലും ഇറ്റലിയിലും ആയി 45 ശാഖാഭവനങ്ങളും നാല് ശുശ്രൂഷ രംഗങ്ങളും ആണുള്ളത്. ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത് (മത്താ 20:28) എന്ന തിരുവചനത്തിൽ ഊന്നി തന്റെ ഈശോയിലും ഈശോയോട് കൂടിയും ദൈവത്തിനും എല്ലാവർക്കും പ്രത്യേകിച്ച് ദരിദ്രരായ സ്ത്രീകൾക്കും കുട്ടികൾക്കും എളിയശുശ്രൂഷകളിലൂടെ എല്ലാമായി തീരുക എന്നതാണ് സഭയുടെ കാരിസം. 'സേവനത്തിൽ മഹത്വം' എന്നതാണ് സന്യാസ സമൂഹത്തിന്റെ മുദ്രാവാക്യം. സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താസ് സന്യാസിനി സമൂഹത്തിന്റെ തനിമയുടെ ഉറവിടം ബഥാനിയായിലെ വിശുദ്ധ മർത്ത ആണ്.

പ്രാർഥനയും പ്രയത്നവും സമഞ്ജസമായി സമ്മേളിപ്പിച്ചു കൊണ്ടുപോകുക, പ്രവർത്തനങ്ങൾക്കിടയിലും ദൈവവുമായി നിരന്തരം സമ്പർക്കം പുലർത്തിക്കൊണ്ട് പ്രാർഥനാ ചൈതന്യം നിലനിർത്തുക, അധ്വാനപരമായ ലളിതജീവിതം നയിക്കുക, എപ്പോഴും എല്ലായിടത്തും ശുശ്രൂഷാമനോഭാവം പുലർത്തുക, എളിയശുശ്രൂഷകൾ ചെയ്യുന്നതിൽ സന്തോഷം കണ്ടെത്തുക, പ്രാദേശിക സഭയുടെ ശുശ്രൂഷയ്ക്ക് സം ലഭ്യരാകുക എന്നിവ സഭാംഗങ്ങൾ ഏറ്റെടുത്തിരിക്കുന്ന സമർപ്പണ ജീവിതത്തിന്റെ പൈതൃക ഘടകങ്ങളാണ്. സന്യാസ സമൂഹങ്ങൾ ഏർപ്പെട്ടിരിക്കുന്ന വ്യത്യസ്തമായ അപ്പസ്തോലിക പ്രവർത്തനമണ്ഡലങ്ങൾ നഴ്സറി സ്കൂൾ, ഡേ കെയർ സെന്ററുകൾ, ടൈലറിംഗ് സെന്ററുകൾ, ബാലമന്ദിരങ്ങൾ, പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലുകൾ, ഡിസ്പെൻസറികൾ ആതുരശുശ്രൂഷ, മുദ്രാലയപ്രേക്ഷിതത്വം, വിദ്യാഭ്യാസ പ്രേക്ഷിതത്വം, ഇവാഞ്ചലൈസേഷൻ, കൗൺസലിംഗ്, സ്ത്രീശാക്തികരണം, കുടുംബപ്രേക്ഷിതത്വം, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ എന്നിവയാണ്.സിസ്റ്റേഴ്സ് ഓഫ് സെന്റ്. മർത്താസ് സന്യാസിനി സമൂഹം 1998 ഫെബ്രുവരി രണ്ടിന് രൂപതാ കോൺഗ്രിഗേഷനായും 2020 ഫെബ്രുവരി രണ്ടിന് മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്കും ഉയർത്തപ്പെട്ടു. ■

# ആദ് ലിമിനാ സന്ദർശനവും പൗരസ്ത്യസഭകളും



CANON LAW

**റവ. ഡോ. ജോസഫ് മറ്റത്തിൽ**

**പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമവും ഇപ്രകാരമുള്ള സന്ദർശനത്തെപറ്റി വ്യക്തമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. 'പാത്രിയാർക്കൽ സഭയുടെ അധികാരസീമക്കുള്ളിൽ അധികാരം വിനിയോഗിക്കുന്ന രൂപതാമെത്രാൻ, സിംഹാസനാരോഹണത്തിനുശേഷം അഞ്ചുവർഷത്തിനുള്ളിൽ കഴിയുമെങ്കിൽ പാത്രിയാർക്കിസിനോടുകൂടി, വി. പത്രോസ് വി.പൗലോസ് ശ്ലീഹന്മാരുടെ കബറിടങ്ങൾ വണങ്ങുന്നതിനും സാർവത്രികസഭയിൽ പരമാധികാരമുള്ള വി. പത്രോസിന്റെ പിൻഗാമിയെ സന്ദർശിക്കുന്നതിനുമായി റോമാസന്ദർശനം നടത്തേണ്ടതാണ്.'**

ആദിമ ക്രൈസ്തവരുടെ ആരംഭം മുതലേയുള്ള പാരമ്പര്യമാണ് അപ്പസ്തോലന്മാരായ വി. പത്രോസിന്റെയും വി. പൗലോസിന്റെയും കബറിടങ്ങളിലേക്ക് തീർഥയാത്ര നടത്തുന്നതും അവരുടെ കബറിടങ്ങൾ വണങ്ങുന്നതും. ലത്തീൻ ഭാഷയിൽ *ad limina apoostlorum* എന്ന വാചകത്തിന്റെ ഇംഗ്ലീഷ് പരിഭാഷ 'to the thresholds of the aposltles' എന്നാണ്. അപ്പസ്തോലന്മാരുടെ കബറിടങ്ങളിലേക്കുള്ള സന്ദർശനം എന്നാണ് 'ആദ്‌ലിമിനാ സന്ദർശനം' (ad limina visit) എന്നതുകൊണ്ട് അർഥമാക്കുന്നത്. അപ്പസ്തോലന്മാരായ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ കബറിടം സന്ദർശിച്ചു വണങ്ങുക എന്നതാണ് ഈ സന്ദർശനത്തിന്റെ പ്രധാന ഉദ്ദേശം.

സഭയുടെ നെടുംതൂണുകളായ പത്രോസ് – പൗലോസ് ശ്ലീഹന്മാരുടെ തിരുശേഷിപ്പുകൾ വണങ്ങുന്നതിനായും പത്രോസിന്റെ പിൻഗാമിയായ മാർപാപ്പയെ സന്ദർശിക്കുന്നതിനായും അഞ്ചുവർഷത്തിലൊരിക്കൽ റോമിൽ സന്ദർശനം നടത്തുന്ന പതിവു ലത്തീൻ സഭയിലെ എല്ലാ മെത്രാന്മാരും നിർവഹിക്കുന്നുണ്ട്. ലത്തീൻ കാനൻ നിയമമനുസരിച്ച് എല്ലാ മെത്രാന്മാരും അഞ്ചുവർഷത്തിലൊരിക്കൽ നിർബന്ധമായും റോം സന്ദർശിക്കുകയും വി. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ കബറിടങ്ങൾ സന്ദർശിക്കുകയും മാർപാപ്പയുമായി കൂടിക്കാഴ്ച്ചനടത്തുകയും രൂപതയുടെ അഞ്ചു വർഷത്തെ പ്രവർത്തനറിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യണമെന്ന് CIC cc. 399-400 കാനോനകൾ അനുശാസിക്കുന്നുണ്ട്.

പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമവും ഇപ്രകാരമുള്ള സന്ദർശനത്തെപറ്റി വ്യക്തമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. "പാത്രിയാർക്കൽ സഭയുടെ അധികാരസീമക്കുള്ളിൽ അധികാരം വിനിയോഗിക്കുന്ന രൂപതാമെത്രാൻ, സിംഹാസനാരോഹണത്തിനുശേഷം അഞ്ചുവർഷത്തിനുള്ളിൽ കഴിയുമെങ്കിൽ പാത്രിയാർക്കീസിനോടുകൂടി, വി. പത്രോസ്-വി.പൗലോസ് ശ്ലീഹന്മാരുടെ കബറിടങ്ങൾ വണങ്ങുന്നതിനും സാർവത്രികസഭയിൽ പരമാധികാരമുള്ള വി. പത്രോസിന്റെ പിൻഗാമിയെ സന്ദർശിക്കുതിനുമായി റോമാ സന്ദർശനം നടത്തേണ്ടതാണ്." (CCEO c. 208 §1)

ഇതിൻപ്രകാരം പാത്രിയാർക്കൽ-മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭകളുടെ അതിർത്തിക്കുള്ളിൽ അധികാരം വിനിയോഗിക്കുന്ന രൂപതാ മെത്രാന്മാർ, സ്ഥാനാരോഹണത്തിനു ശേഷം അഞ്ചുവർഷത്തിനുള്ളിൽ ഈ സന്ദർശനം പാത്രിയാർക്കീസിനോടൊപ്പം അല്ലെങ്കിൽ മേജർ ആർച്ചുബിഷപ്പിനോടൊപ്പം നടത്തണം. എന്നാൽ അവർ ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഈ സന്ദർശനം നടത്തണമെന്ന് കാനൻ നിയമം അനുശാസിക്കുന്നില്ല. അതേസമയം പാത്രിയാർക്കൽ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭകളുടെ അതിർത്തിക്കുപുറത്തുള്ള രൂപതാമെത്രാന്മാർ അഞ്ചുവർഷത്തിലൊരിക്കൽ റോമാ സന്ദർശനം നടത്താൻ കടപ്പെട്ടവരാണെന്നു പൗരസ്ത്യകാനൻ നിയമം അനുശാസിക്കുന്നു. (CCEO c. 208 §2)

പൗരസ്ത്യസഭകളിലെ ആദ്‌ലിമിനാ സന്ദർശനം സംബന്ധിച്ചുള്ള എല്ലാക്രമീകരണങ്ങളും വത്തിക്കാനിൽ നടത്തുന്നതു പൗരസ്ത്യസഭകൾക്കു വേണ്ടിയുള്ള കാര്യാലയമാണ്. 2022 മാർച്ച് 19നു ഫ്രാൻസിസ് മാർപാപ്പ വിളംബരംചെയ്ത 'പ്രെഡിക്കാത്തേ ഇവാൻഗേലിയും' (Predicatae evangelium) എന്ന അപ്പസ്തോലിക് പ്രബോധനമാണ് നിലവിൽ ഇതിനെകുറിച്ചുള്ള നിയമങ്ങൾ അവതരിപ്പിച്ചിരിക്കുന്നത് (PE articles 38-42, 84 §1). പിന്തുടർച്ചാവകാശമുള്ള മെത്രാനോ (Coadjathur Bishop), സഹായമെത്രാനോ ഈ സന്ദർശനം നടത്താൻ കടമയില്ല. രൂപത മെത്രാന്മാർക്കാണ് ഇപ്രകാരം കടമയുള്ളത്. ആദ്‌ലിമിനാ സന്ദർശനത്തിലൂടെ മെത്രാന്മാർ തമ്മിലും സഭയുടെ പിതാവും തലവനുമായ മാർപാപ്പയോടുമുള്ള കൂട്ടായ്മയുടെയും പരസ്പരമുള്ള ഇടപാടുകളുടെയും ആശയവിനിമയവുമാണ് ഇത്തരം സന്ദർശനങ്ങളിൽ നടക്കുന്നത്. ആദ്‌ലിമിനാ സന്ദർശനങ്ങളിൽ നടക്കുന്ന മൂന്നുകാര്യങ്ങളെകുറിച്ച് (PE art. 38) വിശദീകരിക്കുന്നു.

1. വി. പത്രോസ്- വി.പൗലോസ് ശ്ലീഹന്മാരുടെ കബറിടം സന്ദർശിച്ച് വണങ്ങുക.

2. വി. പത്രോസിന്റെ പിൻഗാമിയായ മാർപാപ്പയുമായി കൂടിക്കാഴ്ച്ചനടത്തുക.

3. റോമൻ കൂരിയായുടെ വിവിധ കാര്യാലയങ്ങൾ സന്ദർശിച്ചു കൂടിക്കാഴ്ച്ചകൾ നടത്തുക എന്നിവയാണ്.

ചുരുക്കത്തിൽ പൗരസ്ത്യസഭകൾക്ക് ആദ്‌ലിമിനാ സന്ദർശനം സഭയുടെ ഭരണപരമായ ഒരു പ്രവൃത്തിമാത്രമല്ല, മറിച്ചു, സാർവത്രികസഭയോടും സഭയുടെ പിതാവും തലവനുമായ മാർപാപ്പയോടുമുള്ള ഐക്യവും വിധേയത്വവും പ്രഖ്യാപിക്കുന്ന അവസരമാണ്. പത്രോസിന്റെ പിൻഗാമി മറ്റു അപ്പസ്തോലന്മാരാൽ സ്ഥാപിക്കപ്പെട്ട സഭകളിലെ തലവന്മാരെയും മെത്രാന്മാരെയും സ്വീകരിക്കുമ്പോൾ അത് ആദിമസഭയിൽ അപ്പസ്തോലന്മാർ ഒരുമിച്ചു കൂടുമ്പോഴുള്ള കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും മനോഹരമായ വേദിയായി മാറുകയും ചെയ്യുന്നു. കൂടാതെ റോമിലെ പത്രോസ്-പൗലോസ് ശ്ളീഹന്മാരുടെ കബറിടം സന്ദർശിക്കുന്ന പൗരസ്ത്യ സഭകളിലെ മെത്രാന്മാർ ഈശോയ്ക്കുവേണ്ടി രക്തസാക്ഷിത്വം വരിച്ച ഈ മഹാ അപ്പസ്തോലന്മാർ തെളിച്ച വിശ്വാസദീപം ലോകത്തിന്റെ അതിർത്തികൾ വരെ നിർഭയം എത്തിക്കാനുള്ള അവരുടെ ദൗത്യത്തിന്റെ പ്രാചോദനവും ഊർജ്ജവും സ്വീകരിക്കുന്ന മനോഹരമായ അവസരമായി ഈ സന്ദർശനം മാറുന്നു.

# മാർ കുര്യാക്കോസ് ഭരണികുളങ്ങര സ്ഥാനമേറ്റു





ന്യൂഡൽഹി: പ്രാർത്ഥനാമുഖരിതമായ അന്തരീക്ഷത്തിൽ ഫരീദാബാദ് അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി മാർ കുര്യാക്കോസ് ഭരണികുളങ്ങര സ്ഥാനമേറ്റു. തൽക്കത്തോറ ഇൻഡോർ സ്റ്റേഡിയത്തിലായിരുന്നു ചടങ്ങുകൾ. സീറോമലബാർസഭ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ചടങ്ങുകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. സീറോമലബാർ, ലത്തീൻ, സീറോ മലങ്കര സഭകളിലെ വിവിധ രൂപതകളിൽ നിന്ന് മുപ്പതോളം മെത്രാന്മാർ ചടങ്ങിന് സഹ കാർമ്മികരായിരുന്നു. രൂപതയിൽ സേവനം ചെയ്യുന്ന നൂറോളം വൈദികരും മുന്നൂറോളം സന്യാസപ്രതിനിധികരും 2000 ത്തോളം വരുന്ന അല്മായരും ചടങ്ങിൽ പങ്കെടുത്തു. വൈദികരും മെത്രാന്മാരും പങ്കെടുത്ത പ്രദക്ഷിണത്തോടെ ചടങ്ങുകൾക്ക് തുടക്കം കുറിച്ചു.

വി. കുർബാനയിൽ മാർ കുര്യാക്കോസ് ഭരണികുളങ്ങര മുഖ്യകാർമ്മികനായിരുന്നു. മാർ റാഫേൽ തട്ടിൽ വചനസന്ദേശം നൽകി. അനുമോദന സമ്മേളനത്തിൽ കേന്ദ്രമന്ത്രിമാരായ കിരൺ റിജ്ജു, ഹർദീപ് സിംഗ് പൂരി, ജോർജ് കുര്യൻ എന്നിവരും കേരള സംസ്ഥാനസർക്കാരിനെ പ്രതിനിധീകരിച്ച് മന്ത്രി കെ. വി. തോമസും പങ്കെടുത്തു.

എഡി 52ൽ ഇന്ത്യയിൽ ക്രൈസ്തവമതം ആരംഭിച്ചതിന് ശേഷം രാജ്യത്തിന്റെ വിവിധ തലത്തിൽ അവർ നൽകിയ സേവനം വിലമതിക്കാനാവാത്തതാണ്. പ്രത്യേകിച്ചും ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ക്രൈസ്തവരുടെ സംഭാവന രാജ്യത്തിന്റെ പുരോഗതിയിൽ വളരെ പ്രാധാന്യം അർഹിക്കുന്നതാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു. കത്തോലിക്കാസഭയുടെ അച്ചടക്കവും കേന്ദ്രീകൃത സ്വഭാവവും തന്നെ പലപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുണ്ട്.

സി. ബി. സി. ഐ. പ്രസിഡന്റ് മാർ ആൻഡ്രൂസ് താഴത്ത്, തലശ്ശേരി അതിരൂപത മെത്രാപ്പോലീത്തയും എറണാകുളം അങ്കമാലി അതിരൂപതയിൽ മേജർ ആർച്ചുബിഷപ്പിന്റെ വികാരിയുമായ മാർ ജോസഫ് പാംബ്ലാനി എന്നിവർ പ്രസംഗിച്ചു. 2012-ൽ ആരംഭിച്ച ഫരീദാബാദ് രൂപത 13 വർഷങ്ങൾക്കിപ്പുറം അതിരൂപതയായി ഉയർത്തപ്പെട്ടത്, രാജ്യതലസ്ഥാനത്തും അതിനോട് ചേർന്ന പ്രദേശങ്ങളിലും സീറോമലബാർ വിശ്വാസികൾ നൽകിയ ഉദാത്തമായ ക്രൈസ്തവ വിശ്വാസസാക്ഷ്യത്തിന് സഭ നൽകിയ അംഗീകരമാണെന്ന് സ്ഥാനാരോഹണ ചടങ്ങിന്റെ പേട്രനും ഫരീദാബാദ് അതിരൂപതയുടെ സഹായ മെത്രാനുമായ മാർ ജോസ് പുത്തൻവീട്ടിൽ പറഞ്ഞു.

# മാർ ജെയിംസ് പട്ടേരിൽ അഭിഷിക്തനായി





ബെൽത്തങ്ങാടി രൂപതയുടെ രണ്ടാമത്തെ മെത്രാനായി മാർ ജെയിംസ് പട്ടേരിൽ അഭിഷിക്തനായി. 1960കളിൽ ബൽത്തങ്ങാടി താലൂക്കിലെ കളഞ്ചയിലേക്ക് കുടിയേറിയതാണ് മാർ ജെയിംസ് പട്ടേരിലിന്റെ കുടുംബം. പരേതരായ ഏബ്രഹാം റോസമ്മ ദമ്പതികളുടെ ഏഴുമക്കളിൽ ആറാമനാണ് മാർ ജയിംസ് പട്ടേരിൽ. ബൽത്തങ്ങാടിയിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം കുറവിലങ്ങാട്, ബെംഗളൂരു, ജർമനി എന്നിവിടങ്ങളിൽനിന്ന് പഠനം പൂർത്തിയാക്കി. 1997 മുതൽ 2025 വരെ ജർമനിയിലായിരുന്നു. വൂൾവ്സ്ബർഗ് പ്രൊവിൻസിന്റെ പ്രൊക്യുറേറ്റർ ആയിരിക്കെയാണ് ബിഷപ്പായി നിയമിക്കപ്പെട്ടത്. ബെൽത്തങ്ങാടി സെന്റ് ലോറൻസ് കത്തീഡ്രൽ ദേവാലയത്തിൽ നടന്ന മെത്രാഭിഷേകചടങ്ങിന് സീറോമലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി, ബിഷപ്പ് മാർ ലോറൻസ് മുക്കുഴി, മാർ ജോർജ് വലിയമറ്റം, മാർ ജോർജ് ഞരളക്കാട്ട്, ബിഷപ്പ് ഡോ. പീറ്റർ മച്ചാഡോ, മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, മാർ തോമസ് തറയിൽ, മാർ ജോസ് പുളിക്കൽ, മാർ ജോസ് പൊരുന്നേടം, മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ ജോസഫ് ചിറ്റൂപറമ്പിൽ, മാർ ജോസ് പുത്തൻവീട്ടിൽ തുടങ്ങി രാജ്യത്തിന്റെ വിവിധ ഭാഗത്തു നിന്നുള്ള 41 ബിഷപ്പുമാർ സഹകാർമികരായിരുന്നു. മെത്രാഭിഷേക ചടങ്ങിനെ തുടർന്ന് നടന്ന പൊതു സമ്മേളനത്തിൽ സ്ഥാനമൊഴിയുന്ന ബിഷപ് മാർ ലോറൻസ് മുക്കുഴിക്ക് യാത്രയയ്പ്പും മാർ ജെയിംസ് പട്ടേരിക്കു അനുമോദനങ്ങളുമർപ്പിച്ചു. പൊതുസമ്മേളനം ബാംഗളൂരു മെട്രോപൊളിറ്റൻ ആർച്ചുബിഷപ്പ് ഡോ. പീറ്റർ മച്ചാഡോ ഉദ്ഘാടനം ചെയ്തു. സിബിസിഐ പ്രസിഡന്റ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് മുഖ്യ സന്ദേശം നൽകി. പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ച് കുടിയേറ്റജനത വിയർപ്പും രക്തവും ചിന്തി യാഥാർഥ്യമാക്കിയ ബൽത്തങ്ങാടി രൂപത ഇന്നു സീറോമലബാർ സഭയുടെ അഭിമാനമാനമായി വളർന്നിരിക്കുകയാണെന്ന് മാർ റാഫേൽ തട്ടിൽ പറഞ്ഞു.

ഇതിനു കാരണം മാർ ലോറൻസ് മുക്കുഴിയുടെ നേതൃമികവാണ്. പലഭാഗങ്ങളിലായി ചിതറിക്കിടന്ന ഇവിടുത്തെ ക്രൈസ്തവകുടുംബങ്ങളെ ഒരു കുടക്കീഴിലാക്കി നയിച്ചു. മികച്ച ഒരു വിഷനറിയും മിഷനറിയുമാണ് അദ്ദേഹം. മേജർ ആർച്ചുബിഷപ് പറഞ്ഞു. ഡെപ്യൂട്ടി അപ്പസ്തോലിക് ന്യൂൺഷ്യോയുടെ പ്രതിനിധി മോൺ. ആൻഡ്രേ ഫ്രാൻചാ സന്ദേശം നൽകി.

1999 ലാണ് ബൽത്തങ്ങാടി രൂപത സ്ഥാപിതമായത്. മാർ ലോറൻസ് മുക്കുഴിയായിരുന്നു ആദ്യത്തെ മെത്രാൻ. അതുവരെ തലശ്ശേരി രൂപതയുടെ മിഷൻ പ്രദേശമായിരുന്നു രുന്നു ബൽത്തങ്ങാടി.

# പൗരോഹിത്യം സമർപ്പണത്തിന്റെ സമ്പൂർണ്ണസൗന്ദര്യം പ്രകടമാക്കാനുള്ള വിളി: മേജർ ആർച്ചുബിഷപ്



'പൗരോഹിത്യം ദൈവത്തിനും മനുഷ്യർക്കുമായി ഒരു വ്യക്തിക്ക് നടത്താവുന്ന സമർപ്പണത്തിന്റെ സൗന്ദര്യം സമ്പൂർണ്ണമായി വ്യക്തമാക്കുന്ന വിളിയാണെന്നും ഏതു കാലഘട്ടത്തിലും പുരോഹിതന്റെ നിസ്വാർത്ഥ സമർപ്പണം സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് അനിവാര്യമാണെന്നും സീറോമലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ്. 2025 നവംബർ 24 നു സീറോ മലബാർസഭയുടെ ക്ലർജി കമീഷന്റെ ആഭിമുഖ്യത്തിൽ സഭയുടെ കേന്ദ്ര കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ രജത ജൂബിലി വർഷത്തിലുള്ളവരെ ആദരിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽനിന്നുമായി നാല്പതോളം വൈദികർ ചടങ്ങിൽ പങ്കെടുത്തു. വൈദികർക്കുവേണ്ടിയുള്ള കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ടോണി നീലങ്കാവിൽ, സെക്രട്ടറി റവ. ഡോ. ടോം ഓലിക്കരോട്ട് എന്നിവർ ആശംസകൾ നേർന്നു.

# വിൻസെന്റ്ഗിരി സിസ്റ്റേഴ്സ് സുവർണ്ണജൂബിലി ആഘോഷിച്ചു



മാനന്തവാടി: ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖമാണ് വിൻസെന്റ്ഗിരി സന്യാസിനി സമൂഹമെന്ന് സീറോമലബാർസഭ മേജർ ആർച്ചു ബിഷപ് മാർ റാഫേൽ തട്ടിൽ.

കോൺഗ്രിഗേഷൻ ഓഫ് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് വിൻസന്റ് ഡി പോൾ ഇന്ത്യയിൽ ആരംഭിച്ചതിന്റെ സുവർണജൂബിലി സമാപന ആഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം അധ്യക്ഷത വഹിച്ചു. തലശേരി അതിരൂപത മുൻ ആർച്ചുബിഷപ് മാർ ജോർജ് ഞരളക്കാട്ട് സുവർണ ജൂബിലി സ്മരണിക പ്രകാശനം ചെയ്തു.

മാനന്തവാടി രൂപത സഹായമെത്രാൻ മാർ അലക്സ് താരാമംഗലം, ക്രിസ്തുദാസി സന്യാസസമൂഹത്തിന്റെ സുപ്പീരിയർ സിസ്റ്റർ ടീന എസ് കെ ഡി, വിൻസെൻഷ്യൻ വൈദിക സമൂഹത്തിന്റെ വൈസ് പ്രൊവിൻഷ്യൽ ഫാ. മാത്യു പോതാലിൽ, ജർമ്മനിയിലെ ബ്രദർ ബോൺ വിൻസൻഷൻ സമൂഹത്തിന്റെ സുപ്പീരിയർ സിസ്റ്റർ കാതറിൻ മോക്ക്, ഫാ. ഡൊമിനിക് വളകുടിയിൽ എന്നിവർ പ്രസംഗിച്ചു. 1974-ൽ മാനന്തവാടി രൂപതയിൽ സ്ഥാപിതമായ വിൻസെൻഷ്യൻ സന്യാസമൂഹം ഇന്ത്യയ്ക്ക് പുറമെ ജർമ്മനി, അമേരിക്ക, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലും സേവനം ചെയ്യുന്നു. ആതുരശുശ്രൂഷ, മാനസികാരോഗ്യം, ഡി അഡിക്ഷൻ സെന്ററുകൾ, വിദ്യാഭ്യാസം തുടങ്ങിയ മേഖലയിൽ സജീവമാണ് വിൻസെൻഷ്യൻ സമൂഹം.

വിൻസെന്റ്ഗിരി സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സിസ്റ്റർ ഫിലോ മൂലക്കര, അസിസ്റ്റൻസ് സുപ്പീരിയർജനറൽ സിസ്റ്റർ ആൻസിറ്റ, കൗൺസിലർമാരായ സിസ്റ്റർ ലൂസി ആന്റണി, സിസ്റ്റർ എൽസ ടോം, സിസ്റ്റർ അഞ്ജലി തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# അമേരിക്കയിൽ മലയാളി വൈദികസംഗമം 'കൊയ്നോനിയ 2025'



അമേരിക്കൻ മണ്ണിൽ മലയാളി കത്തോലിക്കാ വൈദികരുടെ സംഗമം 'കൊയ്നോനിയ 2025' നടന്നു. ചിക്കാഗോ സീറോമലബാർ രൂപതയുടെ ഒരുവർഷം നീണ്ടുനില്ക്കുന്ന രജതജൂബിലിയാഘോഷങ്ങളുടെ ഭാഗമായിട്ടായിരുന്നു മഹാവൈദിക സംഗമം. നവംബർ 18, 19 തീയതികളിൽ നടന്ന സംഗമത്തിൽ അമേരിക്കയിലെ വിവിധസംസ്ഥാനങ്ങളിലും വിവിധ മേഖലകളിലുമായി സേവനം ചെയ്യുന്ന അഞ്ഞൂറോളം മലയാളികത്തോലിക്കാ വൈദികർ പങ്കെടുത്തു. മിയാമി ഔർ ലേഡി ഓഫ് ഹെൽത്ത് ഫെറോന ദേവാലയത്തിലായിരുന്നു സംഗമം സംഘടിപ്പിച്ചത്. സീറോമലബാർ മലങ്കര ലത്തീൻ റീത്തുകളിൽ നിന്നും ക്നാനായ സമൂഹത്തിൽ നിന്നും വിവിധ സന്യാസസമൂഹങ്ങളിൽ നിന്നുമുള്ള വൈദികരാണ് സംഗമത്തിൽ പങ്കെടുത്തത്. അമേരിക്കൻ ബിഷപ്സ് കോൺഫ്രൻസ് അംഗവും പെൻസിക്കോള ബിഷപ്പുമായ ബിഷപ് വില്യമേ വാക്ക്, മിയാമി ആർച്ചുബിഷപ് തോമസ് വെൻസ്കി, ചിക്കാഗോ സീറോമലബാർരൂപത ബിഷപ് മാർ ജോയി ആലപ്പാട്ട്, മുൻ രൂപതാധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്ത് തുടങ്ങിയവർ ചടങ്ങിന്റെ സംസാരിച്ചു. മതസാമൂഹികസാംസ്കാരികമേഖലകളിൽ നിന്നുള്ള വ്യക്തികളും പങ്കെടുത്തു. അഭിവന്ദ്യ. പിതാക്കന്മാരുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച വിശുദ്ധകുർബാനയിൽ 200 ഓളം വൈദികർ സഹകാർമ്മികരായിരുന്നു. സ്നേഹവിരുന്ന്, സാംസ്കാരിക പരിപാടികൾ എന്നിവയും നടന്നു. ചിക്കാഗോ സീറോമലബാർ രൂപതയിൽ 54 ഇടവകകളും 35 മിഷൻ സെന്ററുകളും എഴുപതോളം വൈദികരും ഒരു ലക്ഷത്തിലധികം വരുന്ന വിശ്വാസീസമൂഹവുമുണ്ട്.

# പാസ്റ്ററൽ-പ്രസ്ബിറ്ററൽ കൗൺസിൽ അംഗങ്ങൾക്ക് സഭയെ പടുത്തുയർത്തുന്നതിൽ കൂട്ടുത്തരവാദിത്വം: മാർ റാഫേൽ തട്ടിൽ



പാല: പാസ്റ്ററൽ കൗൺസിലും പ്രസ്ബിറ്ററൽ കൗൺസിലും രൂപതാധ്യക്ഷന്റെ രണ്ട് ചിറകുകൾ ആണെന്നും പാസ്റ്ററൽ-പ്രസ്ബിറ്ററൽ കൗൺസിൽ അംഗങ്ങൾക്ക് സഭയെ പടുത്തുയർത്തുന്നതിൽ കൂട്ടുത്തരവാദിത്വമാണുള്ളത് എന്നും മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. പാലാ രൂപത പതിനാലാം പാസ്റ്ററൽ കൗൺസിലിന്റെയും പ്രസ്ബിറ്ററൽ കൗൺസിലിന്റെയും ഉദ്ഘാടനം സെന്റ് തോമസ് കത്തീഡ്രൽ പാരിഷ് ഹാളിൽ ഉദ്ഘാടനം ചെയ്തുസംസാരിക്കുകയായിരുന്നു അദ്ദേഹം. പാലാ രൂപതാ പ്രഥമമെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ സ്വർഗപ്രവേശനത്തിന്റെ 39-ാം വാർഷികദിനത്തിലായിരുന്നു ചടങ്ങ്. മേജർ ആർച്ചുബിഷപ്പിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയ്ക്കും ഒപ്പീസ് പ്രാർഥനയ്ക്കുശേഷമായിരുന്നു ഉദ്ഘാടനസമ്മേളനം. രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷനായിരുന്നു.

പാസ്റ്ററൽ കൗൺസിൽ ചെയർമാനായി ചൂണ്ടച്ചേരി എൻജിനീയറിങ് കോളേജ് പ്രിൻസിപ്പൽ ഡോ. വി. പി. ദേവസ്യ വള്ളിക്കാവുങ്കലും സെക്രട്ടറിയായി അഡ്വ. സിജി ആന്റണി തെക്കേടത്തും പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറിയായി ഫാ. മാത്യു ആലപ്പാട്ടുമേടയിലും തിരഞ്ഞെടുക്കപ്പെട്ടു. പ്രസ്ബിറ്ററൽ കൗൺസിലിൽ രൂപ വൈദികരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വൈദികരും പാസ്റ്ററൽ കൗൺസിലിൽ രൂപതയിലെ തെരഞ്ഞെടുക്കപ്പെട്ട വൈദികരും വിവിധ സന്യാസസമൂഹങ്ങളിലെ ജനറൽസ് പ്രൊവിൻഷ്യൽസ് അടങ്ങിയ സിസ്റ്റേഴ്സും അത്മായരും അടങ്ങുന്നവരാണ് അംഗങ്ങൾ. രൂപതയുടെ വിവിധ തലങ്ങളിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ടവരും വിവിധ സംഘടനകളുടെ പ്രതിനിധികളും നോമിനേറ് ചെയ്യപ്പെട്ടവരുമാണ് പാസ്റ്ററൽ കൗൺസിലിലെ അംഗങ്ങൾ. പാലാ രൂപത മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പങ്കെടുത്തു.

# സംയുക്ത യുവജനസംഗമം നടത്തി



മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലെ യൂത്ത് അപ്പസ്തോലേറ്റും എറണാകുളം-അങ്കമാലി അതിരൂപതയുടെകീഴിലുള്ളപൊങ്ങംനൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജിയിലെ എൻ.എസ്.എസ്. വിദ്യാർത്ഥികളും ചേർന്ന് യുവജന സമ്മേളനം നടത്തി. എഴുപതോളം വിദ്യാർത്ഥികൾ പങ്കെടുത്തു. സെമിനാരി റെക്ടർ വെരി റവ. ഡോ. സ്റ്റാൻലി പുൽപ്രയിൽ ഉദ്ഘാടനം ചെയ്തു. നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിമ്മി കുന്നത്തൂർ ആശംസ അറിയിച്ചു.

പരിപാടിയുടെ ഭാഗമായി വിദ്യാർഥികൾ തമ്മിലുള്ള ഇന്ററാക്ഷൻ സെക്ഷനും ചർച്ചകളും ഒപ്പം ചോദ്യോത്തരങ്ങളും നടന്നു. അവസാന സെഷനിൽ ആലുവ ചുണങ്ങംവേലിയിലെ എസ്.ഡി. സിസ്റ്റേഴ്സ് നടത്തുന്ന വൃദ്ധസദനം സന്ദർശിച്ചു. സെമിനാരി വിദ്യാർഥികൾ ഒരുക്കിയ സ്നേഹവിരുന്ന് ഇരുകൂട്ടരും ചേർന്ന് അന്തേവാസികൾക്കായി വിളമ്പി. സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി യൂത്ത് അപ്പസ്തോലേറ്റ് ഡയറക്ടർ റവ. ഡോ. ലൂക്ക് തടത്തിൽ പരിപാടികൾക്ക് നേതൃത്വം നൽകി.

# എസ്.ഐ.ആർ: സീറോമലബാർ സഭാംഗങ്ങൾ എല്ലാവരും പങ്കുചേരുന്നു എന്ന് ഉറപ്പു വരുത്തണം!




നിയമസഭയിലേക്കും ലോക്സഭയിലേക്കുമുള്ള തെരഞ്ഞെടുപ്പ് വോട്ടർ പട്ടികയുടെ Special Intensive Revision- SIR നടന്നു വരികയാണല്ലോ. അതിൽ നമ്മുടെ സഭാംഗങ്ങൾ എല്ലാവരും പങ്കുചേരുന്നു എന്ന് ഉറപ്പു വരുത്തുമല്ലോ. നമ്മുടെ ഇടയിൽ പ്രായമായവരും ഒറ്റയ്ക്ക് താമസിക്കുന്നവരുമായി അനേകം കുടുംബങ്ങൾ ഉണ്ട്. അവർക്കെല്ലാം എന്യൂമറേഷൻ ഫോം ലഭിക്കുന്നതിനും പൂരിപ്പിച്ച് യഥാസമയം തിരികെ നൽകുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ആവശ്യമെങ്കിൽ ഇടവകതലത്തിൽ ചെയ്യേണ്ടതുണ്ട്. ഇക്കാര്യത്തിൽ എ.കെ.സി.സി., എസ്.എം.വൈ.എം. തുടങ്ങിയ സംഘടനകൾ സജീവമായി ഇടപെടുന്നതിന് ആഹ്വാനം ചെയ്യുന്നു.

2002 വോട്ടർ പട്ടിക അടിസ്ഥാനമാക്കിയാണ് SIR നടപടികൾ പുരോഗമിക്കുന്നത്. 2002 ലെ വോട്ടർ പട്ടികയിൽ ഉൾപ്പെട്ട് ഇപ്പോഴും അതേ സ്ഥലത്തു തന്നെ വോട്ടർ ആയിരിക്കുന്നവർക്ക് താരതമ്യേന എളുപ്പത്തിൽ എന്യൂമറേഷൻ ഫോം വിവരങ്ങൾ ചേർത്തു കൊടുക്കാൻ സാധിക്കും.

എന്നാൽ 2002-നു ശേഷം വോട്ടർ പട്ടികയിൽ പേരു ചേർത്തവർ, 2002 പട്ടികയിൽ നിന്നും തങ്ങളുടെ മാതാപിതാക്കളുടെ വോട്ടർ പട്ടിക വിവരങ്ങൾ കണ്ടെത്തി തന്നിരിക്കുന്ന SIR ഫോമിൽ ചേർക്കുക. അതുപോലെതന്നെ 2002 ലെ വോട്ടർ പട്ടികയിൽ പേര് ഉണ്ടായിരുന്നവർ വിവാഹം കഴിച്ചോ, താമസം മാറിയോ പുതിയ സ്ഥലത്തെ വോട്ടർ പട്ടികയിലാണ് നിലവിലുള്ളതെങ്കിൽ പഴയ സ്ഥലത്തെ തങ്ങളുടെ വോട്ടർ പട്ടിക വിവരങ്ങൾ ഫോമിൽ ചേർത്തു നൽകണം. 2002 വോട്ടർ പട്ടിക www.ceo.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രത്യേകമായി കേരളത്തിന് വെളിയിലോ ഇന്ത്യയ്ക്കു പുറത്തോ പ്രവാസികളായി കഴിയുന്ന കുടുംബാംഗങ്ങൾ, സഹോദരങ്ങൾ, നിലവിൽ കുടുംബത്തോടെ നാട്ടിലില്ലാത്തവർ, ചെറുപ്പത്തിലേ നാട്ടിൽ നിന്നു മിഷണറിമാരായി പോയിട്ടുള്ള വൈദികർ, സന്യസ്തർ എന്നിവരുടെ പേരുകൾ അവർ ഇന്ത്യൻ പൗരത്വം നിലനിർത്താൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ തീർച്ചയായും SIRൽ ചേർക്കണം. ഇതിനായി അവരുടെ കുടുംബാംഗങ്ങളും രക്തബന്ധത്തിലുള്ളവരും പ്രത്യേകം ശ്രദ്ധിക്കണം. SIR ഫോം ഓൺലൈൻ ആയി പൂരിപ്പിച്ച് നൽകാനും സൗകര്യമുണ്ട്. ഇതിന്റെ ഗൗരവം മനസ്സിലാക്കി SIR നടപടിക്രമങ്ങൾ കൃത്യമായി പൂർത്തീകരിക്കാൻ എല്ലാവരും ശ്രദ്ധിക്കുക. 2025 ഡിസംബർ 9-ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമെന്നാണ് ഇപ്പോൾ അറിയാൻ കഴിഞ്ഞിരിക്കുന്നത്. അതിൽ പേരില്ലാത്ത പതിനെട്ടു വയസ്സ് പൂർത്തിയായ എല്ലാവരും നിർബന്ധമായും പേരു ചേർക്കാനും വോട്ടവകാശം വിനിയോഗിക്കാനും ശ്രദ്ധിക്കുമല്ലോ.

പബ്ലിക് അഫയേഴ്സ് കമ്മീഷൻ

YOUTH

# AI അല്ല EI ആണ് വേണ്ടത്

ഇത് AI യുടെകാലമാണ്. എന്തിനും ഏതിനും AI യെ ആശ്രയിക്കുന്ന പ്രവണത കൂടിവരുന്നു. എന്നാൽ AI ഉണ്ടെങ്കിൽ മാത്രം ജീവിതത്തിൽ വിജയിക്കാൻ കഴിയുമോ? ഒരിക്കലുമില്ല. AI യെക്കാൾ അത്യാവശ്യം EI ആണ് വേണ്ടത്. എന്താണ് EI ?

Emotional Intelligence ആണ് EI. സ്വന്തം വികാരങ്ങളും മറ്റുള്ളവരുടെ വികാരങ്ങളും മനസ്സിലാക്കാനും നിയന്ത്രിക്കാനും ശരിയായ രീതിയിൽ പ്രതികരിക്കാനുമുള്ള കഴിവാണ് ഇമോഷണൽ ഇന്റലിജൻസ്. ജോലിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുമ്പോൾ ഇതേറെ ആവശ്യമാണ്. കഴിവും വിദ്യാഭ്യാസയോഗ്യതയും സാങ്കേതികപരിജ്ഞാനവും പ്രധാനപ്പെട്ടതാകുമ്പോഴും അതിനെക്കാൾ പ്രധാനപ്പെട്ടതായി കമ്പനികൾ ഇന്ന് കണക്കാക്കുന്നത് വ്യക്തിയുടെ ഇമോഷനൽ ഇന്റലിജൻസാണ്. കാരണം ഇമോഷനൽ ഇന്റലിജൻസ് സമാധാനപരമായ അന്തരീക്ഷം തൊഴിലിടങ്ങളിൽ സൃഷ്ടിക്കുന്നു

EI ഉയർന്നവർ ടീം തമ്മിലുള്ള ഏറ്റുമുട്ടലുകൾ കുറയ്ക്കുകയും പ്രശ്നങ്ങൾ ശാന്തമായി പരിഹരിക്കുകയും ശക്തമായ ബന്ധങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. EI ഉയർന്ന ഒരു നേതാവാണെങ്കിൽ മറ്റുള്ളവരെ പ്രചോദിപ്പിക്കാനും അവരുടെ കാര്യങ്ങൾ മനസ്സിലാക്കാനും അവർക്ക് ജോലി ചെയ്യാൻ ആരോഗ്യപരമായ അന്തരീക്ഷം സൃഷ്ടിക്കാനും സാധിക്കും. പല തൊഴിലിടങ്ങളിലും തൊഴിലാളികൾ തമ്മിലും തൊഴിലാളിയും ബോസും തമ്മിലും പ്രശ്നങ്ങൾ ഉണ്ടാകുന്നത് EI യിലുള്ള ഏറ്റക്കുറച്ചിലുകൾ മൂലമാണ്.

ഒരു ടീം ലീഡറിന് മറ്റുള്ളവർ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാനോ അവരെ പ്രചോദിപ്പിക്കാനോ കഴിയുന്നില്ലെങ്കിൽ അവിടെ ക്രിയാത്മകമായ ഫലങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല. സഹപ്രവർത്തകന് തെറ്റുപറ്റുമ്പോൾ പൊട്ടിത്തെറിക്കുന്ന ബോസുമാരുണ്ട്,. ശാന്തത കൈവിടാതെ പ്രതിസന്ധികളെ നിയന്ത്രിച്ചുനിർത്താൻ അവർക്ക് കഴിയാതെ പോകുന്നതുകൊണ്ടാണ് അതുസംഭവിക്കുന്നത്. കാരണം ആ ലീഡർക്ക് EI കുറവാണ്. ചെറിയ വിമർശനമോ തിരുത്തോ സ്വീകരിക്കാൻ കഴിയാതെപോകുന്നതും കോപം നിയന്ത്രിക്കാൻ കഴിയാത്തതും സഹപ്രവർത്തകരുടെ കഴിവ് മനസ്സിലാക്കാതെ പോകുന്നതുമെല്ലാം EI കുറവുള്ളവരുടെ ലക്ഷണങ്ങളാണ്. അടുത്ത് ഇടപെടുമ്പോൾ നെഗറ്റീവ് എനർജിയാണ് അനുഭവിക്കാൻ കഴിയുന്നതെങ്കിൽ അത്തരം വ്യക്തികൾ EI കുറവുള്ളവരാണെന്നാണ് പറയപ്പെടുന്നത്.

ഒരാളുടെ പ്രഫഷണൽ മുന്നേറ്റങ്ങൾ തടയാൻ മാത്രമേ ഇതുപകരിക്കുകയുള്ളൂ. അയാൾക്ക് എത്ര പ്രശസ്തനോ പേരുകേൾപ്പിച്ചവനോ പണ്ഡിതനോ ആയിക്കോട്ടെ അവർക്ക് ഒരുപരിധിയിൽ കൂടുതൽ ജോലിയിൽ ഉയരാൻ കഴിയില്ല. ഇനി ഇമോഷനൽ ഇന്റലിജൻസ് എങ്ങനെ വളർത്താം എന്നു നോക്കാം. സ്വയാവബോധത്തിലേക്ക് വളരുകയാണ് ഇതിന്റെ ആദ്യത്തെപടി. അതുപോലെ മറ്റുള്ളവരെ കേൾക്കുക. വാക്കുകൾക്കപ്പുറം അവരുടെ വികാരവും മനസ്സിലാക്കാൻ ശ്രമിക്കുക. പെട്ടെന്ന് പ്രതികരിക്കാതിരിക്കുക. ആലോചിച്ചു മാത്രം പ്രതികരിക്കുക. മറ്റുള്ളവരുടെ കാഴ്ചപ്പാടിൽ കാര്യങ്ങൾ നോക്കിക്കാണാൻ ശ്രമിക്കുക. ആശയവിനിമയം കാര്യക്ഷമമാക്കുക. കരിയറിൽ വളരാനും ഉയരാനും ആഗ്രഹിക്കുന്നവർ ഇക്കാര്യങ്ങൾ ശ്രദ്ധിക്കുകയും ഇമോഷനൽ ഇന്റലിജൻസ് വളർത്താൻ ശ്രമിക്കുകയും ചെയ്യുക.

# സഹൃദയ സാധാരണക്കാർക്ക് അർഹമായ നീതി നേടിക്കൊടുത്തു: മേജർ ആർച്ചുബിഷപ്




കൊച്ചി: ആറു പതിറ്റാണ്ടുകളായി സമൂഹനന്മയ്ക്കായുള്ള മാതൃകാപരമായ ആത്മസമർപ്പണത്തിലൂടെ സൗഹൃദയ സാധാരണക്കാർക്ക് അർഹമായ നീതി നേടിക്കൊടുത്തുവെന്ന് സീറോമലബാർസഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. റിന്യൂവൽ സെന്ററിൽ എറണാകുളം-അങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയയുടെ വജ്രജൂബിലി സമാപനസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മാർ റാഫേൽ തട്ടിൽ. രൂപതകളിലെ സാമൂഹ്യപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനമെന്ന നിലയിൽ ഒരു സൊസൈറ്റി രൂപീകരിച്ചത് കേരളത്തിലെ ആദ്യ സംരംഭമായിരുന്നെന്നും കാർഡിനൽ പാറേക്കാട്ടിലിന്റെ ദീർഘവീക്ഷണമായിരുന്നു അതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സംസ്ഥാന ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ സമ്മേളനം ഉദ്ഘാടനം ചെയ്തു. സർക്കാർ എല്ലാം ചെയ്തുതരും, ജനങ്ങൾ ഗുണഭോക്താക്കൾ മാത്രം എന്ന ചിന്തയ്ക്കപ്പുറം എന്റെ നാടിനും സമൂഹത്തിനും നന്മയ്ക്കായി എനിക്ക് എന്തു ചെയ്യാനാവും എന്ന് ഓരോരുത്തരും ചിന്തിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് വികസിതഭാരതം എന്ന സ്വപ്നം സഫലമാകുന്നത്. സർക്കാർ സംവിധാനങ്ങൾക്കുള്ള പരിമിതികൾക്കപ്പുറം സാധാരണജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെല്ലാനും അവരുടെ ആവശ്യങ്ങൾ മനസിലാക്കി പ്രവർത്തിക്കാനും സഹൃദയ പോലുള്ള സന്നദ്ധ സംഘടനകൾക്ക് കഴിയും. മറ്റുള്ളവർക്കായി നന്മ ചെയ്യുമ്പോൾ ലഭിക്കുന്ന ആനന്ദമാണ് മറ്റെല്ലാ സന്തോഷങ്ങളെക്കാളും പ്രധാനം. അദ്ദേഹം പറഞ്ഞു. സഹോദരീസഹോദരന്മാരേ എന്ന് തുടക്കത്തിലും നന്ദി, നമസ്കാരം എന്ന് അവസാനവും മലയാളത്തിൽ അദ്ദേഹം പറഞ്ഞപ്പോൾ സദസ് കൈയടിച്ചു.

വജ്രജൂബിലി സ്മാരകമായി സഹൃദയ നടപ്പാക്കുന്ന ഭവനപദ്ധതിയുടെ ഉദ്ഘാടനവും ജൂബിലി സ്മരണികയുടെ പ്രകാശനവും ഗവർണർ നിർവഹിച്ചു. ബിഷപ്പ് എമരിറ്റസ് മാർ തോമസ് ചക്യത്ത്, അതിരൂപതാ വികാരി ജനറൽ ഫാ. ആന്റോ ചേരാന്തുരുത്തി, സഹൃദയ ഡയറക്ടർ ഫാ. ജോസഫ് കൊളുത്തുവെള്ളിൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. ആന്റണി പുതിയാപറമ്പിൽ, അസി. ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി, സിസ്റ്റർ ആലീസ് ലൂക്കോസ്, ജോബി മാത്യു എന്നിവർ സംസാരിച്ചു. സഹൃദയയുടെ സഹകാരികളേയും ഗ്രാമതല സാമൂഹ്യ പ്രവർത്തകരേയും യോഗത്തിൽ ആദരിച്ചു.

# ബിഷപ്പ് കുന്നശ്ശേരി മെമ്മോറിയൽ ക്നാനായ ഹെറിറ്റേജ് ഗാലറി നാടിനു സമർപ്പിച്ചു



കടുത്തുരുത്തി: ക്നാനായക്കാരുടെ തലപ്പള്ളിയായ കടുത്തുരുത്തി വലിയപള്ളി അങ്കണത്തിൽ നിർമ്മാണം പൂർത്തിയാക്കിയ ആർച്ചുബിഷപ്പ് കുന്നശ്ശേരി മെമ്മോറിയൽ ക്നാനായ ഹെറിറ്റേജ് ഗ്യാലറി (മ്യൂസിയം) കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് വെഞ്ചരിച്ച് നാടിന് സമർപ്പിച്ചു. കോട്ടയം എം.പി. ഫ്രാൻസിസ് ജോർജ്ജ് നാടമുറിച്ച് ഗ്യാലറി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. പൊതുസമ്മേളനത്തിൽ കോട്ടയം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ അധ്യക്ഷത വഹിച്ചു. അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. അബ്രാഹത്തിന്റെ വിളിയിൽ ആരംഭിച്ച് ഇന്നും ജീവിക്കുന്ന ക്നാനായ സമുദായത്തിന്റെ ചരിത്രം അനാവരണം ചെയ്യുന്നതാണ് ബിഷപ് കുന്നശ്ശേരി മെമ്മോറിയൽ ഹെറിറ്റേജ് ഗ്യാലറിയെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ഇന്നും ജീവിക്കുന്നതും നൂറ്റാണ്ടുകളെ ബന്ധപ്പിക്കുന്നതുമായ ഗാലറി കഴിഞ്ഞ കാലത്തെ സജീവമാക്കി നിർത്തിക്കൊണ്ട് യഥാർഥ വിശ്വാസത്തെ മുറുകെപ്പിടിച്ചു മുന്നേറാൻ പ്രചോദനമാകണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. മ്യൂസിയത്തെക്കുറിച്ചുള്ള ലഘുവിവരണം സഹായ മെത്രാൻ ഗീവർഗീസ് മാർ അപ്രേം യോഗത്തിൽ അവതരിപ്പിച്ചു. അതിരൂപതാ പ്രോപ്രോട്ടോസിഞ്ചെല്ലൂസ് ഫാ. തോമസ് ആനിമൂട്ടിൽ, പ്രൊക്കുറേറ്റർ ഫാ. അബ്രാഹം പറമ്പേട്ട്, ഫ്രാൻസിസ് ജോർജ് എം.പി, മോൻസ് ജോസഫ് എം.എൽ.എ, ബാബു പറമ്പടത്തുമലയിൽ എന്നിവർ പ്രസംഗിച്ചു. മ്യൂസിയത്തിന്റെ നിർമ്മാണത്തിൽ സഹകരിച്ച പ്രവർത്തിച്ച വിഷ്വൽ ആർട്ടിസ്റ്റ് പി.കെ. രാമചന്ദ്രൻ നമ്പ്യാരെ ചടങ്ങിൽ ആദരിച്ചു. അതിരൂപതാ സിഞ്ചെല്ലൂസ് ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഒ.എസ്.എച്ച് സുപ്പീരിയർ ജനറൽ ഫാ. ജോസ് കന്നുവെട്ടിയേൽ, ഒ.എസ്.ബി സുപ്പീരിയർ ജനറൽ ഫാ. ബിനോ ചേരിയിൽ, എം.എസ്.പി ഡയറക്ടർ ഫാ. മാത്യു മണക്കാട്ട്, സ്റ്റീഫൻ ജോർജ്ജ് എക്സ്.എം.എൽ.എ, കെ.സി.ഡബ്ല്യു.എ പ്രസിഡന്റ് ഷൈനി ചൊള്ളമ്പേൽ, കെ.സി.വൈ.എൽ പ്രസിഡന്റ് ജോണിസ് പി സ്റ്റീഫൻ, വിസിറ്റേഷൻ സന്യാസിനി സമൂഹത്തിന്റെ മദർ ജനറാൾ സിസ്റ്റർ ഇമ്മാക്കുലേറ്റ്, സെന്റ് ജോസഫ്സ് സന്യാസിനി സമൂഹത്തിന്റെ മദർ ജനറാൾ സിസ്റ്റർ അനിത എസ്.ജെ.സി, കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്രസ്സ് ജനറൽ സിസ്റ്റർ ലിസി മുടക്കോടിൽ, എൽ.ഡി.എസ്.ജെ.ജി സുപ്പീരിയർ സി. റോമിൽഡ എന്നിവർ സന്നിഹിതരായിരുന്നു.

ക്നാനായ ജനതയുടെ കുടിയേറ്റ ചരിത്രവും വളർച്ചയും വിഷ്വൽ ഗ്യാലറിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

# മലബാറിന്റെ വികസനത്തിന് ചുക്കാൻ പിടിച്ചത് കുടിയേറ്റക്കാർ: കേന്ദ്രമന്ത്രി ജോർജ് കുര്യൻ



കോഴിക്കോട്: ഭൂമി കാര്യക്ഷമമായി കൃഷിക്ക് എങ്ങനെ ഉപയോഗിക്കാം എന്ന് കാണിച്ചുതന്നവരാണ് കുടിയേറ്റ ജനതയെന്ന് കേന്ദ്ര ന്യൂനപക്ഷ സഹമന്ത്രി ജോർജ് കുര്യൻ. മലബാർ കുടിയേറ്റ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി താമരശേരി രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് താമരശേരി രൂപത കോഴിക്കോട് ടൗൺ ഹാളിൽ സംഘടിപ്പിച്ച സിമ്പോസിയം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉപയോഗിക്കപ്പെടാതെ കിടന്ന പ്രകൃതിവിഭവങ്ങൾ രാജ്യത്തിന് ഗുണകരമായ രീതിയിൽ ഉപയോഗിക്കാമെന്ന് കുടിയേറ്റ ജനത കാണിച്ചു തന്നു. കൃഷിയുടെ വൈവിധ്യങ്ങൾ മലബാറിന് പരിചയപ്പെടുത്തി. കപ്പയും മീനും കേരളത്തിലെ മുഖ്യ ആഹാരങ്ങളിലൊന്നായത് കുടിയേറ്റഫലമായാണ്. ഇടവിളകൃഷിയെ സ്വാഭാവിക കൃഷിരീതിയാക്കി മാറ്റിയതും മലബാറിന്റെ അടിസ്ഥാന സൗകര്യവികസനം, ആരോഗ്യവിദ്യാഭ്യാസ രംഗത്തെ പുരോഗതി എന്നിവയ്ക്കെല്ലാം ചുക്കാൻ പിടിച്ചതും കുടിയേറ്റക്കാരാണ്. കുടിയേറ്റ ജനത സൗമ്യസമൂഹമായിപരക്കെ അംഗീകരിക്കപ്പെടുന്നു. കുടിയേറ്റ ജനതയെ സ്വീകരിക്കാൻ മലബാറിലെ സമൂഹം കാണിച്ച സൗമ്യതയും എടുത്തു പറയേണ്ടതാണ്. അദ്ദേഹം കൂട്ടിച്ചേർത്തു.

ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ, റൂബി ജൂബിലി കൺവീനർ ഫാ. ജോൺ ഒറവുങ്കര, താമരശ്ശേരി രൂപതാ പ്രൊക്യുറേറ്റർ ഫാ. ബെന്നി മുണ്ടനാട്ട്, ഫാ. മാത്യു കുളത്തിങ്കൽ എന്നിവർ പ്രസംഗിച്ചു.

കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളജ് ചരിത്ര വിഭാഗം മേധാവി ഡോ. പി. ജെ. വിൻസെന്റ്, കണ്ണൂർ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസേർച്ച് ഇൻ സയൻസ് ആന്റ് ഹ്യുമാനിറ്റീസ് ഡയറക്ടർ ഡോ. ജോയി വർക്കി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പുൽപ്പള്ളി പഴശ്ശിരാജാ കോളജ് ചരിത്ര വിഭാഗം അസോസിയേറ്റ് പ്രഫസർ ഡോ. ജോഷി മാത്യു, കോഴിക്കോട് സെന്റ് സേവ്യേഴ്സ് കോളജ് പ്രിൻസിപ്പൽ ഡോ. സി. ജെ. ജോർജ്, കത്തോലിക്കാ കോൺഗ്രസ് രൂപതാ പ്രസിഡന്റ് ഡോ. ചാക്കോ കാളാംപറമ്പിൽ എന്നിവർ ചർച്ച നയിച്ചു.

# ഡൊമനിക്കൻ സിസ്റ്റേഴ്സിന്റെ സംഭാവന മഹത്തരം: മേജർ ആർച്ചുബിഷപ്



മണ്ണാർക്കാട്: കഴിഞ്ഞ 50 വർഷക്കാലമായി ഡൊമിനിക്കൽ സിസ്റ്റേഴ്സ് കേരള സമൂഹത്തിന് ചെയ്തിട്ടുള്ള സംഭാവന യമുനാനദിയുടെ തീരത്ത് ഷാജഹാൻ ചക്രവർത്തി പണിത താജ്മഹലിന് സമാനം അനശ്വരമാണെന്നു മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. സർക്കാരുകളുടെ സംഭാവനകൾ ഒന്നും സ്വീകരിക്കാതെ ഡൊമിനിക്കൻ സിസ്റ്റേഴ്സ് ചെയ്യുന്ന മഹത്തായ ജീവകാരുണ്യപ്രവൃത്തികൾ ജനമനസുകളിൽ അനശ്വര സ്മാരകങ്ങളായിരിക്കുമെന്ന് തട്ടിൽ പിതാവ് പറഞ്ഞു. മണ്ണാർക്കാട് സെന്റ് ഡൊമിനിക് സ്കൂളിൽ നടന്ന സിസ്റ്റേഴ്സ് ഓഫ് ജനറലൈറ്റ് ഗോൾഡൻ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പാലക്കാട് രൂപത ബിഷപ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. രാഷ്ട്രീയത്തിന്റെ മറവിൽ കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ താറുമാറാക്കാനുള്ള നീക്കം അനുവദിച്ചു കൂടാ എന്ന് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പറഞ്ഞു. മേജർ ആർച്ചുബിഷപ്പിന്റെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പണം നടന്നു. മാർ പീറ്റർ കൊച്ചുപുരക്കൽ, മാർ ജേക്കബ് മാനത്തോടത്ത് എന്നിവർ സഹകർമ്മികരായി. പൊതുസമ്മേളനത്തിൽ എൻ ഷംസുദീൻ എംഎൽഎ മുഖ്യാതിഥിയായിരുന്നു. ബിഷപ്പ് എമിരിറ്റസ് മാർ ജേക്കബ് മനത്തോടത്ത്, നഗരസഭാ ചെയർമാൻ മുഹമ്മദ് ബഷീർ, മണ്ണാർക്കാട് ഹോളി സ്പിരിറ്റ് ഫൊറോന പള്ളി വികാരി ഫാ. രാജു പുളിക്കത്താഴെ, ഡൊമനിക്കൻസ് ഇൻ ഇന്ത്യ പ്രൊവിൻഷ്യൽ ഫാ. പീറ്റർ മെന്റോൻസ, ഡൊമിനിക്കൻ സിസ്റ്റേഴ്സ് സുപ്പീരിയർ ജനറൽ സി. ടെസ്സ കാച്ചപ്പള്ളി തുടങ്ങിയവർ പ്രസംഗിച്ചു.

# ഇഡബ്ല്യുഎസ് ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തണം: ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്



തൃശ്ശൂർ: സംവരണരഹിത സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കുള്ള ഇഡബ്ല്യുഎസ് സാക്ഷ്യപത്രം ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗുരുതരമായ കൃത്യവിലോപം വരുത്തുന്ന സാഹചര്യങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്താൻ സംസ്ഥാന മുന്നാക്ക കമ്മിഷന് സാധിക്കണമെന്ന് സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ മാർ ആൻഡ്രൂസ് താഴത്ത്. മുന്നാക്ക കമ്മിഷൻ അംഗമായി നിയമിതനായ സെബാസ്റ്റ്യൻ ചൂണ്ടൽനെ അഭിനന്ദിക്കുന്നതിനായി പബ്ലിക് അഫയേഴ്സ് കമ്മീഷൻ തൃശൂർ അതിരൂപതാ ആസ്ഥാനത്ത് വിളിച്ച് ചേർത്ത യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ആറു വർഷമായി ഇഡബ്ല്യുഎസ് സംവരണം നടപ്പിൽവരുത്തിയിട്ടും ഇപ്പോഴും അർഹതപ്പെട്ടവർക്ക് യഥാസമയം സാക്ഷ്യപത്രങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി കേരളത്തിൽ പരക്കെ ഉയർന്നു വന്ന സാഹചര്യത്തിലാണ് മുന്നാക്ക കമ്മിഷന്റെ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാവണം എന്ന ആവശ്യം യോഗത്തിൽ ഉന്നയിച്ചത്. സാധാരണക്കാരന്റെ കണ്ണീരൊപ്പാൻ മുന്നാക്ക ക്ഷേമ കമ്മീഷൻ സാധ്യമായ എല്ലാ ഇടപെടലുകളും നടത്തുമെന്ന് കമ്മീഷൻ അംഗം സെബാസ്റ്റ്യൻ ചുണ്ടൽ മറുപടിപ്രസംഗത്തിൽ പറഞ്ഞു.

സീറോ മലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറി ഫാ. ജയിംസ് കൊക്കാവയലിൽ, കത്തോലിക്കാ കോൺഗ്രസ് താമരശേരി രൂപതാ ഡയറക്ടർ ഫാ. സബിൻ തുമുള്ളിൽ, തൃശൂർ അതിരൂപതാ പി ആർ ഓ ഫാ. സിംസൺ ചിറമ്മേൽ, കത്തോലിക്ക കോൺഗ്രസ് താമരശേരി രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ, തൃശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോഷി വടക്കൻ, ചങ്ങനാശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടിവ് അംഗം ആന്റണി ആറിൽചിറ ചമ്പക്കുളം, കത്തോലിക്ക കോൺഗ്രസ് തൃശൂർ അതിരൂപത ട്രഷറർ റോണി അഗസ്റ്റിൻ എന്നിവർ സംസാരിച്ചു.

# മൈനർ സെമിനാരി റെക്ടർമാരുടെ വാർഷിക സമ്മേളനം



സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ മൈനർ സെമിനാരി റെക്ടർമാരുടെ വാർഷിക സമ്മേളനം സീറോമലബാർ സഭയുടെ കേന്ദ്ര കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നവംബർ 21 നു നടന്നു. സീറോമലബാർ സഭയുടെ മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് മുഖ്യ സന്ദേശം നൽകി. സീറോമലബാർ സഭയിലെ മൈനർ സെമിനാരി പരിശീലനത്തിൽ വരുത്തേണ്ട കാലോചിതമായ മാറ്റങ്ങളെക്കുറിച്ചു നടത്തിയ പഠനങ്ങൾ യോഗത്തിൽ അവതരിപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. സെമിനാരികൾക്കു ഭാവി പുരോഹിതരെ വാർത്തെടുക്കുന്ന ഇടമെന്നനിലയിൽ സഭയുടെ ജീവിതത്തിൽ വലിയ സ്ഥാനമാണുള്ളതെന്നു യോഗത്തെ അഭിസംബോധന ചെയ്തു സംസാരിച്ചപ്പോൾ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് പറഞ്ഞു. വൈദിക പരിശീലനത്തിൽ ആധ്യാത്മിക ബൗദ്ധിക മാനുഷിക തലങ്ങളെ സമഗ്രമായി വളർത്തുന്ന വൈദിക പരിശീലന പദ്ധതിയാണ് ഈ കാലത്തിനാവശ്യമെന്നു മാർ റാഫേൽ തട്ടിൽ പിതാവ് ഓർമ്മിപ്പിച്ചു. സീറോമലബർ സഭയുടെ ക്ലർജി കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ടോണി നീലങ്കാവിൽ, ക്ലർജി കമ്മീഷൻ സെക്രട്ടറി റെവ. ഡോ. ടോം ഓലിക്കരോട്ട് എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി. മംഗലപ്പുഴ സെമിനാരി പ്രൊഫസർ റവ. ഡോ. അഗസ്റ്റിൻ കല്ലേലി, തൃശൂർ പറോക് റിസേർച്ച് സെന്റർ ഡയറക്ടർ റവ. ഡോ. സെജോ തൈക്കാട്ടിൽ എന്നിവർ സെമിനാരി പരിശീലനവുമായി ബന്ധപ്പെട്ടു പഠന പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

# ഗ്രേറ്റ് ബ്രിട്ടൻ സീറോമലബാർ രൂപതാ എട്ടാമത് ബൈബിൾ കലോത്സവം

യൂറോപ്പിലെ ഏറ്റവും വലിയ ബൈബിൾ കലോത്സവമായ ഗ്രേറ്റ് ബ്രിട്ടൻ സീറോമലബാർ രൂപതയുടെ എട്ടാമത് ബൈബിൾ കലോത്സവത്തിൽ കേംബ്രിഡ്ജ് റീജിയന് ഓവറോൾ കിരീടം. ഫസ്റ്റ് റണ്ണർ അപ്പായി ബ്രിസ്റ്റോൾ കാർഡിഫ് റീജിയനും സെക്കന്റ് റണ്ണർ അപ്പായി ലെസ്റ്റർ റീജിയനും തിരഞ്ഞെടുക്കപ്പെട്ടു. ഏറ്റവും കൂടുതൽ പോയിന്റ് നേടിയ മിഷനുവേണ്ടി കഴിഞ്ഞ വർഷങ്ങളിൽ ബൈബിൾ അപ്പൊസ്തലേറ്റിന്റെയും ബൈബിൾ കലോത്സവത്തിന്റെയും കോഡിനേറ്റർ ആയി പ്രവർത്തിച്ച അന്തരിച്ച ആന്റണി മാത്യുവിന്റെ ഓർമ്മക്കായി ഏർപ്പെടുത്തിയ ട്രോഫി ബർമിങ്ഹാം സെന്റ് ബെനഡിക്ട് മിഷൻ കരസ്ഥമാക്കി ബൈബിൾ പ്രതിഷ്ഠയോടെ ആരംഭിച്ച കലോത്സവം ഗ്രേറ്റ് ബ്രിട്ടൻ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ ഉദ്ഘാടനം ചെയ്തു. 'ദൈവവവചനം രൂപതയുടെ എല്ലാ തലങ്ങളിലും ആഘോഷിക്കപ്പെടുന്ന സമയമാണ് ബൈബിൾ കലോത്സവം. വചനത്തിലൂടെ വെളിപ്പെട്ടിരിക്കുന്നത് ക്രൂശിതനും ഉത്ഥിതനുമായ ഈശോയാണ്. ഈശോയെ അറിയാനും അനുഭവിക്കാനും അവിടത്തോട് ആത്മബന്ധം സ്ഥാപിക്കാനുമാണ് ബൈബിൾ കലോത്സവം ലക്ഷ്യം വയ്ക്കുന്നത് മാർ ജോസഫ് സ്രമ്പിക്കൽ പറഞ്ഞു.



പന്ത്രണ്ടു റീജിയനുകളിലായി നടന്ന കലോത്സവങ്ങളിൽ ആയിരത്തി അഞ്ഞൂറോളം പ്രതിഭകളാണ് സ്കൻതോർപ്പ് ഫ്രെഡറിക്ഗൗ സ്കൂളിലെ പന്ത്രണ്ട് വേദികളായി നടന്ന മത്സരങ്ങളിൽ മാറ്റുരച്ചത്. മത്സരാർത്ഥികൾക്ക് പിന്തുണ നൽകാനായി അവരുടെ കുടുംബാംഗങ്ങളും ചേർന്നതോടെ അയ്യായിരത്തിലധികം വിശ്വാസികളുടെ കുടുംബസംഗമ വേദി കൂടിയായായി മത്സരനഗരി മാറി. ബൈബിൾ അപ്പോസ്തലേറ്റ് ചെയർമാൻ ഫാ. ജോർജ് എട്ടുപറയിൽ, ഫാ. ജോസഫ് പിണക്കാട്ട്, ബൈബിൾ അപ്പോസ്റ്റലേറ്റ് കോഡിനേറ്റർ ജോൺ കുര്യൻ, ജോയിന്റ് കോഡിനേറ്റേഴ്സ് ജിമ്മിച്ചൻ ജോർജ്, മർഫി തോമസ്, രൂപതയിലെ വിവിധ റീജിയനുകളിൽ നിന്നുള്ള വൈദികർ, അല്മായ പ്രതിനിധികൾ എന്നിവർ നേതൃത്വം നൽകി.

# ഭദ്രാവതിയിൽ മിഷൻലീഗ് വാർഷികാഘോഷം




ഭദ്രാവതി രൂപതയിൽ ഈ വർഷത്തെ ചെറുപുഷ്പ മിഷൻ ലീഗ് കർണാടക സംസ്ഥാന വാർഷിക പരിപാടികൾ നടന്നു. രൂപതയിലെ ഇടവകകളിൽ നിന്നും ബെൽത്തങ്ങാടി മാണ്ഡ്യ രൂപതകളിൽ നിന്നും 900 ത്തോളം മിഷനറിമാർ പങ്കെടുത്തു. ഭദ്രാവതി രൂപതാ വികാർ ജനറൽ ഫാ. തോമസ് ചിറ്റിലപ്പിള്ളി മിഷന്റാലി ഫൽഗ് ഓഫ് ചെയ്തു. സ്റ്റേറ്റ് പ്രസിഡന്റ് ഫിലിപ്പ് മാത്യു പതാക ഉയർത്തി. പൊതുസമ്മേളനത്തിൽ രൂപതാ ചാൻസലർ ഫാ. ടിനോ വെള്ളാരംകാലായിൽ സ്വാഗതം നേർന്നു. ഭദ്രാവതി രൂപതാധ്യക്ഷൻ മാർ ജോസഫ് അരുമച്ചാടത്ത് പൊതുസമ്മേളനം ഉദ്ഘാടനംചെയ്തു. സ്വഭാവത്താലേമിഷനറി ആയ സഭയിലെ അംഗങ്ങളായ നാം ഓരോത്തരും മിഷനറി ആവാൻ വിളിക്കപ്പെട്ടവരാണെന്നും സ്നേഹം, ത്യാഗം, സേവനം, സഹനം എന്നീ പുണ്യങ്ങൾ കൊണ്ട് സമ്പന്നരായി, മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കണമെന്നും മിഷനോടുള്ള സ്നേഹം ചെറുപ്പത്തിലെ വളർത്തി എടുക്കണമെന്നും അദ്ദേഹം പറഞ്ഞു. ഫിലിപ്പ് മാത്യു അധ്യക്ഷത വഹിച്ചു. സിഎംഎൽ ഇന്റർനാഷണൽ ജനറൽ സെക്രട്ടറി ബിനോയ് പള്ളിപ്പറമ്പിൽ, നാഷണൽ ഡയറക്ടർ റവ. ഫാ. ജോസഫ് മറ്റം, സ്റ്റേറ്റ് ഡയറക്ടർ ഫാ. ജോസഫ് പാമ്പക്കൽ, കെആർസിബിസി പ്രൊക്ലമേഷൻ ഡയറക്ടർ ഫാ. മാക്സിം ദയസ്, സിഎംഎൽ രൂപതാ ഡയറക്ടേഴ്സ് എന്നിവർ പ്രസംഗിച്ചു. കുഞ്ഞുമിഷനറികളെ പ്രതിനിധീകരിച്ച് ഭദ്രാവതി രൂപതാ സ്റ്റുഡന്റ് ലീഡേഴ്സ് പ്രസിഡന്റ് സന്ദേശം പറഞ്ഞു. ഭദ്രാവതി രൂപതാ വൈസ്ഡയറക്ടർ സിസ്റ്റർ മരിയ എസ്എബിഎസ് നന്ദിപറഞ്ഞു. മിഷൻ ആന്തത്തോടെ ചടങ്ങുകൾ അവസാനിച്ചു.

# ചങ്ങനാശേരി അതിരൂപതയിൽ അതിഥി തൊഴിലാളി സംഗമം



ചങ്ങനാശേരി അതിരൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ സർവസേവാസംഘത്തിന്റെ സഹകരണത്തോടെ അതിഥിതൊഴിലാളി സംഗമം നടത്തി. കത്തീഡ്രൽ ദേവാലയം ഓഡിറ്റോറിയത്തിൽ നടന്ന സംഗമം അതിരൂപതാധ്യക്ഷൻ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. നിങ്ങളെ ഞങ്ങൾ തൊഴിലാളികളായല്ല അതിഥികളായാണ് കാണുന്നതെന്നും അതിഥി ദേവോ ഭവ എന്നതാണ് ഭാരതത്തിന്റെ പാരമ്പര്യമെന്നും മാർ തോമസ് തറയിൽ പറഞ്ഞു. ജീവിതതതിൽ എത്രയധികം പ്രയാസങ്ങൾ വന്നാലും പ്രത്യാശ നഷ്ടപ്പെടുത്തരുത്. അന്ധകാരം നീങ്ങി സൂര്യൻഉദിക്കും. സങ്കടത്തിന്റെ വിത്തുകളിൽ നിന്ന് സന്തോഷത്തിന്റെ പൂക്കൾ വിടരും. മാർ തറയിൽ പറഞ്ഞു. ചങ്ങനാശേരി പ്രവാസി അപ്പോസ്തലേറ്റ് സെൻട്രൽ കോർഡിനേറ്റർ സിബി വാണിയപ്പുരയ്ക്കൽ, പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. റ്റെജി, പുതുവീട്ടിക്കളം, ഫാ. ജിജോ മാറാട്ടുകുളം, വികാരി ജനറൽ ഫാ. മാത്യു ചങ്ങങ്കരി, സർവസേവസംഘം ഡയറക്ടർ ഫാ.ബാബു എസ് വിഡി, കെഎൽഎം ഡയറക്ടർ ഫാ. ലിജോ ചമ്പക്കുളത്തിൽ, ഫാ. ഷിജു എസ് വി ഡി, എൻ. പി ജോസഫ്. സോളിമ്മ തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. വിശുദ്ധകുർബാനയിൽ അതിഥിതൊഴിലാളികൾ കാഴ്ചസമർപ്പണം നടത്തി. ഈശോയുടെ ജനനത്തിന്റെ ജൂബിലി വർഷാചരണത്തോട് അനുബന്ധിച്ചായിരുന്നു അതിഥി സംഗമം.



# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

## ഒക്ടോബർ 30 മുതൽ നവംബർ 30 വരെ

**ഒക്ടോബർ**

- **30 വ്യാഴം:** ജീസസ് ഫ്രറ്റേർണിറ്റിയുടെ ആഭിമുഖ്യത്തിൽ കോതമംഗലം രൂപതയിലെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടത്തിയ പ്രഥമ അന്തർദേശീയ സെമിനാറിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു.
- **31 വെള്ളി:** കാക്കനാട് റെക്കാ ക്ലബ്ബിൽ ദീപിക ന്യൂസ് പോർട്ടലിന്റെ ഇരുപത്തെട്ടാമതു വാർഷികോദ്ഘാടനവും റിലോഞ്ചിങ്ങും നടത്തി.

**നവംബർ**

- **2 ഞായർ:** ഫരീദാബാദ് രൂപതയെ അതിരൂപതയായി പ്രഖ്യാപിക്കുകയും അഭിവന്ദ്യ മാർ കുര്യാക്കോസ് ഭരണികുളങ്ങര പിതാവിനെ മെത്രാപ്പോലീത്തയായി ഉയർത്തുകയും ചെയ്ത കർമങ്ങളിൽ കാർമികത്വം വഹിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.
- **4 ചൊവ്വാ:** ഭാരതത്തിന്റെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയെ ഡൽഹിയിൽ അദ്ദേഹത്തിന്റെ വസതിയിൽ സന്ദർശിച്ചു.
- **5 ബുധൻ:** ബഹു. ജെയിംസ് പട്ടേരിൽ സിഎംഫ് അച്ചനെ ബെൽത്തങ്ങാടി കത്തീഡ്രലിൽ രൂപതയുടെ രണ്ടാമത്തെ മെത്രാനായി അഭിഷേകം ചെയ്തു. തുടർന്നു നടന്ന അനുമോദനസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.
- **8 ശനി:** തൃശൂർ അതിരൂപതയിലെ ചെറൂർ മൗണ്ട് കാൽവരി സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വി.കുർബാനയർപ്പിച്ചു സന്ദേശം നല്കി.

  വരാപ്പുഴ രൂപതയിലെ വല്ലാർപാടം തീർത്ഥാടനദൈവാലയത്തിൽ സി റ്റി സി സന്യാസിനിസമൂഹത്തിന്റെ സ്ഥാപകയായ മദർ ഏലീശ്വയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ച തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുകയും സമൂഹബലിയിൽ സഹകാർമികത്വം വഹിക്കുകയും ചെയ്തു.
- **9 ഞായർ:** മദർ ഏലീശ്വായുടെ വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപനത്തിനായി പരി. പിതാവ് ലെയോ പതിനാലാമൻ മാർപാപ്പയുടെ പ്രതിനിധിയായ മലേഷ്യയിലുള്ള പെനാങ് രൂപതാധ്യക്ഷൻ കർദിനാൾ സെബാസ്റ്റ്യൻ ഫ്രാൻസിസിനെ മൗണ്ട് സെന്റ് തോമസിൽ സ്വീകരിച്ചു. അത്താഴവിരുന്നു നല്കി.
- **10 തിങ്കൾ:** എറണാകുളം-അങ്കമാലി അതിരൂപതയിലെ ബഹു. തോമസ് പുതുശ്ശേരി അച്ചന്റെ സംസ്കാരകർമങ്ങളുടെ സമാപനഭാഗം കൊച്ചാൽ സെന്റ് ആന്റണീസ് പള്ളിയിൽ നിർവഹിച്ചു.
- **14 വെള്ളി:** പാലക്കാട് രൂപതയിലെ വടക്കഞ്ചേരിയിലുള്ള ദൈവദാൻ സെന്റർ, പാലനയിലുള്ള വൈദികമന്ദിരം തുടങ്ങിയവ സന്ദർശിച്ചു.
- **15 ശനി:** പാലക്കാട് രൂപതയിലെ മണ്ണാർക്കാടുള്ള ഡൊമിനിക്കൻ സന്യാസിനിസമൂഹത്തിന്റെ സുവർണജൂബിലിയോടനുബന്ധിച്ചു വി. കുർബാനയർപ്പിച്ചു സന്ദേശംനല്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.
- **16 ഞായർ:** എറണാകുളം-അങ്കമാലി അതിരൂപതയുടെ മൈനർ സെമിനാരിയിൽ ബ്രദേഴ്സിന്റെ മാതാപിതാക്കളുടെ സമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നൽകി.
- **17 തിങ്കൾ:** മൗണ്ട് സെന്റ് തോമസിൽ ശുശ്രൂഷചെയ്യുന്ന കൂരിയ ചാൻസലർ ബഹു. എബ്രഹാം കാവിൽപുരയിടത്തിൽ ഇന്റർനെറ്റ് മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ബഹു. സെബി കുളങ്ങര എന്നിവരുടെ പൗരോഹിത്യരജതജൂബിലിയോടനുബന്ധിച്ചു സഭാ ആസ്ഥാനത്ത് വി.കുർബാനയപ്പിച്ചു സന്ദേശം ൽകി.
- **18 ചൊവ്വാ:** പാലാരിവട്ടം പി.ഓ.സിയിൽ ഇന്റർ ചർച് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നിഖ്യസൂനഹദോസിന്റെ 1700-ാമത് വാർഷികത്തോടനുബന്ധിച്ചു നടത്തപ്പെട്ട സഭൈക്യസമ്മേളനത്തിൽ പങ്കെടുത്തു മുഖ്യപ്രഭാഷണം നടത്തി.
- **19 ബുധൻ:** തൃശൂർ അതിരൂപതയിലെ ശക്തൻനഗറിൽ സംഘടിപ്പിച്ച 38-ാമത് ദൈവശബ്ദം കൺവെൻഷനിൽ വി. കുർബാനയർപ്പിച്ചു സന്ദേശംനൽകി.
- **21 വെള്ളി:** പാലാ രൂപതയുടെ പ്രഥമമെത്രാനായിരുന്ന അഭിവന്ദ്യ മാർ സെബാറ്റിൻ വയലിൽ പിതാവിന്റെ 39-ാമത് ചരമവാർഷികത്തോടനുബന്ധിച്ചു പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും ഒപ്പീസുചൊല്ലി പ്രാർഥിക്കുകയും ചെയ്തു.

  പാലാരൂപതയുടെ 14-ാമത് പ്രെസ്ബിറ്ററൽ-പാസ്റ്ററൽ കൗൺസിലുകളുടെ സംയുക്തസമ്മേളനം സെന്റ് തോമസ് കത്തീഡ്രൽ ഹാളിൽ ഉദ്ഘാടനംചെയ്തു.
- **22 ശനി:** മാനന്തവാടി രൂപതയിൽ വിൻസെന്റ്ഗിരി സന്യാസസമൂഹത്തിന്റെ സുവർണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു വി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുകയുംചെയ്തു.
- **23 ഞായർ:** ബെഗളുരുവിലെ സെന്റ് ജോൺസിൽ മെഡിക്കൽ കോളേജ് ക്യാമ്പിൽ ജീസസ് യൂത്തിന്റെ അന്തർദേശീയ അസംബ്ളിയിൽ വി.കുർബാനയർപ്പിച്ചു സന്ദേശംനല്കി.
- **24 തിങ്കൾ:** സീറോമലബാർസഭയിൽ പൗരോഹിത്യസ്വീകരണത്തിന്റെ രജത-സുവർണ ജൂബിലി ആഘോഷിക്കുന്ന വൈദികരോടൊപ്പം മൗണ്ട് സെന്റ് തോമസിൽ വി.കുർബാനയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.
- **25 ചൊവ്വാ:** എറണാകുളം- അങ്കമാലി അതിരൂപതയുടെ സാമൂഹികസേവനവിഭാഗമായ സഹൃദയ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ഡയമണ്ട് ജൂബിലിയുടെ ഭാഗമായി റിന്യൂവൽ സെന്ററിൽ നടന്ന പൊതുസമ്മേളനത്തിൽ ആധ്യക്ഷ്യംവഹിച്ചു. ചടങ്ങിൽ കേരള ഗവർണർ പങ്കെടുത്തു.
- **26 ബുധൻ:** എം സ് ജെ സന്യാസിനിസമൂഹത്തിന്റെ സുപീരിയർ ജനറൽ ബഹു. മദർ ഫിലോമിയുടെ സംസ്കാരശുശ്രുഷകളുടെ ആദ്യഭാഗം കോതമംഗലത്തുള്ള ജനറലേറ്റുഭവനത്തിൽ നടത്തി.
- **27-30** മലേഷ്യയിലെ പെനാങ്ങിൽ ഏഷ്യയിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ മിഷൻ സമ്മേളനത്തിൽ പങ്കെടുക്കുകയും പ്രബന്ധം അവതരിപ്പിക്കുകയും ചെയ്തു.

# റവ. ഫാ. ജോളി വടക്കൻ ഗൾഫ്‌നാടുകളിലെ സീറോമലബാർ അപ്പസ്തോലിക് വിസിറ്റർ



കാക്കനാട്: ഗൾഫുനാടുകളിലെ സീറോമലബാർ വിശ്വാസികൾക്കുവേണ്ടിയുള്ള അപ്പസ്തോലിക് വിസിറ്ററായി ഇരിങ്ങാലക്കുട രൂപതാംഗമായ റവ. ഫാ. ജോളി വടക്കനെ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ നിയമിച്ചു. ഇതു സംബന്ധിച്ചു വത്തിക്കാനിൽനിന്നുള്ള അറിയിപ്പു മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിനു ഭാരതത്തിലെ അപ്പസ്തോലിക് ന്യൂൺഷ്യോ ആർച്ചു ബിഷപ്പ് ലെയോപോൾദോ ജിറേല്ലിവഴി ലഭിച്ചു ഗൾഫുനാടുകളിൽ സീറോമലബാർ വിശ്വാസികൾക്കുവേണ്ടിയുള്ള അജപാലനസംവിധാനങ്ങൾ രൂപപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കാനും കർമപദ്ധതി തയ്യാറാക്കാനുമാണ് അപ്പസ്തോലിക് വിസിറ്ററെ നിയമിച്ചിരിക്കുന്നത്. അറേബ്യൻ ഉപദീപിലെ രണ്ട് അപ്പസ്തോലിക് വികാരിയാത്തുകളുടെ അധ്യക്ഷന്മാരുമായുള്ള ഐക്യത്തിലും സഹകരണത്തിലുമായിരിക്കും അപ്പസ്തോലിക് വിസിറ്റർ പ്രവർത്തിക്കുന്നത്.

സീറോമലബാർ സഭ മുഴുവനും പ്രത്യേകിച്ചു ഗൾഫുനാടുകളിലെ സിറോമലബാർ വിശ്വാസിസമൂഹവും ഏറെനാളുകളായി കാത്തിരുന്ന ഒരു നിയമനമാണ് ഇപ്പോൾ വത്തിക്കാൻ നടത്തിയിരിക്കുന്നത്, മേജർ ആർച്ചുബിഷപ്പായി സ്ഥാനമേറ്റ അഭിന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവും പെർമനന്റ് സിനഡംഗങ്ങളും 2024 മെയ് 13ന് ഫ്രാൻസിസ് മാർപാപ്പയെ ഔപചാരികമായി സന്ദർശിച്ചയവസരത്തിൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ചു പരിശുദ്ധ പിതാവു നടത്തിയ പ്രഖ്യാപനത്തിലൂടെയാണ് ഗൾഫുനാടുകളിൽ സീറോമലബാർ സഭക്ക് അജപാലനാവകാശം ലഭിച്ചത്.

അതിനെത്തുടർന്നു 2024 ഒക്ടോബർ 29-ാം തീയതി മേജർ ആർച്ചുബിഷപ്പു മാർ റാഫേൽ തട്ടിൽ പിതാവിന്റെയും ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും സാനിധ്യത്തിൽ, കർദിനാൾ പിയന്നോ പരോളിൻ പിതാവിന്റെ അദ്ധ്യക്ഷതയിൽ, സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റിൽ നടത്തിയ ഉന്നതാധികാരയോഗത്തിലാണ് ഗൾഫുനാടുകളിൽ രൂപപ്പെടുത്താനിരിക്കുന്ന അജപാലനസംവിധാനങ്ങളുടെ ആദ്യപടിയായി അപ്പസ്തോലിക് വിസിറ്ററെ നിയമിക്കാൻ തീരുമാനമായത് അതിൻപ്രകാരം, വത്തിക്കാന്റെ നിർദ്ദേ ശമനുസരിച്ചു 2025 ജനുവരി മാസത്തിൽ സമ്മേളിച്ച മുപ്പത്തിമൂന്നാമതു മെത്രാൻ സിനഡിന്റെ ഒന്നാം സമ്മേളനം അപ്പസ്തോലിക് വിസിറ്റർ സ്ഥാനത്തേക്കു നിയമിക്കപ്പെടാവുന്ന ഏതാനും പേരുകൾ തീരുമാനിച്ചു വത്തിക്കാനിൽ അറിയിക്കുകയും ചെയ്തിരുന്നു. ഈ നടപടികളുടെ പൂർത്തീകരണത്തിലാണ് ഇപ്പോൾ അപ്പസ്തോലിക് വിസിറ്റർ നിയമിതനായിരിക്കുന്നത്

ഇരിങ്ങാലക്കുട രൂപതാമെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ച ഫാ. ജോളി വടക്കൻ, ഇരിങ്ങാലക്കുട രൂപതയിലെ ഏതാനും ഇടവകകളിൽ ശുശ്രൂഷചെയയ്തശേഷം റോമിലെ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽനിന്നു മീഡിയായിലും മതബോധനത്തിലും ലൈസൻഷ്യറ്റ് ബിരുദം കരസ്ഥമാക്കി. ഇരിങ്ങാലക്കുട രൂപതാ മീഡിയാ ഡയറക്ടർ, മതബോധന ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർ, പാസ്റ്ററൽ സെന്റർ ഡയറക്ടർ തുടങ്ങിയ ഉത്തരവാദിത്തങ്ങൾക്കുപുറമേ വിവിധ ഇടവകകളിൽ വികാരിയായും അദ്ദേഹം ശുശ്രൂഷ ചെയ്തിട്ടുണ്ട്. 2013 മുതൽ 2019 വരെ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ മാധ്യമ കമ്മീഷൻ സെക്രട്ടറിയായിരുന്നു. 2024 ജൂലൈ മുതൽ ഇരിങ്ങാലക്കുട രൂപതയുടെ സിഞ്ചെല്ലൂസായി സേവനം ചെയ്തു വരുമ്പോഴാണ് പുതിയ നിയമനം ലഭിച്ചിരിക്കുന്നത്.

# വലിയ കുടുംബങ്ങളുടെ സ്നേഹസംഗമം സംഘടിപ്പിച്ചു



തലശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന അമല പ്രോലൈഫിന്റെ നേതൃത്വത്തിൽ സമുദായ ശക്തീകരണ വർഷത്തിൽ വലിയ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജീവോത്സവം എന്ന പേരിൽ വലിയ കുടുംബങ്ങളുടെ മെഗാസംഗമം സംഘടിപ്പിച്ചു. തലശേരി അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. വലിയ കുടുംബങ്ങൾ എന്നത് കൂടുതൽ അംഗങ്ങൾ ഉള്ളതുകൊണ്ട് മാത്രമല്ല വിശ്വാസത്തിന്റെ, സ്നേഹത്തിന്റെ, പങ്കുവെയ്ക്കലിന്റെ വലിപ്പം കൊണ്ടു കൂടിയാണെന്നും ഇത്തരം വ്യക്തികളും കുടുംബങ്ങളുമാണ് സഭയുടെ ഏറ്റവും വലിയ സമ്പത്ത് എന്നും അദ്ദേഹം പ്രസ്താവിച്ചു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ഇരിക്കൂർ എംഎൽഎ സജീവ്, ബസിലിക്ക റെക്ടർ ഡോ. ജോർജ്ജ് കാഞ്ഞിരക്കാട്ട്, പ്രൊവിൻഷ്യാൾ സി. ഡോ. ട്രീസ പാലക്കൽ, സജീവ് മറ്റത്തിനാനിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

ഈ വർഷത്തെ സംഗമത്തിൽ 2023 ഡിസംബർ 31ന് ശേഷം നാലാമത്തെയോ അതിൽ കൂടുതലോ കുഞ്ഞുങ്ങൾ ജനിച്ചിട്ടുള്ള 45 കുടുംബങ്ങൾ ആണ് പങ്കെടുത്തത്.

കൂടാതെ ഈ വർഷം അതിരൂപത സമുദായ ശക്തീകരണ വർഷമായി ആചരിക്കുമ്പോൾ, 2015 മുതൽ 2025 വരെ കൂടുതൽ കുഞ്ഞുങ്ങൾക്ക് ജന്മം നൽകിയ കുടുംബങ്ങളുടെ മെഗാ സംഗമവും സംഘടിപ്പിച്ചു. കുടുംബങ്ങളാണ് സമൂഹത്തിന്റെ അടിത്തറ എന്ന് വ്യക്തമാക്കിയ മഹാസമ്മേളനത്തിൽ 250 ഓളം കുടുംബങ്ങളാണ് പങ്കെടുത്തത്. മീറ്റിംഗ്, ആശംസകൾ, സമ്മാനങ്ങൾ, കലാപരിപാടികൾ, ഒരുമിച്ചുള്ള ഭക്ഷണം, ഫോട്ടോ സെഷൻ, വിവിധയിനം കലാപരിപാടികൾ എന്നിങ്ങനെയുള്ള പരിപാടികളാണ് ക്രമീകരിച്ചത്.

അതിരൂപതാ പ്രോലൈഫ് ഡയറക്ടർ ഫാ. ജോബി കോവാട്ട്, പ്രസിഡന്റ് ലോറൻസ് കടിക്കാട്ട്, സെക്രട്ടറി ഷ്രീബ തെക്കേടത്ത്, ജനറൽ കൺവീനർ സണ്ണി ആശാരിപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി.

# താമരശ്ശേരി രൂപത





മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി
(പ്രഥമ മെത്രാൻ)
1986-1994



മാർ ജേക്കബ് തൂങ്കുഴി
(ദ്വിതീയ മെത്രാൻ)
1995-1997



മാർ പോൾ ചിറ്റിലപ്പിള്ളി
(തൃതീയ മെത്രാൻ)
1997-2010



മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
2010-



മോൺ. അബ്രഹാം വയലിൽ
(പ്രോട്ടോസിഞ്ചെല്ലൂസ്)



ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്
(ചാൻസലർ)



ഫാ. ജോർജ് മുണ്ടനാട്ട്
(പ്രൊക്യുറേറ്റർ)

| | |
|---|---|
| 12 | ഫൊറോനകൾ |
| 119 | ഇടവകകൾ |
| 215 | രൂപതാ വൈദികർ |
| 1400 | സന്യസ്തർ |
| 28,000 | കുടുംബങ്ങൾ |
| 64 | വൈദിക വിദ്യാർത്ഥികൾ |
| 1541 | വിശ്വാസ പരിശീലകർ |



## അനുഗ്രഹത്തിന്റെ 40 വർഷങ്ങൾ

താമരശ്ശേരി രൂപത രൂപീകൃതമായതിന്റെ 40-ാം വർഷത്തിലേക്ക് കടക്കുമ്പോൾ ദൈവം കൈപിടിച്ച് നടത്തി, അത്ഭുതകരമായി വളർത്തിയ അനുഭവമാണ് ദൈവജനത്തിന്റെ ഹൃദയം നിറയെ.

1986 ഏപ്രിൽ 28-ന് ജോൺപോൾ രണ്ടാമൻ മാർപാപ്പ Ad perpetuam dei memoriam എന്ന തിരുവെഴുത്ത് വഴി തലശ്ശേരി രൂപതയുടെ ഭാഗമായിരുന്ന കോഴിക്കോട്, മലപ്പുറം ജില്ലകളിലെ സീറോ മലബാർ പള്ളികളെ ഉൾപ്പെടുത്തി താമരശ്ശേരി രൂപത സ്ഥാപിച്ചു. 1986 ജൂലൈ മൂന്നിന് താമരശ്ശേരി രൂപത ഉദ്ഘാടനം ചെയ്യപ്പെടുകയും എറണാകുളം അതിരൂപതയുടെ സഹായ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പ്രഥമ മെത്രാനായി അധികാരമേൽക്കുകയും ചെയ്തു. റോമിൽ നിന്നുള്ള പ്രത്യേക അനുവാദത്തോടെ വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയെ രൂപതയുടെ മധ്യസ്ഥയായി അഭിവന്ദ്യ മാർ മങ്കുഴിക്കരി സ്വീകരിച്ചു.

മാർ ജേക്കബ് തൂങ്കുഴി രൂപതയുടെ രണ്ടാമത്തെ മെത്രാനായി 1995 ജൂൺ ആറിന് സ്ഥാനമേറ്റു. തുടർന്ന് മാർ പോൾ ചിറ്റിലപ്പള്ളി 1996 നവംബർ 16-ന് താമരശ്ശേരി രൂപതാധ്യക്ഷനായി നിയമിതനാവുകയും 1997 ഫെബ്രുവരി 13-ന് സ്ഥാനമേൽക്കുകയും ചെയ്തു.

2010 ഏപ്രിൽ എട്ടിന് നാലാമത്തെ മെത്രാനായി മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സ്ഥാനമേറ്റു.



### സംഘടനകൾ

- മദ്യ വിരുദ്ധ സമിതി
- ലിറ്റർജിക്കൽ കമ്മീഷൻ
- കെസിവൈഎം - എസ്എംവൈഎം
- തിരുബാലസഖ്യം
- കത്തോലിക്കാ കോൺഗ്രസ്
- സീറോ മലബാർ മാതൃവേദി
- ചെറുപുഷ്പ മിഷൻലീഗ്
- ദീപിക ഫ്രണ്ട്സ് ക്ലബ്
- മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്
- മരിയൻ സിംഗിൾസ്
- ജൂദിത്ത് ഫോറം
- ജീസസ് ഫ്രട്ടേണിറ്റി
- ഏയ്ഡർ എഡ്യുകെയർ
- വിൻസെന്റ് ഡീ പോൾ സൊസൈറ്റി



സെന്റ് അൽഫോൻസ മൈനർ സെമിനാരി

## ഓർമചിത്രങ്ങൾ



താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായി മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി സ്ഥാനമേൽക്കുന്നു



മാർ ജേക്കബ് തൂങ്കുഴിയുടെ സ്ഥാനാരോഹണം



മാർ പോൾ ചിറ്റിലപ്പിള്ളി രൂപതാധ്യക്ഷ പദവിയിലേക്ക്



മെത്രാനായി മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അഭിഷിക്തനാകുന്നു

താമരശ്ശേരി രൂപതയുടെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കാൻ QR കോഡ് സ്കാൻ ചെയ്യൂ

താമരശ്ശേരി രൂപതയുടെ ഔദ്യോഗിക യുട്യൂബ് ചാനൽ സന്ദർശിക്കാൻ QR കോഡ് സ്കാൻ ചെയ്യൂ

# താമരശ്ശേരി രൂപത അജപാലന പ്രവർത്തനങ്ങൾ

## സ്ഥാപനങ്ങൾ

### അൽഫോൻസ ഡയാലിസിസ് സെന്റർ

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി പ്രോജക്ടായി വേനപ്പാറയിൽ ആരംഭിച്ചു. നിർധനരായ വൃക്ക രോഗികൾക്ക് ഇവിടെ സൗജന്യമായി ഡയാലിസിസ് നടത്താം. സിഒഡിയ്ക്കാണ് നടത്തിപ്പ് ചുമതല.

### ആൽഫാ മരിയ അക്കാദമി

യുവജനങ്ങളെ വിവിധ തൊഴിൽ മേഖലകളിലേക്ക് കൈപിടിച്ചുയർത്തുകയെന്ന ലക്ഷ്യത്തോടെ രൂപതയുടെ ജൂബിലി സംരംഭമായി 2010 നവംബറിൽ ആരംഭിച്ചു. മത്സര പരീക്ഷാ പരിശീലനം, ഭാഷാ പഠനം എന്നിവയാണ് ആൽഫാ മരിയ അക്കാദമിയിലെ വിവിധ പ്രോഗ്രാമുകൾ.

### അൽഫോൻസ കോളജ്

മൂല്യാധിഷ്ഠിതവും ഉന്നത നിലവാരവുമുള്ള വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യത്തോടെ തിരുവമ്പാടിയിൽ 2014-ൽ ആരംഭിച്ചു. കാലിക്കറ്റ് സർവകലാശാല അഫിലിയേഷനോടെ പ്രവർത്തിക്കുന്നു. ആർട്സ് & കൊമേഴ്സ് വിഷയങ്ങളിൽ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ നടത്തുന്നു.

### അൽഫോൻസ സീനിയർ സെക്കണ്ടറി സ്കൂൾ

താമരശ്ശേരി രൂപതയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ 1992-ൽ ആരംഭിച്ചു. മലയോര കുടിയേറ്റ മേഖലയുടെ വിദ്യാപീഠമായി പരിലസിക്കുന്നു. അൽഫോൻസ എജ്യുക്കേഷൻ ട്രസ്റ്റിനു കീഴിൽ പ്രവർത്തിക്കുന്നു.

### അൽഫോൻസ സ്കൂൾ, ഊരകം

അൽഫോൻസ എജ്യുക്കേഷൻ & ചാരിറ്റബിൾ ട്രസ്റ്റിനു കീഴിൽ 2014-ൽ ആരംഭിച്ചു. നിലവിൽ ഖത്തറിലെ ഒലിവ് ഇന്റർ നാഷണൽ സ്കൂളുമായി സഹകരിച്ചാണ് പ്രവർത്തിക്കുന്നത്.

### ബഥാനിയ റിന്യൂവൽ സെന്റർ

താമരശ്ശേരി രൂപതയുടെ ആധ്യാത്മിക നവീകരണ കേന്ദ്രം. 1994-ൽ ആരംഭിച്ചു. ജൂലൈയിൽ നടക്കുന്ന 101 ദിവസത്തെ അഖണ്ഡ ജപമാലയിലും ദിവ്യകാരുണ്യ ആരാധനയിലും അനേകർ പങ്കെടുക്കുന്നു. ധ്യാനങ്ങൾ, കൺവെൻഷനുകൾ എന്നിവയും കൃത്യമായി നടക്കുന്നു.

### കരുണാ ഭവൻ

താമരശ്ശേരി രൂപത നടത്തുന്ന കരുണയുടെ കൂടാരം. രോഗികളും വൃദ്ധരും നിരാലംബരുമായവർക്ക് പരിചരണവും സ്നേഹവും സംരക്ഷണവും നൽകുന്നതിനായി 1994-ൽ ആരംഭിച്ചു.

### ഒയാസിസ് സീനിയർ കെയർ ഹോം

ഒറ്റയ്ക്കു കഴിയുന്ന മുതിർന്ന പൗരന്മാർക്കായി ആരംഭിച്ച പരിപാലന കേന്ദ്രം. 11 സിംഗിൾ വില്ലകളും അഞ്ച് 2BHK വില്ലകളും ഉൾപ്പെടുന്നതാണ് കെയർ ഹോം.

### പിഎംഒസി

താമരശ്ശേരി രൂപതയുടെ അജപാലന കേന്ദ്രം. കോഴിക്കോട് മേരിക്കുന്നിൽ സ്ഥിതി ചെയ്യുന്നു. 1988-ൽ ആരംഭിച്ചു.

### സ്റ്റാർട്ട്

ധിഷണാശാലികളായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി സമൂഹത്തിന്റെ ഉന്നത ശ്രേണിയിലെത്തിക്കുയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു. വിവിധ പരിശീലന പദ്ധതികളും ന്യൂജനറേഷൻ കോഴ്സുകളും സംഘടിപ്പിക്കുന്നു.

### വിയാനി പ്രീസ്റ്റ് ഹോം, ഈരൂട്

അജപാലന ശുശ്രൂഷയിൽ നിന്നു വിരമിച്ച രൂപതാ വൈദികർ വിശ്രമ ജീവിതം നയിക്കുന്ന വിശ്രമ മന്ദിരം. വന്ദ്യ വൈദികർക്ക് മെച്ചപ്പെട്ട ശുശ്രൂഷയും സംരക്ഷണവും നൽകുന്നു.

### ഏയ്ഡർ ഫൗണ്ടേഷൻ

താമരശ്ശേരി രൂപതയുടെ ഹെൽപ് ഡെസ്ക് സംരംഭം. സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾ, സ്കോളർഷിപ്പുകൾ, കേന്ദ്ര-സംസ്ഥാന ന്യൂനപക്ഷ വികസന ഏജൻസികളിൽ നിന്നുള്ള വായ്പകൾ, പി.എസ്.സി വിജ്ഞാപനങ്ങൾ, സ്വയം സഹായ സംഘങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, രൂപതയുടെ കീഴിലുള്ള സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ, രൂപതയുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നൽകുന്ന സേവനങ്ങൾ എന്നിവയെക്കുറിച്ച് രൂപതാംഗങ്ങളെ അറിയിക്കുകയാണ് പ്രധാന ലക്ഷ്യം. കൂടാതെ കൗൺസിലിങും വ്യക്തിഗത സഹായവും തേടുന്നവരെ സഹായിക്കുക, പ്രകൃതിദുരന്തങ്ങളിൽ നാശനഷ്ടം സംഭവിച്ചവർക്കും ഇരയായവർക്കും ഉടനടി സഹായം നൽകുക എന്നിവയും ലക്ഷ്യമിടുന്നു.

### ഐ.എഫ്.എ.ഇ

ഭക്ഷണം, കാർഷിക ധാർമികത എന്നീ വിഷയങ്ങളിൽ പഠന-ഗവേഷണങ്ങൾക്കായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ആന്റ് അഗ്രികൾച്ചറൽ എതിക്സ് (IFAE) എന്ന പേരിൽ താമരശ്ശേരിയിൽ ആരംഭിച്ച സ്ഥാപനം. ഇന്ത്യയിൽ തന്നെ ഇത്തരമൊരു സ്ഥാപനം ആദ്യമാണ്. ഭക്ഷ്യ, കൃഷി പദ്ധതികളിൽ ധാർമികതയിൽ ഊന്നിയ സമീപനത്തിനായി ഭരണകൂടങ്ങളോട് നിരന്തരം ആവശ്യപ്പെടുന്നു.

### ക്യാമ്പ്

വേനപ്പാറയിൽ പ്രവർത്തിക്കുന്ന കാലിക്കറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെന്റൽ ഹെൽത്ത് കെയർ ആന്റ് സൈക്കോതെറാപ്പിയിലൂടെ മാനസികാരോഗ്യ സേവനങ്ങൾ നൽകി വരുന്നു. ചികിത്സ, പുനരധിവാസം, ബോധവത്കരണം എന്നീ തലങ്ങളിലൂടെ രോഗിയുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തി സമൂഹജീവിതത്തിലേക്ക് പുനഃപ്രവേശിപ്പിക്കുകയാണ് മുഖ്യ ദൗത്യം.

## അപ്പോസ്തലേറ്റ്

### ബൈബിൾ അപ്പോസ്തലേറ്റ്

വിശ്വാസ സമൂഹത്തെ ബൈബിൾ വിജ്ഞാനത്തിൽ വളർത്തുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. സീറോ മലബാർ സഭാതലത്തിൽ നടത്തുന്ന ലോഗോസ് ക്വിസിൽ പരമാവധി വിശ്വാസികളെ പങ്കെടുപ്പിക്കാൻ പരിശ്രമിക്കുന്നു.

### മതബോധന കേന്ദ്രം

രൂപതയിലെ വിശ്വാസ പരിശീലനം സുസംഘടിതമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി പ്രവർത്തിക്കുന്നു. മാറുന്ന കാലത്തിന് അനുസരിച്ച് വിവിധ മാധ്യമങ്ങളിലൂടെ നൂതന രീതികൾ പിന്തുടർന്ന് വിശ്വാസ ദീപം പകർന്നു നൽകുവാൻ പരിശ്രമിക്കുന്നു.

### സി.ഒ.ഡി

സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. രൂപതയുടെ ആരംഭത്തിൽ കുടുംബ സഹായ പദ്ധതിയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രവർത്തനം ആരംഭിച്ചു. 1989-ൽ രജിസ്ട്രേഷനോടെ പ്രവർത്തിച്ചു വരുന്നു.

### കമ്മ്യൂണിക്കേഷൻ മീഡിയ

താമരശ്ശേരി രൂപതയിൽ നാം ഒരു കുടുംബം എന്ന ആപ്ത വാക്യം മുൻനിർത്തി 2007 മുതൽ പ്രവർത്തിച്ചു വരുന്നു. രൂപതയുടെ മുഖപത്രമായ മലബാർ വിഷൻ പുറത്തിറക്കുന്നു. ഔദ്യോഗിക യൂട്യൂബ് ചാനലിലൂടെ മാധ്യമ ജാഗ്രതയും ബോധവൽക്കരണവും നൽകുന്നു.

### കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി

1987-ൽ താമരശ്ശേരി രൂപതയുടെ കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി പ്രാബല്യത്തിൽ വന്നു. രൂപതയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു. നിലവിൽ 12 ഹയർ സെക്കൻഡറി സ്കൂളുകളും 20 ഹൈസ്ക്കൂളുകളും 22 യുപി സ്കൂളുകളും 20 എൽപി സ്കൂളുകളും കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിക്കു കീഴിൽ പ്രവർത്തിക്കുന്നു.

### ഫാമിലി അപ്പോസ്തോലേറ്റ്

കുടുംബശാക്തീകരണം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നു. എല്ലാ മാസവും വിവാഹ ഒരുക്ക കോഴ്സുകൾ സംഘടിപ്പിക്കുന്നു. വിദഗ്ധ ടീം നൽകുന്ന ക്ലാസുകൾ വിവാഹ ജീവിതത്തെക്കുറിച്ച് വ്യക്തമായ അവബോധത്തിലേക്ക് യുവതീ-യുവാക്കളെ നയിക്കുന്നു.

### ഇൻഫാം

കാർഷിക മേഖലയുടെ ശാക്തീകരണത്തിനായും കർഷകരുടെ അവകാശ സംരക്ഷണത്തിനായും നിലകൊള്ളുന്നു. കർഷകരെ ബാധിക്കുന്ന പ്രശ്നങ്ങളിൽ സമരമുഖത്ത് സജീവ സാന്നിധ്യമാണ്.

### ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

താമരശ്ശേരി രൂപതയുടെ മാനസികാരോഗ്യകേന്ദ്രം. കോഴിക്കോട് വെള്ളിമാടുകുന്നിൽ പ്രവർത്തിക്കുന്നു. കൗൺസിലിങ് കോഴ്സുകളും വിവിധ പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നു. മാനസിക സംഘർഷം അനുഭവിക്കുന്നവർക്ക് സൗജന്യ ടെലികൗൺസിലിങ് നൽകി വരുന്നു.

### കേരള ലേബർ മൂവ്മെന്റ്

രൂപതയിലെ സംഘടിത, അസംഘടിത തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമിട്ടു പ്രവർത്തിക്കുന്നു. ക്രിസ്തുദർശനങ്ങൾക്കും കത്തോലിക്കാ സഭാപ്രബോധനങ്ങൾക്കും വിധേയമായിട്ടുള്ള പ്രവർത്തനശൈലിയാണ് കെ.എൽ.എം. സ്വീകരിച്ചിരിക്കുന്നത്.

### കുടുംബക്കൂട്ടായ്മ

വിശ്വാസ ജീവിതത്തിൽ ആഴപ്പെടുത്തുക, ഇടവകാ പ്രവർത്തനങ്ങളെ സജീവമാക്കുക, പരസ്പര ബന്ധം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ 2008 മുതൽ താമരശ്ശേരി രൂപതയിൽ കുടുംബക്കൂട്ടായ്മകൾ ആരംഭിച്ചു. രൂപതയിലെ എല്ലാ ഇടവകകളിലും കുടുംബക്കൂട്ടായ്മകൾ സജീവമായി നടക്കുന്നു.

### ലീഡർഷിപ്പ് ഡെവലപ്പിങ് സൊസൈറ്റി

യുവശാക്തീകരണം ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന അംഗീകൃത ചാരിറ്റബിൾ ട്രസ്റ്റ്. സ്കിൽ ഡവലപ്മെന്റ് ട്രെയ്നിങ്, കോളജ് അഡ്മിഷനുകൾക്ക് മാർഗനിർദേശം നൽകുക, സ്കോളർഷിപ്പുകൾ ലഭ്യമാക്കുന്നതിന് സഹായം നൽകുക എന്നിവ പ്രധാന ലക്ഷ്യം.

### കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

സാധാരണക്കാരായ അത്മായരുടെ ജീവിതത്തിൽ ആത്മീയ ഉണർവ് നിറയ്ക്കാൻ കാരണമായി. രൂപതാതലത്തിൽ സോണുകളും ഫൊറോന തലത്തിൽ സബ്സോണുകളും ഇടവകകളിൽ പ്രാർത്ഥനാ ഗ്രൂപ്പുകളും പ്രവർത്തിക്കുന്നു.

### അൽഫോൻസാ പാലിയേറ്റീവ് & ജെറിയാട്രിക്

രോഗത്താലും പ്രായാധിക്യത്താലും വേദന അനുഭവിക്കുന്നവർക്ക് സാന്ത്വനം പകരുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചു. ഇടവകാതലത്തിൽ രോഗീ പരിചരണവും രൂപതാതലത്തിൽ പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നു.

### പ്രവാസി അപ്പോസ്തലേറ്റ്

വിദേശ രാജ്യങ്ങളിലും കേരളത്തിനു പുറത്തുമുള്ള താമരശ്ശേരി രൂപതാംഗങ്ങളെ ഒരുമിച്ചു കൂട്ടുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചു. പ്രവാസികളായവർക്ക് താമരശ്ശേരി രൂപതയുമായുള്ള ബന്ധം ഊഷ്മളമാക്കാനും അവരുടെ ആധ്യാത്മിക കാര്യങ്ങളിൽ ക്രമീകരിക്കുവാനും കൂട്ടായ്മകൾ രൂപീകരിക്കുവാനും ഇതിലൂടെ കഴിയും.

### സ്മാർട്ട്

അൾത്താരബാലികാ, ബാലന്മാരുടെ സംഘടന. അംഗങ്ങളുടെ സമഗ്ര വളർച്ച ലക്ഷ്യമിട്ടു പ്രവർത്തിക്കുന്നു. ഇംഗ്ലീഷ് പരിശീലനം, വ്യക്തിത്വ വികസന പ്രോഗ്രാമുകൾ, മേഖലാ സംഗമങ്ങൾ, ഓൺലൈൻ-ഓഫ്ലൈൻ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.

### എഫ്. എസ്. ടി

താമരശ്ശേരി രൂപതയിൽ സേവനം ചെയ്യുന്ന സന്യാസിനിമാരുടെ കൂട്ടായ്മയാണ് ഫെല്ലോഷിപ്പ് ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് താമരശ്ശേരി.

# പത്രോസിന്റെ പിൻഗാമി പൗലോസിന്റെ നാട്ടിൽ!



2025 നവംബർ 27 വ്യാഴാഴ്ച മുതൽ ഡിസംബർ 2 ചൊവ്വാഴ്ച വരെ നീളുന്ന തന്റെ പ്രഥമ അപ്പസ്തോലിക യാത്രയുടെ ഭാഗമായി, ലിയോ പതിനാലാമൻ മാർപാപ്പാ തുർക്കിയിലെത്തി. ആദ്യ രണ്ടു ദിവസങ്ങളിൽ പാപ്പാ, മുസ്തഫ കെമാൽ അതാത്യുർക്കിന്റെ ശവകുടീരം, പ്രസിഡന്റിന്റെ ഓഫീസ്, മതകാര്യങ്ങൾക്കായുള്ള കേന്ദ്രം, അപ്പസ്തോലിക നൂൺഷിയേച്ചർ, അപ്പസ്തോലിക പ്രതിനിധി മന്ദിരം, പരിശുദ്ധാത്മാവിന്റെ നാമധേയത്തിലുള്ള കത്തീഡ്രൽ തുടങ്ങി നിരവധിയിടങ്ങൾ സന്ദർശിച്ചു. തുർക്കി പ്രസിഡന്റ് റജബ് തയ്യിബ് എർദോഗൻ ലിയോ പതിനാലാമൻ മാർപാപ്പയ്ക്ക് പ്രസിഡൻഷ്യൽ കൊട്ടാരത്തിൽ ഉജ്വലമായ വരവേൽപ്പ് നൽകി. തന്റെ അപ്പസ്തോലിക യാത്രകളുടെ തുടക്കം തുർക്കിയിൽ നിന്നും ആരംഭിക്കുവാൻ കഴിഞ്ഞതിന്റെ സന്തോഷം മാർപാപ്പ പങ്കിട്ടു ക്രൈസ്തവർ തുർക്കിയുടെ സ്വത്വത്തിന്റെ ഭാഗമാണെന്നും രാജ്യത്തിന്റെ ഐക്യത്തിന് ക്രിസ്ത്യാനികൾക്കും സംഭാവനകൾ നൽകുവാൻ സാധിക്കുമെൻതിനു താൻ ഉറപ്പു നൽകുന്നതായും പാപ്പ പറഞ്ഞു.

തുടർന്ന് നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികം പ്രമാണിച്ചു വടക്കൻ തുർക്കിയിലെ ബർസ പ്രവിശ്യയിൽപ്പെട്ട ഇസ്നികിൽ (മുൻപ് നിഖ്യാ) എക്യുമെനിക്കൽ പ്രാർത്ഥനയിൽ മാർപാപ്പ പങ്കുചേർന്നു. ഇസ്നിക് തടാക തീരത്തെ അതിപുരാതനമായ വിശുദ്ധ നിയോഫൈറ്റോസ് ബസിലിക്കയുടെ അവശിഷ്ടങ്ങൾക്കു സമീപം സജ്ജമാക്കിയ വേദിയിലായിരുന്നു ചരിത്രപരമായ പ്രാർത്ഥന സംഘടിപ്പിച്ചത്. കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയാർക്കീസ് ബർത്തലോമിയോ ഒന്നാമൻ ഉൾപ്പെടെ വിവിധ ക്രിസ്ത്യൻ സഭകളിൽ നിന്നുള്ള ഇരുപതോളം നേതാക്കൾ മാർപാപ്പയ്ക്കൊപ്പം വിശ്വാസ പ്രഖ്യാപനം നടത്തി. വിഭാഗീയതയുടെ വിവാദത്തെ മറികടക്കാൻ നാമെല്ലാവരും വിളക്കപ്പെട്ടിരിക്കുകയാണെന്നും കർത്താവായ യേശു പ്രാർത്ഥിക്കുകയും ജീവൻ നൽകുകയും ചെയ്ത ഐക്യത്തിനായുള്ള ആഗ്രഹം വളർത്തിയെടുക്കാൻ ക്രൈസ്തവരെ ക്ഷണിക്കുകയാണെന്നും പാപ്പ പറഞ്ഞു.

# ഏഷ്യയിലെ സഭ അനുരഞ്ജനത്തിന്റെ പുതിയ പാത സ്വീകരിക്കണം: മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ



പെനാങ്, മലേഷ്യ: ഏഷ്യയിലെ സഭ അനുരഞ്ജനത്തിന്റെ പുതിയ പാത സ്വീകരിക്കണമെന്ന് സീറോമലബാർ സഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ആഹ്വാനം ചെയ്തു. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളും സുവിശേഷവത്കരണ കാര്യാലയവും ഏഷ്യയിലെ മെത്രാൻ സമിതികളുടെ ഫെഡറേഷനും (എഫ്എബിസി) സംയുക്തമായി 'ഗ്രേറ്റ് പിൽഗ്രിമേജ് ഓഫ് ഹോപ്പ്' എന്ന പേരിൽ സംഘടിപ്പിച്ച ഏഷ്യൻ ഭൂഖണ്ഡത്തിലെ സഭകളുടെ മിഷ്ണറി കോൺഗ്രസിൽ സംസാരിക്കുകയായിരുന്നു മേജർ ആർച്ചുബിഷപ്പ്. നവംബർ 27 നു ആരംഭിച്ച സമ്മേളനം സുവിശേഷവൽക്കരണത്തിനായുള്ള ഡിക്കാസ്റ്ററിയുടെ പ്രോ-പ്രിഫെക്റ്റ് കർദ്ദിനാൾ ലൂയിസ് താഗ്ലെ ഉദ്ഘാടനം ചെയ്തു.

ഓരോ വ്യക്തിയിലും, പ്രത്യേകിച്ച് പാവപ്പെട്ടവരിലും ദുർബലരിലും ക്രിസ്തുവിനെ ദർശിക്കാൻ കഴിയുന്നതാണ് ഏഷ്യയിലെ സഭയുടെ ദൗത്യത്തിന്റെ കാതൽ എന്നും, ഈ പ്രേഷിത ദൗത്യത്തിൽ ഏഷ്യയിലെ സഭ അനുഭവിക്കുന്ന ഒരുതരം 'അസ്വസ്ഥത' ബലഹീനതയല്ല, മറിച്ച് അത് ജീവന്റെയും തീക്ഷ്ണതയുടെയും ലക്ഷണമാണെന്നും അതിനാൽ ഇന്നത്തെ വെല്ലുവിളികളെ ധൈര്യത്തോടും സർഗാത്മകതയോടും കൂടി നേരിടാൻ തയ്യാറാകണമെന്നും മേജർ ആർച്ചുബിഷപ്പ് ഉദ്ബോധിപ്പിച്ചു. തൊഴിലിടങ്ങളിലും അയൽപക്കങ്ങളിലും പൊതുജീവിതത്തിലും സുവിശേഷം എത്തിക്കുന്നതിൽ അൽമായർക്കുള്ള നിർണ്ണായക പങ്ക് മേജർ ആർച്ച്ബിഷപ്പ് എടുത്തുപറഞ്ഞു. തങ്ങളുടെ ദൈനംദിന ജീവിതസാക്ഷ്യത്തിലൂടെയും മാമോദീസ വഴിയും അവർ മിഷനറിമാരായി മാറുന്നു. ഏഷ്യയുടെ ആഴമേറിയ ആധ്യാത്മിക പൈതൃകം ക്രിസ്തുവുമായുള്ള പുതിയൊരു കണ്ടുമുട്ടലിന് വളക്കൂറുള്ള മണ്ണാണ്. സംസ്കാരങ്ങൾ ഈ കണ്ടുമുട്ടലിനെ പുനരുകണ്ടെത്തുമ്പോൾ സുവിശേഷത്തിന് സമൃദ്ധമായ ഫലങ്ങൾ നൽകാൻ സാധിക്കും, മേജർ ആർച്ചുബിഷപ്പ് കൂട്ടിച്ചേർത്തു.

സീറോമലബാർ സഭയെ പ്രതിനിധീകരിച്ച് മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ, സി.ബി.സി.ഐ അധ്യക്ഷനും തൃശൂർ ആർച്ചുബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്ത്, മാർ ജോൺ നെല്ലിക്കുന്നേൽ, മാർ ജോസഫ് കൊല്ലംപറമ്പിൽ, മാർ ജോർജ് രാജേന്ദ്രൻ, ഫാ. ഫ്രാൻസീസ് എലവുത്തിങ്കൽ എന്നിവരടക്കം 14 പ്രതിനിധികളാണു പങ്കെടുക്കുന്നത്. 10 കർദ്ദിനാളുമാർ, നൂറിലധികം ബിഷപ്പുമാർ, നൂറ്റിഅൻപതിലധികം വൈദികർ, 75 സന്യാസിനികൾ, അഞ്ഞൂറിലധികം അത്മായർ എന്നിവരുൾപ്പെടെ ഏഷ്യൻ ഭൂഖണ്ഡത്തിലെ എല്ലാ കത്തോലിക്കാ സമൂഹങ്ങളിൽ നിന്നുമുള്ള ആയിരത്തോളം പ്രതിനിധികൾ മിഷ്ണറി കോൺഗ്രസിൽ പങ്കെടുക്കുന്നുണ്ട്.

# കർദിനാൾ സംഘത്തിന്റെ അസാധാരണസമ്മേളനം ജനുവരിയിൽ

കർദിനാൾസംഘത്തിന്റെ അസാധാരണ സമ്മേളനം 2026 ജനുവരി ഏഴ്, എട്ട് തീയതികളിൽ നടക്കും. സമ്മേളനത്തിന്റെ അജൻഡ എന്താണെന്നു വത്തിക്കാൻ വ്യക്തമാക്കിയിട്ടില്ല. കർദിനാൾ കോളേജിന്റെ ഡീൻ കൂടുതൽ വിശദാംശങ്ങളടങ്ങിയ കത്ത് സ്റ്റേറ്റ് സെക്രട്ടേറിയറ്റിന്റെ ഏകോപന ഓഫീസ് ഉടനെ കൈമാറും.

സഭയുടെ പ്രത്യേക ആവശ്യങ്ങൾ അല്ലെങ്കിൽ എല്ലാ കർദ്ദിനാളുമാർക്കുമിടയിൽ വിശാലമായ കൂടിയാലോചന ആവശ്യമുള്ള വളരെ പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മാർപാപ്പ വിളിച്ചുകൂട്ടുന്ന പ്രത്യേക സമ്മേളനങ്ങളാണ് അസാധാരണ കൺസിസ്റ്ററികൾ എന്നറിയപ്പെടുന്നത്. 2022 ഓഗസ്റ്റ് 29, 30 തീയതികളിലായിരുന്നു വത്തിക്കാനിൽ ഏറ്റവുമൊടുവിൽ അസാധാരണ കൺസിസ്റ്ററി നടന്നത്. റോമൻ കൂരിയയുടെ പരിഷ്കരണമായിരുന്നു ഫ്രാൻസിസ് മാർപാപ്പ വിളിച്ചുചേർത്ത സമ്മേളനത്തിന്റെ മുഖ്യ അജൻഡ. കർദിനാൾ ജോർജ് ആലഞ്ചേരി പിതാവ് ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

# ഇന്റർ ചർച്ച് കൗൺസിൽ നിഖ്യാ സൂനഹദോസിന്റെ വാർഷികം ആഘോഷിച്ചു



കൊച്ചി: നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികത്തോടനുബന്ധിച്ച് ഇന്റർ ചർച്ച് കൗൺസിൽ പാലാരിവട്ടം പി.ഒ.സി.യിൽ എക്യുമെനിക്കൽ സമ്മേളനം സംഘടിപ്പിച്ചു. കെസിബിസി പ്രസിഡന്റ് കെർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

സഭയിലും സമൂഹത്തിലും ഉണ്ടാകുന്ന പ്രശ്നങ്ങളിൽ പരിശുദ്ധാത്മാവിന്റെ ഇടപെടലിന്റെ ഉദാഹരണമാണ് നിഖ്യാ സുനഹദോസ് എന്ന് അദ്ദേഹം പറഞ്ഞു.

ഇന്റർ ചർച്ച് കൗൺസിൽ പ്രസിഡണ്ട് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് അധ്യക്ഷത വഹിച്ചു സീറോമലബാർസഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് മുഖ്യപ്രഭാഷണം നടത്തി. സത്യത്തിലും സ്നേഹത്തിലുമുള്ള കൂട്ടായ്മയായ സഭയുടെ ആത്മപ്രകാശനമാണെന്ന് നിഖ്യാ സുനഹദോസ് എന്ന് മേജർ ആർച്ചുബിഷപ് മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു.

സിബിസിഐ പ്രസിഡന്റ് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ഇന്റർ ചർച്ച് കൗൺസിൽ സെക്രട്ടറി മാർ ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലീത്ത, മെത്രാപ്പോലീത്തമാരായ സിറിൾ മാർ ബസേലിയോസ്, ജോസഫ് മാർ ബർണബാസ്, യാക്കൂബ് മാർ ഐറേനിയോസ്, മാത്യൂസ് മാർ അപ്രേം, ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നു മുത്തൻ, ബിഷപ് കുര്യൻ പീറ്റർ, ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ, ഡോ. പ്രകാശ് പി. തോമസ്, ഫാ. സിറിൽ തോമസ് തയ്യിൽ, ഫാ. തോമസ് തറയിൽ, ഫാ. ജോർജ് മഠത്തിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. വിവിധ സഭകളിൽ നിന്നായി നൂറുകണക്കിന് പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.